മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 13 THE ONLINE OFFICIAL NEWS BULLETIN 2026 March 26

SEASON OF THE GREAT LENT ✤ വലിയ നോമ്പുകാലം ✤ ܥܕܢܐ ܕܨܘܡܐ ܪܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
29 Ushané (Osana) Palm Sunday 7	Vade Dalmino 30 Hasha Monday	Passion Week 31 Hasha Tuesday	Bothe dhasho 1 Hasha Wednesday	(Thursday of the Mysteries) 2 ✤ Pesaho Hamsho drozo Maundy Thursday	erubto dazqifuto 3 Good Friday Great Friday	✤ sabto dnuhro 4 Reconciliation Service Gospel Saturday



സൂര്യനുള്ളിടത്തോളം കാലം കാതോലിക്കേറ്റിനെ വിസ്മരിക്കില്ല: പ. കാതോലിക്കാ ബാവാ

മലങ്കരസഭയുടെ ദേവാലയങ്ങളിൽ കാതോലിക്കാദിനം ആചരിച്ചു

കോട്ടയം / കൊല്ലം / ബുധനൂർ: മാർത്തോമ്മൻ പൈതൃകത്തിന്റെയും, സ്വയംശീർഷകത്വത്തിന്റെയും, സ്വത്വബോധത്തിന്റെയും വിശ്വാസദീപ്തിയിൽ മലങ്കരസഭയുടെ ദേവാലയങ്ങളിൽ കാതോലിക്കാദിനം ആചരിച്ചു. മലങ്കരസഭാ ദിനത്തോട് അനുബന്ധിച്ച് മുഴുവൻ ദേവാലയങ്ങളിലും രാവിലെ കാതോലിക്കേറ്റ് പതാക ഉയർത്തി. വിശുദ്ധ കുർബാനമേധ്യ സഭയ്ക്ക് വേണ്ടി പ്രത്യേക പ്രാർത്ഥന നടത്തുകയും വിശ്വാസികൾ കാതോലിക്കാദിന പ്രതിജ്ഞ ഏറ്റുചൊല്ലുകയും ചെയ്തു. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ കൊല്ലം സെന്റ് തോമസ് കത്തീഡ്രലിൽ വിശുദ്ധ കുർബാനയർപ്പിച്ചു.

കാതോലിക്കാദിനത്തോട് അനുബന്ധിച്ച് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം ചെങ്ങന്നൂർ ഭദ്രാസനം ബുധനൂർ സെന്റ് ഏലിയാസ് പള്ളിയിൽ സംഘടിപ്പിച്ച സമ്മേളനം പരിശുദ്ധ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. സൂര്യനുള്ളിടത്തോളം കാലം കാതോലിക്കേറ്റിനെയും സഭാഭരണഘടനയെയും മലങ്കരമക്കൾ വിസ്മരിക്കില്ലെന്ന് ബാവാ പറഞ്ഞു. മലങ്കരസഭയെ ദ്രോഹിച്ചവരെ സഭയ്ക്കറിയാം. സഭയ്ക്കെതിരെ പ്രവർത്തിക്കുന്നവരെ ഒളിഞ്ഞും തെളിഞ്ഞും ചിലർ സഹായിക്കുന്നുണ്ട്. പ്രതികൂലതകളെ സധൈര്യം നേരിടും. 1934-ലെ സഭാ ഭരണഘടനയാൽ ഭരിക്കപ്പെടേണ്ട പള്ളികൾ വിട്ടു നൽകില്ല. പൂർണ നീതി ലഭിക്കുന്നത് വരെ സഭ പോരാടുമെന്നും പ. കാതോലിക്കാ ബാവാ കൂട്ടിച്ചേർത്തു. ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് അധ്യക്ഷത വഹിച്ചു. യുവജനപ്രസ്ഥാനം പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ അനുഗ്രഹ പ്രഭാഷണം നടത്തി. സഭാംഗവും ചലച്ചിത്രതാരവുമായ അജു വർഗീസ് മുഖ്യാതിഥിയായി. മാർ അത്താനാസിയോസ് മെഡികെയർ പ്രോജക്ട് മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്തു. വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, ഫാ.പി.കെ കോശി, ഒ.സി.വൈ.എം കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. ജെയിൻ സി. മാത്യു, കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. വിജു ഏലിയാസ്, ട്രഷറാർ രഞ്ജു എം. ജോയ്, ഒ.സി.വൈ.എം. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. എൽവിൻ തോമസ്, ഇടവക വികാരി ഫാ. സ്റ്റീഫൻ വർഗീസ്, ഒ.സി.വൈ.എം. ഭദ്രാസന സെക്രട്ടറി അപ്രേം കുന്നിൽ, റോബിൻ ജോ വർഗീസ്, റീനു തോമസ് എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിന് മുന്നോടിയായി ബുധനൂർ ചക്കാലേത്ത് ജംഗ്ഷനിൽ നിന്നും വിളംബര ഘോഷയാത്ര നടന്നു.



കാതോലിക്കാ ദിനത്തിൽ കൊല്ലം സെന്റ് തോമസ് കത്തീഡ്രൽ ദേവാലയത്തിൽ പരിശുദ്ധ കാതോലിക്കാ ബാവാ സഭാ പതാക ഉയർത്തി.



Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

ചർച്ചകൾക്ക് തടസമില്ല; മലങ്കരസഭയെ വ്യവഹാരങ്ങളിലേക്ക് വലിച്ചിട്ടവർക്ക് തിരിച്ചറിവുണ്ടാകുന്നത് സ്വാഗതാർഹം

കോട്ടയം: മലങ്കരസഭയുടെ 1934-ലെ ഭരണഘടനയുടെ അന്തസത്ത കാത്ത് സൂക്ഷിക്കുന്നതാണ് ഹൈക്കോടതി ഉത്തരവ്. 34-ലെ ഭരണഘടനപ്രകാരം ഭരിക്കപ്പെടേണ്ട പള്ളികളുടെ സ്വാതന്ത്ര്യത്തെ വിധി ഹനിക്കുന്നില്ല. 2017-ലെ സുപ്രീംകോടതിയുടെ അന്തിമവിധി അടിസ്ഥാനശിലയായി തുടരും. രാജ്യത്തെ പരമോന്നത കോടതിയുടെ വിധിയെ മാനിക്കാൻ ഭരണസംവിധാനങ്ങൾ തയാറാകാതെ വന്നപ്പോഴാണ് കർശനമായി നിയമം നടപ്പാക്കാൻ സിംഗിൾ ബെഞ്ച് ഉത്തരവിട്ടത്. 1934-ലെ ഭരണഘടനാ പ്രകാരമുള്ള പള്ളികൾ ഏറ്റെടുത്ത് ഭരണം നടത്താൻ ജില്ലാഭരണകൂടങ്ങൾക്ക് അധികാരമില്ലെന്ന ഡിവിഷൻ ബെഞ്ചിന്റെ നിരീക്ഷണത്തിലൂടെ യഥാർത്ഥ അവകാശിയെ കോടതി തിരിച്ചറിയുന്നുണ്ട്. ക്രമസമാധാന പ്രശ്നങ്ങളുണ്ടായാൽ പോലീസ് സംരക്ഷണം നൽകുന്നതിനും തടസമില്ല. അതായത് മലങ്കരസഭയുടെ പള്ളികളുടെ യഥാർത്ഥ അവകാശികൾ സഭയുടെ ഭരണഘടനയെ അംഗീകരിക്കുന്നവർ മാത്രമായിരിക്കും. അത് നടപ്പാക്കാൻ കോടതികൾക്ക് ഇടപെടുന്നതിനുള്ള സ്വാതന്ത്ര്യം വിധി നൽകുന്നുണ്ട്.

പാത്രിയർക്കീസ് പക്ഷത്തുള്ള കെ. എസ്. വർഗീസ് സമർപ്പിച്ച ഹർജിയിലാണ് 2017 ജൂലൈ 3ന് സുപ്രീംകോടതി അന്തിമതീർപ്പ് കൽപ്പിച്ചത്. നിയമപോരാട്ടങ്ങളുടെ ഉത്തരവാദി ആരാണെന്നത് ഇതിലൂടെ വ്യക്തമാണ്. 1958-ൽ മലങ്കരസഭയ്ക്ക് അനുകൂലമായ ഉത്തരവിൽ എതിർകക്ഷിയിൽ നിന്ന് കോടതി ച്ചെലവ് ഉൾപ്പെടെ നൽകാനായിരുന്നു വിധി. "ഒരു രൂപാ പോലും വേണ്ട, സമാധാനത്തോടെ ഒരുമിക്കാം" എന്നാണ് അന്നത്തെ കാതോലിക്കാ പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ പറഞ്ഞത്. 1958ലും, 1995ലും, 2002ലും അവസാനം 2017-ലെ അന്തിമ വിധിയിലും കോടതി അരക്കിട്ടുറപ്പിച്ച മലങ്കരസഭയുടെ ഭരണസംവിധാനമായ 1934-ലെ ഭരണഘടന അനുസരിച്ച് സഭയിൽ സമാധാനമുണ്ടാകണമെന്ന കോടതി താൽപ്പര്യം ഉൾക്കൊള്ളാൻ ഇന്നത്തെ സമാധാന പ്രിയർക്ക് കഴിഞ്ഞില്ല എന്നത് ചരിത്രസത്യമാണ്. എങ്കിലും മലങ്കരസഭയെ വ്യവഹാരങ്ങളിലേക്ക് വലിച്ചിട്ടവർ ഇന്ന് സമാധാനത്തിനായി ദാഹിക്കുന്നത് ആത്മാർത്ഥതയോടെയാണെങ്കിൽ സ്വാഗതം ചെയ്യുന്നു.

വിശുദ്ധ നോമ്പുകാലത്ത് സഹോദര്യത്തിന്റെ വഴിയിലൂടെ യാത്രചെയ്യാൻ സാധിക്കുമെങ്കിൽ അതിനെ ദൈവഹിതമായി കാണാം. സഭ എക്കാലത്തും സമാധാനമാണ് ആഗ്രഹിച്ചിട്ടുള്ളത്. അതേസമയം സമാധാനത്തിന് ആഹ്വാനം ചെയ്യുന്നവർ 302 പേജുള്ള കോടതി വിധി പൂർണമായി വായിക്കാതെ പള്ളികൾക്ക് മുന്നിൽ കരിമരുന്ന് പ്രയോഗം നടത്തി ആഹ്ലാദിക്കുന്നത് ഭാരതത്തിന്റെ നീതിന്യായ വ്യവസ്ഥിതിയോടുള്ള അവഹേളനമാണെന്നും ഓർമ്മിപ്പിക്കട്ടെ. ആഘോഷങ്ങളുടെ പുകമറയിൽ ഇല്ലാതാകുന്നതല്ല കോടതി വിധികൾ എന്ന സത്യം ഈ നോമ്പുകാലത്ത് വെളിച്ചമാകട്ടെ.

സഭാ തർക്കം: 6 പള്ളികൾ ഏറ്റെടുക്കണമെന്ന ഉത്തരവ് ഡിവിഷൻ ബെഞ്ച് റദ്ദാക്കി വിധി സർക്കാരും യാക്കോബായ സഭയും നൽകിയ അപ്പീലിൽ പള്ളികൾക്ക് മലങ്കരസഭയുടെ 1934-ലെ ഭരണഘടന ബാധകമാകും

കൊച്ചി ഓർത്തഡോക്സ്-യാക്കോബായ സഭാതർക്കം നിലനിൽക്കുന്ന എറണാകുളം, പാലക്കാട് ജില്ലകളിലെ 6 പള്ളികൾ ബന്ധപ്പെട്ട കലക്ടർമാർ ഏറ്റെടുക്കാൻ നിർദേശിച്ച സിംഗിൾ ബെഞ്ചിന്റെ 2024 ഓഗസ്റ്റ് 30ലെ ഇടക്കാല ഉത്തരവ് ഡിവിഷൻ ബെഞ്ച് റദ്ദാക്കി.

എറണാകുളം ജില്ലയിലെ പുളിന്താനം സെന്റ് ജോൺസ് പള്ളി, ഓടക്കാലി സെന്റ് മേരീസ് പള്ളി, മഴുവന്നൂർ സെന്റ് തോമസ് പള്ളി, പാലക്കാട് ജില്ലയിലെ മംഗലംഡാം സെന്റ് മേരീസ് പള്ളി, എരിക്കിൻച്ചിറ സെന്റ് മേരീസ് പള്ളി,



മലങ്കര ഓർത്തഡോക്സ് സഭ പരിശുദ്ധ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലിത്തായും ഓർത്തഡോക്സ് സെമിനാരി പ്രൊഫസർ ഫാ. ഡോ. ജേക്കബ് മാത്യവും ചേർന്ന് രചിച്ച "സഹനം: ഹാശാ ആഴ്ച ധ്യാന ചിന്തകൾ" എന്ന ഗ്രന്ഥം മാർത്തോമ്മാ സഭ വികാരി ജനറാൾ റവ. മാത്യു ജോൺ പ്രകാശനം ചെയ്തു.

ബഥനി അരമനയിൽ നടന്ന സമ്മേളനത്തിൽ ഭദ്രാസന സെക്രട്ടറി ഫാ. അലക്സാണ്ടർ എബ്രഹാം അദ്ധ്യക്ഷത വഹിച്ചു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലിത്ത, ഓർത്തസോക്സ് സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഫാ. ഡോ ജേക്കബ് മാത്യു, സി എസ് എസ് സെക്രട്ടറി റവ. സാം റ്റി. കോശി, ഫാ. ഡോ. ജിജോ ജോസഫ് എബ്രഹാം, വിജോയ് റ്റി ഉമ്മൻ എന്നിവർ പ്രസംഗിച്ചു.

ചെറുകുന്നം സെന്റ് തോമസ് പള്ളി എന്നീ പള്ളികളുമായി ബന്ധപ്പെട്ട കോടതിയലക്ഷ്യ ഹർജികളിലാണ് സിംഗിൾ ബെഞ്ചിന്റെ ഉത്തരവ്. ഈ പള്ളികൾ ഏറ്റെടുക്കാനും റിപ്പോർട്ട് നൽകാനുമായിരുന്നു പാലക്കാട്, എറണാകുളം കലക്ടർമാർക്കു സിംഗിൾ ബെഞ്ച് നിർദേശം നൽകിയത്.

മതപരമായ ചടങ്ങുകൾക്കോ സംസ്കാരത്തിനോ സഭാവിശ്വാസിയായ ഇടവകാംഗത്തിനുള്ള അവകാശം ആർക്കും നിഷേധി ക്കാനാവില്ലെന്നു ജസ്റ്റിസ് അനിൽ കെ. നരേന്ദ്രൻ, ജസ്റ്റിസ് എസ്. മുരളീകൃഷ്ണ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് ചൂണ്ടിക്കാട്ടി.

മതസംബന്ധമായ തർക്കങ്ങ ളിൽ പള്ളി ഏറ്റെടുക്കാൻ സി വിൽ ഭരണകൂടത്തോട് ഹൈക്കോടതിക്ക് പറയാനാവില്ല. എന്നാൽ, ഉചിതമായ കേസുകളിൽ, കോടതിവിധികൾ ലംഘി ക്കുന്നതു ക്രമസമാധന പ്രശ്നത്തിനിടയാക്കുമ്പോൾ പൊലീസ് സംരക്ഷണത്തിനായി ഹൈക്കോടതിക്ക് ഉത്തരവിടാനാകും. പൊലീസ് സംരക്ഷണ ഹർജി ഉടമസ്ഥത സംബന്ധിച്ച സിവിൽ തർക്കത്തിനു പകരമല്ലെന്നും വിലയിരുത്തി. ഈ വിധിയുടെ അടി സ്ഥാനത്തിൽ സിംഗിൾ ബെഞ്ചിന് മുന്നോട്ടുപോകാമെന്നും ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

കോലഞ്ചേരി സെന്റ് പീറ്റർ ആൻഡ് സെന്റ് പോൾസ്, വരിക്കോലി സെന്റ് മേരീസ്, മണ്ണത്തൂർ സെന്റ് ജോർജ് എന്നീ പള്ളികളിലെ ഇടവകാംഗങ്ങൾക്കു മാത്രമാണു കെ. എസ്. വർഗീസ് കേസിലെ വിധി ബാധകമെന്നു ഹൈക്കോടതി വ്യക്തമാക്കി. പള്ളികൾക്ക് മലങ്കര സഭയുടെ 1934-ലെ ഭരണഘടന ബാധകമാകും.

2020-ലെ കേരള ക്രിസ്ത്യൻ (മലങ്കര ഓർത്തഡോക്സ് - യാക്കോബായ) സെമിത്തേരി, മൃതസംസ്കാര അവകാശ നിയമപ്രകാരമുള്ള ബാധ്യത എന്താണെന്നുള്ള കാര്യവും പരിഗണിക്കാൻ സുപ്രീം കോടതി ഡിവിഷൻ ബെഞ്ചിനോടു നിർദേശിച്ചിരുന്നു. നിയമത്തിന്റെ സാധുത സംബന്ധിച്ച് കേസ് സിംഗിൾ ബെഞ്ചിന്റെ പരിഗണനയിലായതിനാൽ ആ വിഷയത്തിലേക്കു കടക്കുന്നില്ലെന്നു കോടതി പറഞ്ഞു.

വിശുദ്ധ മൂറോൻ കൂദാശയുടെ പ്രാധാന്യം

പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

ആദിമസഭയിൽ ക്രിസ്ത്യാനികൾ എന്ന പേര് ആദ്യമായി ഉണ്ടായത് അന്ത്യോക്യായിൽ വച്ചാണല്ലോ. ക്രിസമുള്ളവർ അതായത് അഭിഷേകം പ്രാപിച്ചിട്ടുള്ളവർ ആകയാലാണു ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ടിരിക്കുന്നത് എന്ന് ക്രി. 150-ൽ ജീവിച്ചിരുന്ന അന്ത്യോക്യായുടെ മാർ തേയോപ്പീലോസ് പാത്രിയർക്കീസ് പ്രസ്താവിച്ചിട്ടുണ്ട്. ക്രിസം, മൂറോൻ എന്ന വാക്കിന്റെ മറ്റൊരു രൂപമാണ്. ഏറ്റം പ്രശസ്തന്മാരായ പ്രോട്ടസ്റ്റന്റു പണ്ഡിതന്മാർ പറയുന്നത് കർത്താവിന്റെ കാലംമുതൽ 16-ാം നൂറ്റാണ്ടുവരെ മൂറോനഭിഷേകം സഭയിൽ സാർവ്വത്രികമായി നിലവിലിരുന്നു എന്നാണ്.

പാശ്ചാത്യസഭകൾക്കും മൂറോൻ ഉണ്ട്. മാമോദീസ്സായ്ക്കു മൂറോൻ വേണമെന്നാണു പാശ്ചാത്യ വേദശാസ്ത്രപണ്ഡിതന്മാരുടെ അഭിപ്രായം. പാശ്ചാത്യ സഭയിൽ മാമോദീസ്സാ മുങ്ങുന്ന ആളിന്റെ (ശിശുവിന്റെ) തലയിലും സ്ഥിരീകരണ (Confirmation-ൽ) ത്തിൽ നെറ്റിയിലും പുരോഹിത പട്ടമേൽക്കുമ്പോൾ കൈയിലും, മെത്രാൻപട്ടമേൽക്കുമ്പോൾ തലയിലും കൈയിലും വി. തൈലം പൂശുന്നു.

ആദിമസഭയിലെ പിതാക്കന്മാർ മൂറോനെപ്പറ്റി പറയുന്നുണ്ട്. 'ഞങ്ങളെ നിങ്ങളോടുകൂടെ ക്രിസ്തുവിൽ ഉറപ്പിക്കുന്നതും നമ്മെ അഭിഷേകം ചെയ്തതും ദൈവമല്ലോ. അവൻ നമ്മെ മുദ്രയിട്ടും ആത്മാവ് എന്ന അച്ചാരം നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരിക്കുന്നു' എന്നു വി. പൗലൂസ് പറയുന്നു (2 കൊരി. 1:21, 22). 'നിങ്ങളോ പരിശുദ്ധാത്മാവിനാൽ അഭിഷേകം പ്രാപിച്ചു, അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു' എന്നു വി. യോഹന്നാൻ ശ്ലീഹായും (1 യോഹ. 2:20, 27) പറയുന്നു. വി. മൂറോൻ, അപ്പോസ്തോല കാലം മുതലേ ഉണ്ടായിരുന്ന കൂദാശയാണ്. നമ്മുടെ കർത്താവു തന്നെ ഇത് ആരംഭിച്ചു എന്നാണു പാരമ്പര്യം.

പാശ്ചാത്യസഭയിൽ എല്ലാ മേല്പട്ടക്കാർക്കും മൂറോൻകൂദാശ ചെയ്വാൻ അധികാരമുണ്ട്. എന്നാൽ പൗരസ്ത്യ സഭകളിലാകട്ടെ ഏറ്റം പ്രധാന മേലദ്ധ്യക്ഷനാണ് ഈ കൂദാശ നിർവ്വഹിക്കുന്നത്. അതു മറ്റു മേല്പട്ടക്കാരുടെയും, സഭയിലെ മറ്റു വിവിധ സ്ഥാനികളുടെയും സഹകരണത്തോടുകൂടി ആയിരിക്കും. ഇതു സഭയുടെ ഐക്യതയുടെ ഒരു ദൃശ്യമായിട്ടും കൂടിയാണ്. പാശ്ചാത്യസഭയും ഒലിവെണ്ണയും ബൽസാമും മറ്റു സുഗന്ധദ്രവ്യങ്ങളും ചേർത്താണു മൂറോൻ തൈലം ഉണ്ടാക്കുന്നത്. അവർ ബൽസാമും ഒലിവെണ്ണയും രണ്ടു വെള്ളിപ്പാത്രങ്ങളിൽവച്ചു പള്ളിയിൽ കൊണ്ടുവരുന്നു. രണ്ടും കൂട്ടി യോജിപ്പിച്ച് ഒരു വെള്ളിഭരണിയിലായിരിക്കും സൂക്ഷിക്കുന്നത്. മെത്രാൻ കൂദാശ ചെയ്ത വി. തൈലം പട്ടക്കാർ വെള്ളിക്കുപ്പികളിൽ വാങ്ങി കൊണ്ടുപോയി ഉപയോഗിക്കുന്നു. മൂറോൻ പുരാതനസഭകൾക്കെല്ലാം ഉണ്ടെന്ന് ഇതിൽ നിന്നു വ്യക്തമാണല്ലോ. പുരാതനവും പരിശുദ്ധവുമായ ഈ കൂദാശ നമ്മുടെ സഭയിൽ ഇന്നേയോളം നിലനിൽക്കുന്നു.

ഈ അക്ഷയതൈലം സന്തോഷതൈലമാണ്. ദൈവം തമ്പുരാനു തന്റെ സഭയോടുള്ള സന്തോഷത്തിന്റെ ദൃശ്യമാണു വി. മൂറോൻ. നമ്മുടെ ആരാധനകളെല്ലാംതന്നെ സന്തോഷത്തിന്റേതാണ്. ദൈവസന്നിധി എപ്പോഴും സന്തോഷകരമാണല്ലോ. എണ്ണ ആരോഗ്യത്തെ ദ്യോതിപ്പിക്കുന്നു. ദൈവസന്നിധിയിൽ ആരാധനയ്ക്കായി അടുത്തുവരുന്നവനു താൻ കൊഴുപ്പും നിശ്ചലതയും നൽകുന്നു. നാം മെലിഞ്ഞുവരണ്ടു ദൈവസന്നിധിയിലേക്കു പ്രവേശിക്കുന്നു, എന്നാൽ താൻ നമ്മെ കൊഴുപ്പും വെടിപ്പുമുള്ളവരാക്കി തിരിച്ചയക്കുന്നു. അതാണു വി. മൂറോനഭിഷേകം മൂലം സാധിക്കുന്നത്. ദൈവകൃപയുടെ ഫലമായ സ്നിഗ്ദ്ധതയും ശോഭയും മൂറോൻ മൂലം ലഭിക്കുന്നു.

നാമെല്ലാവരും വി. മൂറോൻ അഭിഷേകം പ്രാപിച്ചവരാണ്. ഇതു നിമിത്തമാണു നാം രാജകീയ പുരോഹിത വർഗ്ഗമായിത്തീരുന്നത്. രാജകീയ പുരോഹിതവർഗ്ഗത്തിനു മാത്രമേ നമ്മുടെ കർത്താവിന്റെ തിരുശരീരരക്തങ്ങൾ ഭക്ഷിച്ചു കുടിക്കാൻ അർഹതയുള്ളു. ആകയാൽ വി. മൂറോൻ വി.കുർബാനയിൽ സംബന്ധിക്കുന്നതിനും അനുഭവിക്കുന്നതിനും യോഗ്യത നൽകുന്നു. വി.



പ. ബസേലിയോസ് മാത്യൂസ് I കാതോലിക്കാ
1977 ഏപ്രിൽ 1, കോട്ടയം പഴയ സെമിനാരിയിൽ വച്ച് വി. മൂറോൻ കൂദാശ നടത്തി

കുർബാന അർപ്പിക്കുന്നതിനുള്ള പ്രത്യേക വരമാണ് ആചാര്യന്മാർക്കും പ്രധാനാചാര്യന്മാർക്കുമുള്ളത്. അവർ ദൈവതുല്യരായി നമ്മുടെ ഇടയിൽ വസിക്കുവാൻവേണ്ടിയാണ് ഈ കൃപ അവർക്ക് നൽകപ്പെട്ടിരിക്കുന്നത്. അവർ ദൈവമുമ്പാകെയും മനുഷ്യമുമ്പാകെയും ദൈവത്തിന്റെ ദൃശ്യപ്രതിമകളായി വസിക്കുവാനുള്ളവരാണ്. അതിനനുസരിച്ച് ചുമതലകളും അവർക്കുണ്ട്.

സഭയ്ക്ക് എതിരെ പിശാച് അതിന്റെ അസൂയയുടെ അമ്പുകളെ നിരന്തരം എയ്തുകൊണ്ടാണിരിക്കുന്നത്. സഭാമക്കളെ തെറ്റിക്കുവാൻ പിശാച് എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ പൈശാചികശക്തിക്കെതിരായി നിരന്തരം സമരം ചെയ്യുവാൻ നാം ബാദ്ധ്യസ്ഥരാണ്. മൂന്നു വിധത്തിലുള്ള പൈശാചികശക്തികളാണ് ആധുനികകാലത്ത് സഭയ്ക്കെതിരായി ഉയർന്നുവരുന്നത്.

1. കലഹത്തിന്റെ ആത്മാവ്

തെരഞ്ഞെടുക്കപ്പെട്ടവരെപ്പോലും വീഴിച്ചു കലഹകാരികളാക്കാൻ പിശാചു പ്രവർത്തിക്കുന്നുണ്ട്. എന്നാൽ വി. മൂറോൻ ഐക്യത, സ്നേഹം, സമാധാനം ഇവ വിളിച്ചറിയിക്കുന്നു. വി. മൂറോൻ സഭാംഗങ്ങളെ സ്നേഹത്തിന്റെ ആത്മാവിൽ ഒരുമിച്ചുകൂട്ടുകയും സമാധാനത്തിൽ സുദൃഢമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു.

2. ദ്രവ്യാഗ്രഹം

ദ്രവ്യാഗ്രഹം സഭയെ നശിപ്പിക്കുന്നതാണ്. ദ്രവ്യത്തിന്റെ മേലോ ധനത്തിന്റെ മേലോ അല്ല സഭ പടുത്തുയർത്തിയിട്ടുള്ളത്. പിന്നെയോ ക്രിസ്തു തന്റെ രക്തം മൂലം സമ്പാദിച്ചിട്ടുള്ളതാണ്. തന്റെ, വിശ്വോത്തരമായ പരിത്യാഗത്തിലാണ് അതു സ്ഥാപിതമായിട്ടുള്ളത്. മൂറോൻ ദ്രവ്യാഗ്രഹത്തിന്റേതല്ല (ക്ഷുദ്രക്കാരനായ ശിമോൻ ഇതു വിലയ്ക്കു വാങ്ങുവാൻ ആഗ്രഹിച്ചതു ശിക്ഷാർഹമായി വി. പത്രോസ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അപ്പോ. 8:20). മൂറോൻ നമ്മെ ബലിയായി കർതൃസന്നിധിയിൽ സമർപ്പിക്കുന്നതിനുവേണ്ടിയുള്ളതാണ്.

3. സ്ഥാനമോഹം

പല കലഹങ്ങൾക്കും കാരണം സ്ഥാനമോഹമാണ്. സ്ഥാനമോഹത്തിനുവേണ്ടി മനുഷ്യൻ ഏത് അധർമ്മത്തിനും മുതിരും. മൂറോൻ താഴ്മയുടെ ആത്മാവാണ്. അതിനാൽ തമ്മിൽ തമ്മിൽ താഴുവാനുള്ള മനസ്സാണു നമുക്കു വേണ്ടത്.

ആധുനികസഭയെ അലട്ടുന്ന ഈ മൂന്നു ശത്രുതകൾക്കെതിരായി ദൈവാത്മബലത്തോടെ സമരം ചെയ്യുവാൻ നമുക്കു സാധിക്കണം. ഇന്നു നിർവ്വഹിക്കപ്പെട്ട ദൈവികമായ ഈ കൂദാശ അതിനു പ്രചോദനം നൽകട്ടെ.

****

കിഴക്കൻ സഭകൾ പ്രത്യേക പ്രാധാന്യം കൊടുക്കുന്ന ഒരു കർമ്മമാണു മൂറോൻ കൂദാശ. പടിഞ്ഞാറൻ സഭകളിൽ മൂറോൻ തൈലം ഉണ്ടെങ്കിലും അതിന്റെ കൂദാശയ്ക്ക് അവർ അത്ര വലിയ പൊതുപ്രാധാന്യം കൊടുക്കുന്നില്ല. കിഴക്കൻ സഭകളിലാകട്ടെ ഒരു സഭയുടെ ഐക്യത്തിന്റെയും പൂർണതയുടെയും പ്രതീകമായി ഇതിനെ പരിഗണിക്കുന്നു. പടിഞ്ഞാറൻ സഭകളിലും കിഴക്കൻ സഭകളിലും പുരാതനകാലം മുതലേ മൂന്നു തരത്തിലുള്ള സുഗന്ധ തൈലങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഒന്നാമത്തേതു മാമോദീസായ്ക്കുള്ള സ്ഥാനാർത്ഥികളെ അഭിഷേകം ചെയ്യുന്നതിനുപയോഗിക്കുന്നതാണ്. രണ്ടാമത്തേതു രോഗികൾ സൗഖ്യം പ്രാപിക്കുവാൻവേണ്ടി അവരുടെമേൽ അഭിഷേകം ചെയ്യുന്നതാണ്. മൂന്നാമത്തേതാണു മൂറോൻ അല്ലെങ്കിൽ പടിഞ്ഞാറൻ ഭാഷകളിൽ chrism എന്നു പറയുന്ന അനർഘതൈലം.

ഈ വിശുദ്ധ മൂറോന്റെ കൂദാശയാണു നാളെ കോട്ടയത്തു പഴയസെമിനാരിയിൽ നടക്കുന്നത്. സഭ മുഴുവനും കൂടി പങ്കെടുക്കുന്ന ഒരു ദിവ്യ കർമ്മമാണിത്. സഭയിലെ മെത്രാപ്പോലീത്തന്മാരെക്കൂടാതെ പന്ത്രണ്ടു കശീശന്മാർ, പന്ത്രണ്ടു പൂർണ്ണശെമ്മാശന്മാർ, പന്ത്രണ്ട് അവുപ്പദിയക്കിനന്മാർ, അർക്കദിയാക്കോൻ എന്നിങ്ങനെ പൗരോഹിത്യഗണത്തിലെ എല്ലാ ക്രമങ്ങളിലുംപെട്ടവർ ഈ ശുശ്രൂഷയിൽ പങ്കെടുക്കും.

രണ്ടാം കൊരിന്ത്യ ലേഖനത്തിന്റെ 2:15-ൽ പറയുന്ന ക്രിസ്തുവിന്റെ സൗരഭ്യമാണ് ഈ തൈലത്തിന്റെ നിദാനമെങ്കിലും അതിന്റെ പാരമ്പര്യത്തിന്റെ ആരംഭം പഴയനിയമകാലത്തു മഹാപുരോഹിതനായ അഹറോനെ പൂശുവാൻവേണ്ടി ഉണ്ടാക്കുന്നതിനു യഹോവ കല്പിച്ച പരിമളതൈലമാണ്. പഴയനിയമകാലത്തു മഹാപുരോഹിതന്മാരെ മാത്രമല്ല സാധാരണ പുരോഹിതന്മാരെയും രാജാക്കന്മാരെയും പ്രവാചകന്മാരെയും ദേവാലയത്തിലെ ഉപകരണങ്ങളെപ്പോലും അഭിഷേകം ചെയ്യുവാൻ ഈ തൈലം ഉപയോഗിക്കുമായിരുന്നു.

ആദിമകാലങ്ങളിൽ അതതു ബിഷപ്പുമാർ പ്രത്യേകം പ്രത്യേകം അവർക്കാവശ്യമുള്ള മൂറോൻ ശുദ്ധീകരിക്കുകയായിരുന്നു പതിവ്. എന്നാൽ നാലാം ശതാബ്ദം മുതൽ ഓരോ സഭയിലെയും പുരോഹിതവൃന്ദങ്ങൾ ഒരുമിച്ചുവന്ന് ഇതിന്റെ ശുദ്ധീകരണം നിർവഹിച്ചു വന്നു.

ഈ തൈലത്തിന്റെ തയ്യാറാക്കൽ ഏതാനും ദിവസങ്ങൾക്കു മുമ്പു പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ മറ്റു മെത്രാപ്പോലീത്താമാരുടെ സാന്നിധ്യത്തിൽ കോട്ടയത്തു ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ആരംഭിച്ചു.

നൂറു കുപ്പി ഒലിവെണ്ണയാണ് ഈ തൈലത്തിന്റെ അടിസ്ഥാനം. സ്റ്റെറാക്ക്സ് എന്ന സൗരഭ്യവസ്തു ഇരുപത്തിരണ്ടര റാത്തലും ബൽസാം എന്ന സൗരഭ്യവസ്തു 75 റാത്തലും അതോടൊരുമിച്ചു ജഡാമാഞ്ചി ഇരുപത്തിരണ്ടര റാത്തൽ, കറുവാപ്പട്ട പതിനെട്ടേമുക്കാൽ റാത്തൽ, ഗ്രാമ്പൂ ഏഴര റാത്തൽ, കുങ്കുമം ഏഴര റാത്തൽ, ചുക്ക് ഏഴര റാത്തൽ, കുരുമുളക് ഏഴര റാത്തൽ എന്നിവയും ചേർത്തു മൂന്നു മണിക്കൂർ തിളയ്ക്കുന്ന വെള്ളത്തിനകത്തിട്ടാണു വിശുദ്ധ മൂറോൻ പാകം ചെയ്യുന്നത്.

വെള്ളിയാഴ്ച രാവിലെ ഏഴുമണിക്കു അംശവസ്ത്രം ധരിച്ചു മേല്പട്ടക്കാരും പട്ടക്കാരും ശെമ്മാശന്മാരും പഴയസെമിനാരി ചാപ്പലിൽ പ്രവേശിക്കുന്നതും തുടർന്ന് വിശുദ്ധ മൂറോൻകൂദാശ ആരംഭിക്കുന്നതുമാണ്.

വിശുദ്ധ മൂറോൻ കൂദാശയ്ക്കു ശേഷം വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നതാണ്. ഈ കൂദാശയുടെ പ്രാധാന്യം മനസ്സിലാക്കി സഭാംഗങ്ങളെല്ലാവരും ഭയഭക്തി ബഹുമാനപുരസ്സരം ഈ ശുശ്രൂഷയിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

(ആദ്യ ഭാഗം 1967 ഡിസംബർ 21-ാം തീയതി മൂറോൻ കൂദാശയോടനുബന്ധിച്ച് ചെയ്ത പ്രസംഗം. സമ്പാദകൻ: ഫാ. റ്റി. വി. ജോർജ് നെടുമാവ്. രണ്ടാം ഭാഗം 31-3-1977-ൽ മലയാള മനോരമ പ്രസിദ്ധീകരിച്ചത്.)

മൂറോൻ കൂദാശ: ഒരു നാഴികക്കല്ല്

ഫാ. ടി. ജെ. ജോഷ്വ



മലങ്കര ഓർത്തഡോക്സ് സഭയിൽ പരിശുദ്ധ മൂറോൻ വീണ്ടും കൂദാശ ചെയ്യപ്പെടുകയാണ്. മുമ്പു പല പ്രാവശ്യം പഴയസെമിനാരി ചാപ്പലിൽ വച്ചാണു നടത്തിയിട്ടുള്ളതെങ്കിൽ ഇക്കുറി പൗരസ്ത്യ കാതോലിക്കായുടെ ആസ്ഥാനമായ കോട്ടയം ദേവലോകം അരമന ചാപ്പലിൽ വച്ചാണു കൂദാശ. പാത്രിയർക്കീസിനും കാതോലിക്കായ്ക്കും മെത്രാപ്പോലീത്തായ്ക്കും മൂറോൻ കൂദാശ ചെയ്യുവാൻ കാനോനികമായ അധികാരമുണ്ടെങ്കിലും ഇപ്പോൾ സുറിയാനി സഭയിൽ ആദ്യം പറഞ്ഞ രണ്ടു സ്ഥാനികൾ മാത്രമേ അതു നിർവഹിക്കുന്നുള്ളു. വളരെ സൂക്ഷ്മതയോടും പ്രാർത്ഥനയോടും അവധാനപൂർവം ചെയ്യേണ്ട ഒരു ദിവ്യ കർമ്മമാണ്. പുരാതനകാലത്തു പെസഹാ വ്യാഴാഴ്ചയിലാണ് ഇതു ചെയ്തു കൊണ്ടിരുന്നത്. അതിനു മുമ്പുള്ള നോമ്പും ഉപവാസവും ആവശ്യമായ ഒരുക്കം നൽകുന്നു. മാത്രമല്ല, ആദ്യശതകങ്ങളിൽ മാമോദീസ നൽകിയിരുന്നത് ഉയിർപ്പുപെരുനാളിലായിരുന്നു. മാമോദീസായിൽ ഉപയോഗിക്കേണ്ട വിശുദ്ധ തൈലം അതിനു മുമ്പായി കൂദാശ ചെയ്യപ്പെട്ടുപോന്നു. എന്നാൽ പതിമൂന്നാം നൂറ്റാണ്ടിനുശേഷം ഈ പതിവു മാറി, ഇത് അപൂർവമായി നടത്തുന്ന ശുശ്രൂഷയായിത്തീർന്നു. മലങ്കരസഭയിൽ ഇപ്പോൾ ഏതാണ്ടു പത്തു വർഷത്തിലൊരിക്കൽ ഈ ശുശ്രൂഷ അനുഷ്ഠിച്ചു വരുന്നു. ഇപ്പോഴത്തെ കാതോലിക്കാ ബാവാ ഇതു രണ്ടാം പ്രാവശ്യമാണു മൂറോൻ കൂദാശ ചെയ്യുന്നത്.

'മൂറോൻ' എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം സുഗന്ധതൈലം എന്നാണ്. വിവിധ തരത്തിലുള്ള പത്തു കൂട്ടം സുഗന്ധദ്രവ്യങ്ങളും ഒലിവ് എണ്ണയും ചേർത്തു പാകപ്പെടുത്തി കൂദാശ ചെയ്ത് എടുക്കുന്നതാണ് ഈ തൈലം. മാമോദീസായ്ക്കുള്ള വെള്ളം തയ്യാറാക്കുന്നതിനും മാമോദീസായ്ക്കുശേഷം സ്നാനാർത്ഥിയെ അഭിഷേകം ചെയ്യുന്നതിനുമാണ് ഈ തൈലം ആദ്യ നൂറ്റാണ്ടുകളിൽ ഉപയോഗിച്ചുകൊണ്ടിരുന്നത്. പിന്നീട് മദ്ബഹായും പള്ളിയും ബലിപീഠവും തബ്ലൈത്തായും (കുർബാന അർപ്പിക്കുവാൻ ത്രോണോസിൽ വയ്ക്കുന്ന ഒരു ചെറിയ പലക) കൂദാശ ചെയ്യുവാനും ഉപയോഗിച്ചു തുടങ്ങി. ഇതു പഴയനിയമ പാരമ്പര്യത്തിന്റെ മാതൃകയിലാണ്.

പൗരസ്ത്യസഭകളിൽ എല്ലാംതന്നെ മാമോദീസായ്ക്കുശേഷം പരിശുദ്ധാത്മദാനത്തിനു വിശുദ്ധ തൈലം കൊണ്ടുള്ള അഭിഷേകം നടക്കുന്നു. പാശ്ചാത്യസഭകളിൽ ഇതിനു പകരമായി നടത്തുന്ന ശുശ്രൂഷയ്ക്ക് 'സ്ഥിരീകരണം' എന്നു പറയുന്നു. പൗരസ്ത്യ പാരമ്പര്യമനുസരിച്ചു മൂറോനഭിഷേകം പ്രാപിച്ച

ഒരാൾക്കു മറ്റെല്ലാ കൂദാശകളിലും പങ്കെടുക്കാൻ അവകാശം സിദ്ധിക്കുന്നു. പട്ടത്വമുള്ള പുരോഹിതന്മാർക്കും മൂറോനഭിഷേകമുള്ള അത്മായർക്കും മാത്രമേ കൂദാശകളിൽ സംബന്ധിപ്പാൻ അർഹതയുള്ളു.

പഴയനിയമ പാരമ്പര്യം ഓർത്തഡോക്സ് സഭകൾ കാര്യമായി എടുക്കുന്നുണ്ട്. പഴയനിയമത്തിൽ രാജാക്കന്മാർ, പുരോഹിതന്മാർ, പ്രവാചകന്മാർ എന്നിവരെ വാഴിക്കുമ്പോൾ അഭിഷേകതൈലം ഉപയോഗിച്ചിരുന്നു. മാത്രമല്ല സമാഗമനകൂടാരവും സാക്ഷ്യപെട്ടകവും കൂടാരത്തിലെ ഉപകരണങ്ങളും തൈലംകൊണ്ട് അഭിഷേചിച്ചിരുന്നതായി കാണാം. അഭിഷേകം ചെയ്യപ്പെട്ട വ്യക്തികൾക്കു പ്രത്യേക വിശുദ്ധിയും ആത്മനൽവരവും ലഭിച്ചതായി വിശ്വസിച്ചുപോന്നു.

പുതിയനിയമത്തിൽ, അഭിഷേകം ചെയ്യപ്പെട്ടവൻ എന്നർത്ഥമുള്ള ക്രിസ്തു (മശിഹാ) എന്ന പേരാണു രക്ഷകനായ യേശുവിനു നൽകിയിട്ടുള്ളത്. യോർദ്ദാനിൽ വച്ചു മാമോദീസായുടെ സമയം അവിടുന്നു പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായി എന്നു വായിക്കുന്നു. ആ അഭിഷേകത്തെപ്പറ്റി യേശു തന്നെ അവകാശപ്പെടുന്നുണ്ട്. ക്രിസ്തുവിനോട് ഐക്യപ്പെടുന്ന വിശ്വാസികൾക്കും അതേ ആത്മാവിനെ അഭിഷേകത്താൽ ലഭിക്കുന്നു.


പരിശുദ്ധാത്മദാനത്തെ അഭിഷേകമായി പല വേദഭാഗങ്ങളിൽ ചിത്രീകരിച്ചിട്ടുണ്ട്. 2 കോരി. 1:21-ൽ “ഞങ്ങളെ നിങ്ങളോടുകൂടെ ക്രിസ്തുവിൽ ഉറപ്പിക്കുന്നതും, നമ്മെ അഭിഷേകം ചെയ്തതും ദൈവമല്ലോ” എന്നു പറയുന്നു. ഇവിടെ ക്രിസ്തുവിൽ ഉറപ്പിക്കുക എന്നതു മാമോദീസായെയും, ‘അഭിഷേകം’ മാമോദീസായ്ക്കുശേഷമുള്ള മൂറോൻ അഭിഷേകത്തെയും സൂചിപ്പിക്കുന്നതായി വ്യാഖ്യാനമുണ്ട്. കൂടാതെ എഫേ. 4:30, 1 യോഹ. 2:20, 2:27 എന്നീ ഭാഗങ്ങളിലും പരിശുദ്ധാത്മാഭിഷേകത്തെക്കുറിച്ചു പറയുന്നു. ‘അഭിഷേകം’ (പൂശുക) എന്നു പ്രസ്താവിച്ചിട്ടുള്ളതിൽ നിന്ന്, വിശുദ്ധ തൈലംകൊണ്ടുള്ള അഭിഷേകത്തെ സൂചിപ്പിക്കുന്നതായി മനസിലാക്കാം.

രണ്ടാം നൂറ്റാണ്ടു മുതൽ ഇതിനെപ്പറ്റി വ്യക്തമായ പരാമർശങ്ങൾ ഉണ്ട്. അന്ത്യോക്യയിലെ ബിഷപ്പായിരുന്ന തിയോഫിലോസ് (എ.ഡി. 180) സ്നാനത്തെക്കുറിച്ചു പറയുമ്പോൾ “ദൈവത്തിന്റെ തൈല”ത്തെക്കുറിച്ചു സൂചിപ്പിക്കുന്നു. “യൂദാസ് തോമസിന്റെ പ്രവൃത്തികൾ” (മൂന്നാം നൂറ്റാണ്ട്) എന്ന കൃതിയിൽ സ്നാനാർത്ഥികളുടെ നെറ്റിയിൽ മുദ്രകുത്തി അഭിഷേകം ചെയ്തതായി പറയുന്നു. വിശുദ്ധ ക്രിസോസ്റ്റം (മാർ ഈവാനിയോസ്) രേഖപ്പെടുത്തിയിരിക്കുന്നതു തൈലാഭിഷേകം മൂലമുള്ള പരിശുദ്ധാത്മദാനവും സ്നാനവും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണ്. ദൈവശാസ്ത്രവീക്ഷണത്തിൽ ഒരു വിശ്വാസിയെ ഉത്തമ ക്രിസ്ത്യാനിയും ക്രിസ്തുവിന്റെ പടയാളിയുമാക്കിത്തീർക്കുന്ന കൂദാശയാണു മൂറോനഭിഷേകം. ഇതുമൂലം ലഭിക്കുന്ന പരിശുദ്ധാത്മദാനം ജീവിതത്തിന്റെ എല്ലാ മേഖലകളിലും സ്വാധീനം ചെലുത്തുന്നു. മാമ്മോദീസായിൽക്കൂടി ലഭിക്കുന്ന ദൈവിക ജീവൻ മൂറോനഭിഷേകം മൂലം കരുത്താർജ്ജിച്ച്, സർഗശക്തിയായി ഒരുവനിൽ വ്യാപരിക്കുന്നു; ആത്മദാനങ്ങൾ നൽകിക്കൊണ്ട് അവനെ പൂർണതയിലേക്കു നയിക്കുകയും ചെയ്യുന്നു. തിന്മയുടെ ശക്തികളോടു പോരാട്ടം ചെയ്യുന്നതിനുള്ള ആയുധവും വിശ്വാസിക്കു ലഭിക്കുന്നു. മാമ്മോദീസായെ വീണ്ടും ജനനത്തിന്റെ കൂദാശയെന്നും, മൂറോനഭിഷേകത്തെ പരിപൂർണതയുടെ കൂദാശയെന്നും പിതാക്കന്മാർ വിശേഷിപ്പിച്ചിട്ടുണ്ട്. ഇതു ക്രിസ്തീയ ഐക്യത്തിന്റെ കൂദാശയായി കരുതാം. ഒരേ തൈലംകൊണ്ട് അഭിഷേകം ചെയ്ത് ഒരു ശരീരത്തിന്റെ കൂട്ടായ്മയിലേക്കു ചേർക്കപ്പെടുന്നതിനാൽ ഐക്യത്തെ ഊട്ടിയുറപ്പിക്കുന്ന കൂദാശയാണ്. വിശ്വാസവിപരീതികൾ ഓർത്തഡോക്സ് സഭയിലേക്കു ചേരുമ്പോൾ മൂറോനഭിഷേകം നടത്തി അവരെ സ്വീകരിക്കുന്നു.

ഇത്രയും സുദീർഘമായ ശുശ്രൂഷ സുറിയാനി സഭയിൽ വേറെയില്ല. ഏതാണ്ട് ആറു മണിക്കൂറിൽ കുറയാത്ത സമയമെടുക്കുന്നു. പ്രധാന കാർമ്മികനായ കാതോലിക്കായെ കൂടാതെ എല്ലാ മേൽപട്ടക്കാരും പങ്കാളിത്തം വഹിക്കുന്നു. കൂടാതെ അംശവസ്ത്രധാരികളായ 12 പട്ടക്കാർ ധൂപക്കുറ്റികൾ വഹിച്ചും 12 ശെമ്മാശന്മാർ മർവഹ്സാകൾ വഹിച്ചും 12 ഉപശെമ്മാശന്മാർ (എവ്പ്ദ്യക്കിനേർ) മെഴുകുതിരികൾ വഹിച്ചും സഹകരിക്കുന്നു. മദ്ബഹായിലും അഴിക്കകത്തും ഹയ്ക്കലായിലുമായി മൂന്നു ഗായകസംഘങ്ങൾ അനുക്രമമായി ഗാനങ്ങൾ ആലപിക്കുവാനുണ്ടാകും. ഗാനങ്ങൾ പ്രധാനമായും അനുയോജ്യമായ സങ്കീർത്തനങ്ങളും ഉത്തമഗീതങ്ങളും ചേർത്തുണ്ടാക്കിയവയാണ്. ആർക്കദിയാക്കോൻ (ആർച്ച് ഡീക്കൻ) ഈ ശുശ്രൂഷയിൽ ആദ്യവസാനം പ്രധാനമായ ഒരു സ്ഥാനം വഹിക്കുന്നു. യഥാസമയം അനുയോജ്യമായ പ്രസ്താവനകൾ നടത്തുന്നതും ലുത്തിനിയ (മദ്ധ്യസ്ഥപ്രാർത്ഥന) നയിക്കുന്നതും അദ്ദേഹമാണ്. ശുശ്രൂഷയ്ക്കു പ്രധാനമായും രണ്ടു ഭാഗങ്ങളാണുള്ളത്. ഒന്നാമത്തെ ശുശ്രൂഷയിൽ പള്ളിയുടെ വടക്കേ വാതിലിൽക്കൂടി ഇറങ്ങി തെക്കേ വാതിലിൽക്കൂടി അകത്തു പ്രവേശിക്കുന്ന ആഘോഷപൂർവ്വമായ ഒരു പ്രദക്ഷിണമുണ്ട്. പ്രധാന കാർമ്മികൻ വിശുദ്ധ തൈലം വഹിച്ചുകൊണ്ടു പ്രത്യേകം സംവിധാനം ചെയ്തിട്ടുള്ള ഒരു കൂടാരത്തിനുള്ളിലാണു പ്രദക്ഷണത്തിൽ പോകുന്നത്. രണ്ടാമത്തെ ഭാഗത്ത്, കാർമ്മികൻ ത്രോണോസിൽ മൂറോൻ കുപ്പികൾ വച്ചുകൊണ്ടു കുർബാനയിലെപ്പോലെ പ്രാർത്ഥനകൾ നടത്തുന്നു. അതിന്റെ അവസാനത്തിൽ ശുദ്ധീകരിക്കപ്പെട്ട തൈലം വഹിച്ചുകൊണ്ടു നാലു വശത്തേക്കും തിരിഞ്ഞ് ആഘോഷം നടത്തുന്നു.

അങ്ങനെ സുദീർഘമായ ശുശ്രൂഷ സമാപിച്ചശേഷം കുർബാന ആരംഭിച്ചു പൂർത്തിയാക്കുന്നു. സഭ മുഴുവന്റെയും അതിലെ അംഗങ്ങളുടെയും ആത്മീയ ജീവിതത്തെ പരിപുഷ്ടിപ്പെടുത്തി ചൈതന്യവത്താക്കിത്തീർക്കുന്ന വിശുദ്ധ മൂറോൻ കൂദാശ ചെയ്യപ്പെടുന്ന സന്ദർഭം സഭയുടെ അനുഭവത്തിൽ സുപ്രധാനമായ ഒന്നാണ്.

(മലയാള മനോരമ ദിനപത്രം, 21-3-1988)



പി. സി. എബ്രഹാം കോർഎപ്പിസ്കോപ്പാ അന്തരിച്ചു


മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മലബാർ ഭദ്രാസനത്തിലെ സീനിയർ വൈദികനായിരുന്ന വടപുറം മേക്കരഞ്ഞാട്ട് മുള്ളൻകുഴിക്കൽ പി. സി. എബ്രഹാം കോർഎപ്പിസ്കോപ്പാ (70) അന്തരിച്ചു. ഫാ. അജി എബ്രഹാം പുത്രനാണ്.

ഏറെക്കാലം ഭദ്രാസന സുവിശേഷ സംഘം സെക്രട്ടറിയായിരുന്നു. മുണ്ടൻപാറ, വടപുറം, മഞ്ചേരി, മുതുകുറിശ്ശി, കാരപ്പുറം, പനമണ്ണ, പാലുണ്ട, നിലമ്പൂർ, കരുവാരകുണ്ട് തുടങ്ങി മലബാർ ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഭാര്യ: മൈക്കാവ് തട്ടുംപുറം കുടുംബാം ഗം അന്നമ്മ ഏബ്രഹാം (പൊങ്ങല്ലൂർ എകെഎം എൽപി സ്കൂൾ റിട്ട. അധ്യാപിക). മക്കൾ: എബി ഏബ്രഹാം (കൊന്നമണ്ണ എഎൽപി സ്കൂൾ അധ്യാപകൻ), ഫാ. അജി ഏബ്രഹാം (വികാരി, സെന്റ് ഗ്രിഗോ റിയോസ് ഓർത്തഡോക്സ് പള്ളി, പെരുംകു ളം). മരുമക്കൾ: അനു എബി, സിമി അജി.

സംസ്ക്കാര ശുശ്രൂഷ ഗീവർഗീസ് മാർ പക്കോമിയോസിന്റെ മുഖ്യ കാർമ്മികത്വത്തിൽ വടപുറം സെന്റ് ജോർജ് വലിയ പള്ളിയിൽ നടന്നു.

പുസ്തകം



സഹനം:
ഹാശാ ആഴ്ച ധ്യാന ചിന്തകൾ

ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലിത്താ
ഫാ. ഡോ. ജേക്കബ് മാത്യു

പ്രസാധകർ: സി.എസ്.എസ്., തിരുവല്ല

ചരിത്രരേഖകൾ

അനശ്വരതയുടെ നിർമ്മല മൂറോൻ

ഫാ. ഡോ. കെ. എം. ജോർജ്

മൂറോൻ എന്ന സുറിയാനി പദം Myron എന്ന ഗ്രീക്ക് വാക്കു തന്നെയാണ്. അതീവ ഹൃദ്യമായ പരിമളമുള്ള ഒരു തൈലമാണിത്. ശിശുവായ യേശുവിന് വിദ്വാന്മാർ സമർപ്പിച്ച കാഴ്ചകളിൽ മൂര് (Myrrh) എന്ന സുഗന്ധദ്രവ്യവും ഉണ്ടായിരുന്നു. മൂറോൻ എന്ന വാക്കും അതിൽ നിന്ന് ഉണ്ടായതാണ്. സുഗന്ധമുള്ള വൃക്ഷക്കറയാണ് മൂര്. സുറിയാനി സഭയിൽ രണ്ടു കാര്യങ്ങൾക്കാണ് മൂറോൻ തൈലം ഉപയോഗിക്കുന്നത്. മാമോദീസായോടൊപ്പം ശിശുവിന്റെ ശരീരത്തിൽ നടത്തുന്ന അഭിഷേകം (anointing). അതുപോലെ പള്ളികൂദാശ ചെയ്യുമ്പോൾ ത്രോണോസും തബ്ലൈത്തായും പള്ളിയുടെ വാതിൽപടികളും മൂറോൻ തൈലംകൊണ്ട് അഭിഷേകം ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ അടയാളമായിട്ടാണ് ഈ അഭിഷേകം നടത്തുന്നത്. മാമോദീസായേൽക്കുന്ന കുഞ്ഞ് വളർന്നു വരുമ്പോൾ പരിശുദ്ധാത്മാവിന്റെ സൗരഭ്യങ്ങളാൽ നിറയണമേ എന്നാണ് നാം പ്രാർത്ഥിക്കുന്നത്. ഇവിടെ സൗരഭ്യം പരിശുദ്ധാത്മാവിന്റെ എല്ലാ നൽവരങ്ങളുടെയും അടയാളമാണ്. ഗലാത്യ ലേഖനത്തിൽ പൗലോസ് അപ്പോസ്തോലൻ സൂചിപ്പിക്കുന്ന പരിശുദ്ധാത്മ ഫലങ്ങൾ (സ്നേഹം, സന്തോഷം, സമാധാനം തുടങ്ങിയവ), അതുപോലെ കൊരിന്ത്യ ലേഖനങ്ങളിൽ സൂചിപ്പിക്കുന്ന പരിശുദ്ധാത്മാവിന്റെ വരങ്ങൾ എന്നിവയാണ് സൗരഭ്യങ്ങൾ. ഇവയെല്ലാം ഈ വിശുദ്ധ സുഗന്ധതൈലത്തിന്റെ അഭിഷേകത്താൽ സ്നാനമേറ്റ ശിശുവിന്റെ ക്രിസ്തീയ ജീവിതത്തെ സമ്പുഷ്ടമാക്കണം എന്നർത്ഥം.

അതുപോലെതന്നെ ദേവാലയത്തെ ഒരു ശരീരമായി, അതായത് ജീവനുള്ള ദൈവത്തിന്റെ ആലയമായി കരുതുന്നതുകൊണ്ടാണ് ദേവാലയത്തിന്റെ വിശുദ്ധീകരണത്തിനും ഈ തൈലം ഉപയോഗിക്കുന്നത്. 'അനശ്വരതയുടെ നിർമ്മല മൂറോൻ' എന്നും 'മരണമില്ലായ്മയുടെ പരിമള വാസന' എന്നും സെദ്റായിൽ പറയുന്നത് ഒരേ കാര്യം തന്നെയാണ്. മാമോദീസാ ഏറ്റ് പരിശുദ്ധാത്മാവിന്റെ അഭിഷേകം പ്രാപിച്ച് പുതിയ സൃഷ്ടിയായി തീരുമ്പോൾ നാം മരണമില്ലാത്ത, അനശ്വരമായ അവസ്ഥയിലേക്കു പ്രവേശിക്കുന്നു എന്നാണ് സൂചന. ഇടയ്ക്ക് ശരീരപരമായ രോഗവും മരണവും നമുക്കുണ്ടാകാം. എന്നാൽ അതിനെയൊക്കെ അതിജീവിക്കുന്ന അനശ്വരജീവന്റെ പരിമളമാണ് നമ്മെ ആവരണം ചെയ്യുന്നത്. നമ്മുടെയെല്ലാം അനുഭവത്തിൽ, മരണം ദുർഗന്ധവും ജീവൻ സുഗന്ധവുമാണ്. അതുകൊണ്ടാണ് നമ്മുടെ ആരാധനയിൽ ധൂപമാണെങ്കിലും തൈലമാണെങ്കിലും സുഗന്ധത്തിന് ഇത്രയേറെ പ്രാധാന്യം കൊടുക്കുന്നത്. ഓരോ പ്രാർത്ഥനയിലും ഓരോ അനുഷ്ഠാനത്തിലും നമ്മൾ ഊന്നിപ്പറയുന്നത് മരണത്തിന്റെ തേർവാഴ്ചയല്ല ജീവന്റെ വിജയമാണ്. അതിന്റെയെല്ലാം ഉറവിടം നമുക്കുവേണ്ടി മരിക്കയും ഉയിർക്കയും പാതാളത്തിലേക്കിറങ്ങി ആദവും ഹവ്വയും മുതൽ വാങ്ങിപ്പോയ എല്ലാ മനുഷ്യരോടും ജീവന്റെ സുവിശേഷം അറിയിക്കുകയും ചെയ്യുന്ന ക്രിസ്തുവാണ്.

അതിമനോഹരവും ആഴമേറിയതുമായ സാർവ്വത്രിക രക്ഷാനുഭവത്തിന്റെ മുന്നറിവാണ് പരിമള വാസന. അതുകൊണ്ട് "നിന്റെ ദിവ്യജ്ഞാനമാകുന്ന സൗരഭ്യം ഞങ്ങളുടെ ഹൃദയങ്ങളിൽ നീ നിറച്ചു" എന്ന് ഇവിടെ പറയുന്നു. അപ്പോൾ അറിവ് ജീവദായകമാണ്. അത് സുഗന്ധപൂരിതമാണ്. അതായത് ജ്ഞാനത്തിന്റെ ഉറവയിലേക്കു നമ്മെ ആകർഷിച്ച് വലിച്ചടുപ്പിക്കുന്നതാണ് സുഗന്ധം. ഇരുട്ടിൽ നിന്നും മരണത്തിൽ നിന്നും അജ്ഞതയിൽ നിന്നുമാണ് നാം അറിവിന്റെ വെളിച്ചത്തിലേക്കും സുരഭിലമായ ജീവന്റെ മണ്ഡലത്തിലേക്കും പ്രവേശിക്കുന്നത്.

അറിവും സൗരഭ്യവും തമ്മിലുള്ള ഈ ബന്ധം വളരെ സുപ്രധാനമാണ് നമ്മുടെ കാലഘട്ടത്തിൽ. കാരണം, അറിവു തേടിയുള്ള മനുഷ്യന്റെ യജ്ഞം ഇപ്പോൾ എത്തിനിൽക്കുന്നത് നിർമ്മിതബുദ്ധി (Artificial Intelligence), ക്വാണ്ടം കമ്പ്യൂട്ടിംഗ്, സിന്തറ്റിക് ബയോളജി വാഗ്ദാനം ചെയ്യുന്ന മരണമില്ലായ്മ തുടങ്ങിയവയിലാണ്. ഇത് ഇപ്പോഴത്തെ അവസ്ഥയിൽ ഏറ്റവും പരമമായ അറിവാണ് എന്ന് ലോകത്തിൽ മിക്ക ആളുകളും വിശ്വസിക്കുന്നു.



എന്നാൽ ഈ സാങ്കേതിക ജ്ഞാനത്തെ ഉപയോഗിച്ച് മനുഷ്യരെയും മറ്റ് ജീവികളെയും എങ്ങനെ ഉന്മൂലനം ചെയ്യാം എന്ന് ചിന്തിക്കുന്ന രാഷ്ട്രനേതാക്കളും യുദ്ധത്തിന്റെ ലാഭം കൊയ്യുന്ന വ്യവസായികളും നമ്മുടെ കൊച്ചുഭൂമിയെ ചുടലപറമ്പാക്കാൻ കരുത്തുള്ള കോർപ്പറേഷനുകളും മറ്റുമാണ് ഈ സാങ്കേതിക ജ്ഞാനത്തെ കൂടുതൽ കൂടുതൽ ഉപയോഗിക്കുന്നത്. അപ്പോൾ ആ ജ്ഞാനത്തിന് സുഗന്ധമില്ല. മറിച്ച് അത് മരണത്തിന്റെ ദുർഗന്ധം വമിപ്പിച്ചു തുടങ്ങുന്നു. അതാണ് ഇപ്പോൾ പശ്ചിമേഷ്യയിൽ നാം കാണുന്ന ആയുധ പ്രയോഗങ്ങൾ. അതുകൊണ്ട് ദൈവത്തിന്റെ ജ്ഞാനം യഥാർത്ഥമായ തിരിച്ചറിവിന്റെയും സഹാനുഭൂതിയുടെയും പരസ്പര ക്ഷമയുടെയും സൗരഭ്യം നൽകുന്നു എന്ന് തിരിച്ചറിയുന്നതാണ് ദിവ്യജ്ഞാനം.

നാടകീയമായ ഒരു വൻ മാറ്റത്തിലൂടെ നമ്മുടെ ഇപ്പോഴത്തെ ശാസ്ത്രസാങ്കേതിക ഡിജിറ്റൽ സംസ്കാരം മുഴുവൻ തകർന്നടിയാൻ സാധ്യതയുണ്ട്. എല്ലാ മനുഷ്യ ശരീരങ്ങളെയും വ്യാപകമായി രോഗാതുരമാക്കി നശിപ്പിക്കുന്ന ഒരു ബയോ വൈറസ്, അല്ലെങ്കിൽ നമ്മുടെ ലോകമാസകലമുള്ള സൈബർ നെറ്റ്‌വർക്കിനെ ഒരു നിമിഷംകൊണ്ട് നിശ്ചേതനമാക്കുന്ന ഒരു ഡിജിറ്റൽ വൈറസ്, അല്ലെങ്കിൽ അതിശക്തമായ ഒരു സൗരവാതം തുടങ്ങി അതിസൂക്ഷ്മവും നാടകീയവുമായ പല കാരണങ്ങൾ കൊണ്ട് നമ്മുടെ ഇപ്പോഴത്തെ ആഗോള മനുഷ്യസംസ്കാരം ഇല്ലാതാകാം. കുറെ മനുഷ്യർ തുടർന്ന് ജീവിച്ചാൽ തന്നെ അവർ നേടിയ ഭൗതിക വിജ്ഞാനം ഇല്ലാതാകാം. നാലായിരം വർഷം മുമ്പ് ഈജിപ്റ്റിലെ മരുഭൂമിയിൽ പിരമിഡുകൾ പടുത്തുയർത്തിയ ജ്ഞാനവും വിദ്യയും പിന്നീട് പൂർണ്ണമായും നഷ്ടപ്പെട്ടു. ഇപ്പോഴും മനുഷ്യൻ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ് നഷ്ടപ്പെട്ടുപോയ ആ വിദ്യയുടെ രഹസ്യം. ഇതുപോലെ ഒരുപക്ഷേ കുറെക്കാലം കഴിയുമ്പോൾ (അത് വളരെ പെട്ടെന്നുമാവാം) മനുഷ്യർ നോക്കുമ്പോൾ അവരുടെ പൂർവ്വികർ സൃഷ്ടിച്ച കമ്പ്യൂട്ടറുകളുടെയും സാറ്റലൈറ്റുകളുടെയും അസ്ഥികൂടങ്ങൾ (Hardware) കണ്ടെന്നിരിക്കും. അവയ്ക്കുള്ളിൽ പ്രവർത്തനനിരതമായ സോഫ്റ്റ്‌വെയർ വിദ്യ പൂർണ്ണമായും ഇല്ലാതായെന്നു വരാം. ഇങ്ങനെയൊരു രംഗം നമുക്ക് സങ്കല്പിക്കാം. എന്നാൽ യാഥാർത്ഥ്യം എല്ലാ സങ്കല്പങ്ങളെയും കടത്തിവെട്ടുന്നതാ

ണ്. ഇംഗ്ലീഷിൽ പറയാറുണ്ടല്ലോ "Truth is stranger than fiction." (ഒരു മാസം മുമ്പ് 2026 ഫെബ്രുവരിയിലാണ് ഈ ലേഖകൻ സൗദി അറേബ്യ, യു.എ.ഇ. എന്നീ രാജ്യങ്ങൾ സന്ദർശിച്ചത്. പാശ്ചാത്യരാജ്യങ്ങളെപ്പോലും അതിശയിപ്പിക്കുന്നവിധം ശാസ്ത്ര സാങ്കേതിക മേഖലയിലും മറ്റും ഈ രാജ്യങ്ങൾ കൈവരിച്ച നേട്ടങ്ങൾ കണ്ട്, സമാധാനപൂർവ്വം ജനങ്ങൾ വസിക്കുന്നത് അറിഞ്ഞ്, അദ്ഭുതപ്പെട്ട്, ഒരു ലേഖനം എഴുതാൻ തുടങ്ങുമ്പോഴാണ് ഇറാൻ-അമേരിക്ക/ഇസ്രായേൽ യുദ്ധം തുടങ്ങുന്നത്. മഹാനാശത്തിന്റെ ഭീതിയിലാണ് ജനങ്ങളെല്ലാം.)

വിനയപൂർവ്വമുള്ള നമ്മുടെ ആരാധന

ഇങ്ങനെയുള്ള സാഹചര്യങ്ങൾ നമ്മുടെ മനുഷ്യാവസ്ഥയിലും ലോകവ്യാപാരങ്ങളിലും നിലനിൽക്കുന്നതുകൊണ്ടാണ് നാം വിനയപൂർവ്വം ദൈവസന്നിധിയിൽ നിന്ന് സകലത്തിന്റെയും ഉറവയും അറിവുമാകുന്ന സ്രഷ്ടാവായ ദൈവത്തെ പ്രത്യാശയോടു കൂടി ആരാധിക്കുന്നത്. ഇങ്ങനെ ദിവ്യരഹസ്യങ്ങളെ പരിചയിച്ച് അനുഷ്ഠിക്കുവാൻ എളിയവരും മൺമയരുമായ നമ്മെ ദൈവം വിളിച്ചിരിക്കുന്നതിനാൽ നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു. അതുകൊണ്ട് പുതിയ സ്വാതന്ത്ര്യത്തിലേക്കുള്ള വിമോചനമാണ് നാം അഭ്യർത്ഥിക്കുന്നത്. പാപത്തിന്റെ അടിമത്തത്തിൽ നിന്നും അർത്ഥമില്ലാത്ത വ്യവഹാരങ്ങളിൽ നിന്നുമാണ് നാം മോചനം അർത്ഥിക്കുന്നത്. അതോടൊപ്പം കർത്താവിന്റെ നുകം ലഘുവും ആനന്ദപ്രദവുമെന്ന് അരുളിച്ചെയ്തിരിക്കുന്നതുകൊണ്ട് ആ സ്നേഹപൂർണ്ണമായ ശിക്ഷണവും വിശ്വാസവും ഏറ്റുവാങ്ങി ദൈവത്തിനും മനുഷ്യർക്കും സേവനം അനുഷ്ഠിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ എന്നും നാം പ്രാർത്ഥിക്കുന്നു. ഈ ലോകജീവിതത്തിൽ നമ്മൾ ഉണർവ്വുള്ളവരായി ആത്മാവിന്റെയും മനസ്സിന്റെയും ശരീരത്തിന്റെയും ജാഗ്രതയോടും ലക്ഷ്യബോധത്തോടും കൂടി ദൈവസന്നിധിയിൽ ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ എന്നാണ് നമ്മുടെ അന്തിമ പ്രാർത്ഥന.

ഇത് വളരെ നിർണ്ണായകമായ ഒന്നാണ്. കാരണം മനുഷ്യജീവിതത്തിന്റെ അർത്ഥമെന്താണ് എന്നു ചിന്തിക്കുവാൻ നമുക്ക് പലപ്പോഴും അവസരം കിട്ടുന്നില്ല. ലോകം നമ്മെ കാണിച്ചുതരുന്ന വഴികളിലൂടെ നടന്നാൽ വിജയം കൈവരിക്കാം എന്ന് എല്ലാവരും പറയുന്നതുകൊണ്ട് നാമൊക്കെ അതിലേ നടക്കുന്നു. സ്വാഭാവികമായിട്ടും സമ്പത്ത്, പ്രശസ്തി, അധികാരം, ശക്തി, സർവ്വാധിപത്യം എന്നിവയെല്ലാം പരമമായ ലക്ഷ്യങ്ങളായി ലോകം നമുക്ക് കാണിച്ചുതരുന്നു. കുറേപ്പേരെങ്കിലും ചില പ്രതിസന്ധികളിൽ അവരുടെ തെറ്റായ യാത്രയെ തിരിച്ചറിയുകയും വഴിമാറി നടക്കുകയും ചെയ്യും. അതുകൊണ്ട് അർത്ഥമന്വേഷിക്കുക എന്നത് നമ്മുടെ ജീവിതത്തിന്റെ ഒരു പ്രധാന ചുമതലയായി നാം ഏറ്റെടുക്കണം. നീതിയിലും സമാധാനത്തിലും കാരുണ്യത്തിലും സ്നേഹത്തെ പ്രതിയുള്ള സഹനത്തിലും മറ്റു മനുഷ്യരോടൊപ്പം ആയുസ്സ് പൂർത്തിയാക്കാനാണ് കർത്താവായ യേശുക്രിസ്തു നമ്മെ പഠിപ്പിക്കുന്നത്. ദുഃഖങ്ങളും വിഷമങ്ങളും നെടുവീർപ്പുകളുമില്ലാത്ത, മാലാഖമാർക്ക് സദൃശ്യമായ അനുഭവത്തെയാണ് നാം മുമ്പിൽ കാണുന്നത്. ഇത് എനിക്ക് മാത്രമല്ല എല്ലാ മനുഷ്യരുടേയും ദിവ്യാവകാശമാണ് എന്നു കരുതി നമ്മുടെ ജീവിതത്തെയും പ്രവർത്തനങ്ങളെയും ക്രമീകരിക്കുമ്പോൾ മരണമില്ലായ്മയുടെ പരിമളവാസന നാം അനുഭവിച്ചു തുടങ്ങും. ഈ ലോകത്തിന്റെ കാറ്റിലും കോളിലും തീവ്രദുഃഖങ്ങളിലുംപെട്ട് നാം ഉഴലുമ്പോൾതന്നെ ഈ പുതിയ സുഗന്ധത്തിന്റെ ചില രേണുക്കൾ എങ്കിലും നമുക്ക് ലഭിച്ചാൽ അത് മഹാഭാഗ്യമാണ്.

വി. മൂറോൻ കൂദാശ 1932-ലെ കൽപന

നമ്പർ 465

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസംപൂർണ്ണനുമായ ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വി. മാർത്തോമ്മാ ശ്ലീഹായുടെ പൗരസ്ത്യസിംഹാസനത്തിന്മേൽ ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്നു അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ

(മുദ്ര)

ശരീരങ്ങളെ ജീവിപ്പിക്കുന്നവനും, ആത്മാക്കളുടെ രക്ഷിതാവുമായ നമ്മുടെ കർത്താവിന്റെ സ്വർഗ്ഗീയ സമാധാധാനവും, അഭംഗമായ സ്നേഹവും റൂഹായ്ക്കടുത്ത വാഴ്വുകളും നമ്മുടെ എല്ലാ പള്ളികളിലെയും വൈദികന്മാരും ജനങ്ങളുമായി വാഴ്ത്തപ്പെട്ടവരും അനുഗ്രഹിക്കപ്പെട്ടവരുമായ വാത്സല്യഭാജനങ്ങളുടെ നിറുകമേൽ വന്നാവസിക്കുമാറാകട്ടെ. ദൈവമായ കർത്താവിന്റെ വാഴ്വു നിങ്ങളുടെമേലും നിങ്ങളുടെ ഇടവകമേലും നിങ്ങളുടെ ഭവനങ്ങൾ മേലും നിങ്ങളുടെ മക്കളുടെമേലും നിങ്ങളുടെ എല്ലാ ഉദ്യമങ്ങൾമേലും ആവസിക്കുമാറാകട്ടെ. അതു ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽക്കാരനായ വി. മാർത്തോമ്മാശ്ലീഹായുടെയും എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ, ആമ്മീൻ.

അനുഗ്രഹിക്കപ്പെട്ടവരും, സ്നേഹിക്കപ്പെട്ടവരും, വാത്സല്യഭാജനങ്ങളുമായ റൂഹായ്ക്കടുത്ത നമ്മുടെ മക്കളെ, നമ്മുടെ പല ഇടവകകളിലും വി. മൂറോൻ ആവശ്യത്തിനു മതിയാകുന്നിടത്തോളം കിട്ടുവാൻ പ്രയാസമാണെന്നറിയുന്നതു നിമിത്തം എത്രയുംവേഗത്തിൽ ഈ കുറവിനെ പരിഹരിക്കുന്നതിലേക്കായി സുറിയാനിക്കണക്കിന് ഈ മേടമാസം 9-ാംനു ക്കു കൊല്ലവർഷം 1107 മേടമാസം 10-ാംനു വെള്ളിയാഴ്ച (നാൽപ്പതാം വെള്ളിയാഴ്ച) ഈ സെമ്മനാരി ചാപ്പലിൽ വച്ചു വി. മൂറോൻ കൂദാശ നടത്തണമെന്നു കർത്താവിൽ നാം ആശിക്കുന്നു. മൂറോൻ കൂദാശ നടത്തുക എന്നതു സാധാരണമല്ലാത്തതിനാൽ നമ്മുടെ സഭയുടെ നിലയ്ക്കും മഹിമയ്ക്കും ഒത്തവണ്ണം നടത്തേണ്ടതാകയാൽ കഴിവുള്ള എല്ലാ വൈദികന്മാരും, ജനങ്ങളും ഇതിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുമെന്നു നാം വിശ്വസിക്കുന്നു. പ്രത്യേകിച്ചു, വന്നുചേരുന്ന പട്ടക്കാർക്ക് അവരുടെ അംശവസ്ത്രങ്ങളും ഉണ്ടായിരിക്കണം.

ദൈവമായ കർത്താവു ബലഹീനനായ നമ്മുടെ വലത്തു കൈയോടുകൂടെ



അവിടുത്തെ വി. വലത്തുകൈ നീട്ടി നിങ്ങളേയും നിങ്ങളുടെ മക്കളേയും നിങ്ങൾ പ്രവർത്തിക്കുന്ന സകലത്തേയും അനുഗ്രഹിക്കയും, എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ നിങ്ങൾ വന്ന് അകത്തു പ്രവേശിച്ചു ലോകസ്ഥാപനത്തിനു മുമ്പുതന്നെ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗരാജ്യത്തെ അവകാശമായി അനുഭവിച്ചുകൊള്ളുവീൻ എന്നുള്ള സന്തോഷകരമായ ശബ്ദം നിങ്ങളേയും നിങ്ങളുടെ മരിച്ചുപോയവരേയും കേൾപ്പിക്കയും ചെയ്യുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ഇത്യാദി...

എന്നു മിശിഹാക്കാലം 1932-ന് കൊല്ലം 1107-ാമാണ്ടു മീനമാസം 10-ാം തീയതി കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും (ഒപ്പ്)

(മലയാള മനോരമ ദിനപത്രം, 09-04-1932)

മലങ്കരയിലെ പ്രഥമ മൂറോൻ കൂദാശ (1876)

ശെമവൂൻ മാർ ദീവന്നാസ്യോസ്

33-ാമത്. വിശുദ്ധ പിതാവാകുന്ന മോറാൻ പാത്രിയർക്കീസ് ബാവാ ഈ മലയാളത്തിൽ എത്തിയ നാൾ മുതൽ തന്നെ മൂറോൻ ഇവിടെ നന്നാ ദുർല്ലഭം എന്നറിഞ്ഞ് ആയത് കൂദാശ ചെയ്യുന്നതിന് വിചാരിച്ചാറെ ആ വകയ്ക്ക് വേണ്ടപ്പെടുന്ന മരുന്നുകൾ കൊച്ചി, ആലപ്പുഴ, തിരുവനന്തപുരം, കോഴിക്കോട് മുതലായ സ്ഥലങ്ങളിൽ അന്വേഷിച്ചാറെ ഇല്ലാഞ്ഞതിനാൽ ആ വിവരത്തിനു ബാവായുടെ സ്നേഹിതൻ ആകുന്ന യഹൂദൻ ദാവീദ് ദോസോന്റെ പേർക്കും മിസ്രയിനിൽ ഈഗുപ്തായ പാത്രിയർക്കീസിന്റെ പേർക്കും എഴുതി അയച്ചു. മേൽപ്പറഞ്ഞ യഹൂദനും പാത്രിയർക്കീസും കല്പനപ്രകാരം ഉള്ള മരുന്നുകൾ ഒക്കെയും കൊടുത്തയച്ചു. പാത്രിയർക്കീസ് ബാവായുടെ പേർക്ക് മേൽവിലാസം വച്ച് ഒരു പെട്ടിയിൽ അത്രേ അയച്ചത്. ആ വകയ്ക്ക് 40 രൂപാ വരെ ചിലവ് വന്നു. പിന്നീട് യഹൂദൻ അയച്ചത് ബാവായുടെ അടുക്കൽ എത്തിപ്പാൻ വേണ്ടി കൊച്ചിയിൽ ഏലിയാ റാബി എന്ന യഹൂദന്റെ പേർക്ക് വിലാസവും വച്ച് ഒരു പെട്ടിയിൽ അത്രേ ആയത് അയച്ചത്. ആ വകയ്ക്ക് 70 -ൽ ചില്വാനം രൂപാ വരെ ചെലവ് വന്നു. ഈ മരുന്നുകൾ രണ്ട് കൂട്ടവും കരിങ്ങാശ്ര പള്ളിയിൽ എഴുന്നള്ളി ഇരിക്കുമ്പോൾ തന്നെ വന്നുചേർന്നു എങ്കിലും സുന്നഹദോസിന്റെ ശേഷം അത്രേ മൂറോൻ കൂദാശ ചെയ്യണമെന്ന് ഉറച്ചു.

ആ വകയ്ക്ക് വേണ്ടപ്പെടുന്ന പച്ച സൈത്തുകൾ പള്ളികളിൽ നിന്ന് വരുത്തുവാൻ കല്പിച്ചപ്രകാരം റമ്പാന്മാർ വടക്കേ ദിക്കിലുള്ള എല്ലാ പള്ളിക്കാർക്കും 20-ൽ കൂടാതെയും 5-ൽ കുറയാതെയും പള്ളികളുടെ യഥാശക്തിക്ക് തക്കവണ്ണം സൈത്തുംകുപ്പി വാങ്ങിച്ച് കൊടുത്തയപ്പാൻ എഴുതി അയച്ചു. അതുപ്രകാരം പള്ളിക്കാർ കൊടുത്തയച്ച സൈത്തുകൾ വന്നുചേർന്ന ഉടനെ ആ സൈത്തുകൾ ഒക്കെയും ഒരു പാത്രത്തിൽ ആക്കി. മുൻപറഞ്ഞ മരുന്നുകളും ഈ രാജ്യത്തുള്ളതിൽ സുഗന്ധവാസനയുള്ളതുമായ പലതും മേല്പറഞ്ഞ സൈത്തിൽ പൊടിച്ചിട്ടു. ഏകദേശം 15 നാഴിക വരെ തിളപ്പിച്ച് അരിച്ചെടുത്തു. മദ്ബഹായിൽ വടക്കേ ചുമരിന്മേൽ ഒരു അലമാരി പോലെ വെട്ടി ഉണ്ടാക്കി കതകും മറ്റും വച്ച് മേൽപ്പറഞ്ഞ സൈത്ത് പാത്രങ്ങളിൽ ആക്കി ഈ മാസം 27-ാം തീയതി അവിടെ വച്ച് സൂക്ഷിച്ചിരിക്കുന്നു. കൂദാശ ഇന്നപ്പോൾ എന്ന് നിശ്ചയിച്ചില്ല. എങ്കിലും താമസം അധികം ഇല്ലെന്ന് തോന്നുന്നു. ഇതിനിടയിൽ ഒന്നോ രണ്ടോ പേർക്ക് മെത്രാന്റെ സ്ഥാനം കൊടുക്കണമെന്ന് കല്പിക്കുന്നുണ്ട്. ആയത് നിശ്ചയമായി ഉറച്ചില്ല.

മൂറോൻ കൂദാശ നിശ്ചയിച്ച് വടക്കും തെക്കുമുള്ള എല്ലാ പള്ളിക്കാർക്കും റമ്പാന്മാരുടെ പേർക്ക് കല്പനയായി എഴുതി അയച്ചു. ആയതിന്റെ പകർപ്പ്: കണ്ടനാട്ട് പള്ളിക്കാർക്ക്:

ശുദ്ധ മൂറോൻ കൂദാശ ഈ പള്ളിയിൽ വച്ച് ചിങ്ങം 15-ന് ഞായറാഴ്ച കഴിക്കണമെന്നും വിവരം പള്ളിക്കാരെ അറിയിക്കണമെന്നും വിശുദ്ധ പിതാവ് കല്പിച്ചിരിക്കുന്നു. കൂദാശയ്ക്ക് എല്ലാ ജനങ്ങളും കൂടി സംബന്ധപ്പെട്ട് വാഴ്വ് കൈക്കൊള്ളുന്നതു കൂടാതെ ജനങ്ങൾ താന്താങ്ങളുടെ യഥാശക്തിപ്രകാരം കൈമുത്തു വയ്ക്കയും പതിവാണ്. നിങ്ങളും ഒരുങ്ങപ്പെട്ട് വന്നുചേർന്നു കൊള്ളണം. വിശേഷിച്ചും കൂദാശയ്ക്ക് 12 ധൂപക്കുറ്റി വേണ്ടപ്പെട്ടിരിക്കുന്നതിനാൽ ആ പള്ളിയിലെ വെള്ളിധൂപക്കുറ്റി ശനിയാഴ്ച അസ്തമിക്കുമ്പോഴേക്ക് ഇവിടെ എത്തിക്കുന്നത് കൂടാതെ പട്ടക്കാർ, ശെമ്മാശന്മാർ മുതൽപേർക്ക് കാപ്പ മുതലായ സ്ഥാന ഉടുപ്പുകൾ കൂടി ഉണ്ടായിരിക്കയും വേണം. എന്ന് കല്പനപ്പടി ദയറോയോ ഗീവറുഗീസ്. 1876 കർക്കിടകം 31-ന് മുളന്തുരുത്തിപ്പള്ളിയിൽ നിന്നും.

... 35-ാമത് ലക്കം. മൂറോൻ കൂദാശയെക്കുറിച്ച് 33-ാം ലക്കത്തിൽ പറഞ്ഞിരിക്കുംവണ്ണം കൂദാശയ്ക്ക് മുമ്പ് 13-ാം തീയതി വെള്ളിയാഴ്ച മാർ ഗ്രീഗോറിയോസ് ബാവാ കുർബ്ബാന ചൊല്ലി. ബസ്മൽക്കോക്കു ശേഷം വിശുദ്ധ പിതാവും ഗ്രീഗോറിയോസ് ബാവായും ശേഷം റമ്പാന്മാർ, പട്ടക്കാർ മുതലായവർ ഒക്കെയും അവരുടെ സ്ഥാന ഉടുപ്പാകുന്ന കാപ്പാ മുതലായത് ധരിച്ചും



പത്രോസ് മൂന്നാമൻ പാത്രിയർക്കീസ്

കൊണ്ട് കൊട, കുരിശ്, കൊടി, ധൂപക്കുറ്റി, മറുവഹസാ മുതലായത് എടുത്ത് രണ്ട് പന്തിയായിട്ടും അണിനിരന്നായിട്ടും പള്ളിയിൽ നിന്ന് വടക്കേ വാതിൽ കടന്ന് ഇറങ്ങി. വാതുക്കൽ പുറത്തു വച്ച് വിശുദ്ധ പിതാവാകുന്ന മോറാൻ പാത്രിയർക്കീസ് ബാവാ ഏവൻഗേലിയോനിൽ വായിച്ചു. പിന്നീട് അവിടെ നിന്നും പുറപ്പെട്ട് പടിഞ്ഞാറേ വാതില്ക്കൽ പുറത്തുനിന്ന് അനുവാദത്തോടു കൂടി ഗ്രീഗോറിയോസ് ബാവാ ഏവൻഗേലിയോൻ നിന്ന് വായിച്ചു. പിന്നീട് മേൽപ്പറഞ്ഞപ്രകാരം തെക്കേ വാതില്ക്കൽ വച്ചും ഏവൻഗേലിയോൻ വായിച്ചു. പള്ളിയകത്ത് പ്രവേശിച്ച് മൂറോനായി ഏനപ്പെടുത്തി വച്ചിരിക്കുന്ന സ്ഥലത്ത് ധൂപം വച്ചു. അതിന്റെ ശേഷം കുർബാന ചൊല്ലി തികച്ചത്. ഈ പ്രദക്ഷിണത്തിൽ വിശേഷമായ സംഗീതങ്ങൾ ചൊല്ലി അത്രേ പ്രദക്ഷിണം ചെയ്തത്.

പിന്നീട് 14-ാം തീയതി ശനിയാഴ്ചയും മേൽപ്രകാരം കുർബാനയുടെ പാതിയിൽ പുറപ്പെട്ട് പ്രദക്ഷിണം വച്ചു. അതിന്റെ ശേഷം കുർബാനയിൽ തികച്ചു. 15-ാം തീയതി ഞായറാഴ്ച പുലർച്ചയിൽ നമസ്കാരം കഴിഞ്ഞ ശേഷം മാർ ഗ്രീഗോറിയോസ് ബാവായും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും റമ്പാന്മാർ, പട്ടക്കാർ, ശെമ്മാശന്മാർ മുതലായവരും ഏറിയ ജനക്കൂട്ടവും കൂടി. പട്ടക്കാരും ബാവായും മെത്രാച്ചനും ശെമ്മാശന്മാരും അവരവരുടെ സ്ഥാന ഉടുപ്പോടു കൂടി, ധൂപക്കുറ്റി, മറുവഹസാ, കുട, കുരിശ് മുതലായതിനോടു കൂടി 13-ാം തീയതി വെള്ളിയാഴ്ച ചുറ്റിയപ്രകാരം പള്ളിക്കു പ്രദക്ഷിണം വച്ചു. മൂന്ന് വാതിലിനു പുറത്തു നിന്നും ഏവൻഗേലിയോൻ വായിച്ചു. പള്ളി അകത്തു പ്രവേശിച്ച് പിന്നെയും ഏറിയ സൂഗീസാകളും

കോലോകളും ബോവൂസാകളും ചൊല്ലി പഴമയും പുതുമയും വായിച്ചു. അതിന്റെശേഷം വിശുദ്ധ മോറാൻ പാത്രിയർക്കീസ് ബാവാ കാപ്പ മുതലായ സ്ഥാന ഉടുപ്പുകൾ ഇട്ട് വാരി കൊണ്ട് കെട്ടി ഉണ്ടാക്കി വെള്ള ശീലകൾ കൊണ്ട് ചുറ്റും മറച്ചിരുന്ന കുബ്സാ എന്നു പേരാകുന്നതിന്റെ ഉള്ളിൽ ഒരു ചെറിയ കുപ്പിയിൽ ശുദ്ധ മൂറോന്റെ സൈത്തും എടുത്ത് ശുദ്ധ മോറാൻ പാത്രിയർക്കീസ് ബാവാ കയറി നിന്നു. അതിനെ പട്ടക്കാർ ക്രമമായി എടുത്ത് ഗ്രീഗോറിയോസ് ബാവായും ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും മുമ്പിൽ ധൂപക്കുറ്റി ആയിട്ടും ഈ കുബ്സായുടെ മേലിൽ ശെമ്മാശന്മാർ 12 മറുവഹസാ പിടിച്ചും പട്ടക്കാർ മെഴുകുതിരി കത്തിച്ച് പിടിച്ചും സ്ലീബായും ഏവൻ ഗേലിയോൻ പുസ്തകവും എടുത്തു പന്തികളായിട്ടും നിരകളായിട്ടും ശുദ്ധ മോറാൻ പാത്രിയർക്കീസ് ബാവായുടെ കുബ്സാക്ക് ചുറ്റി നിന്ന് മദ്ബഹായിൽ നിന്ന് പുറപ്പെട്ട് വടക്കേ വാതിൽ കടന്ന് പള്ളിക്ക് പ്രദക്ഷിണം വച്ച് തെക്കേ വാതിലിൽ കൂടെ പ്രവേശിച്ച് മദ്ബഹായിൽ പൂകി. ശുദ്ധ മോറാൻ പാത്രിയർക്കീസ് ബാവാ കയ്യിൽ ഇരുന്ന ചെറിയ കുപ്പിയിലെ ശു. മൂറോനും ശേഷം ഉണ്ടായിരുന്ന വലിയ കുപ്പിക്കുള്ളിലും ത്രോണോസിന്മേൽ എടുത്തുവച്ചു. പിന്നെയും കൂദാശയ്ക്കുള്ള ക്രമങ്ങൾ തുടങ്ങി. ഏറിയ ബോവൂസാകളും സംഗീതങ്ങളും കോലോകളും ശ്ലീഹാകളും ഏവൻഗേലിയോനും മറ്റും ചൊല്ലിക്കഴിഞ്ഞ ശേഷം പിന്നെയും വിശുദ്ധ മോറാൻ പാത്രിയർക്കീസ് ബാവാ മുമ്പിലത്തെ ചെറിയ കുപ്പിയിലെ മൂറോൻ എടുത്തുംകൊണ്ട് അവിടെ നിന്നും ഇറങ്ങി. പള്ളിയുടെ നടയിൽ വച്ചിരുന്ന സിംഹാസനത്തിൽ കയറിനിന്ന് കിഴക്കും പടിഞ്ഞാറും തെക്കും വടക്കും തിരിഞ്ഞ് ചില ചൊല്ലുകളും ചൊല്ലി. അവിടെ നിന്നും ഇറങ്ങി തിരികെ മദ്ബഹായിൽ വന്ന് ത്രോണോസിന്മേൽ കുപ്പി വച്ച് പിന്നെയും ഏറിയ സംഗീതങ്ങൾ ചൊല്ലിയശേഷം സ്ലീബാ എടുത്തു ശുദ്ധ മൂറോനെ വാഴ്ത്തി പിന്നീട് ഈ കഴിച്ചതിന്റെ ക്രമങ്ങളുടെ വിവരവും ശുദ്ധ മൂറോന്റെ വലിപ്പവും ജനത്തോട് അറിയിപ്പാൻ കല്പിച്ചു. ആയതു അറിയിച്ചു കഴിഞ്ഞതിന്റെ ശേഷം മോറാൻ പാത്രിയർക്കീസ് ബാവാ കുറുബാനയിൽ തുടങ്ങി. കഴിഞ്ഞശേഷം കൂദാശ ചെയ്യാതെ ഇതിൽ നിന്ന് എടുത്തു വച്ചിരുന്ന സൈത്തിൽ നിന്ന് ജനത്തെ പൂശുവാൻ കല്പിച്ചു. അതിന്റെ ശേഷം പൂശി ജനമൊക്കെയും വഴിപാടിട്ടു. 120 രൂപാ വരെ ഉണ്ടായിരുന്നു. ആ രൂപാ മുഴുവനും ശുദ്ധ മോറാൻ പാത്രിയർക്കീസ് ബാവായുടെ അവകാശം ആയിരുന്നു. അതിനാൽ അദ്ദേഹത്തിന് കൊടുക്കുകയും ചെയ്തു. ഈ ശുദ്ധ മൂറോൻ കൂദാശയ്ക്ക് തെക്കു നിന്നും വടക്കു നിന്നും ആയി ഏകദേശം 500-ൽ അധികം പട്ടക്കാരും 4000-ൽ അധികം ജനങ്ങളും കൂടീട്ടുണ്ടായിരുന്നു.

(ശെമവൂൻ മാർ ദീവന്നാസ്യോസിന്റെ നാളാഗമത്തിൽ നിന്നും)



ശെമവൂൻ മാർ ദീവന്നാസ്യോസ്



മലങ്കരയിലേയ്ക്കുള്ള യാത്രയിൽ ലണ്ടനിലെത്തിയ പ. ഇഗ്നാത്തിയോസ് പത്രോസ് മൂന്നാമൻ പാത്രിയർക്കീസും അബ്ദുള്ളാ മാർ ഗ്രീഗോറിയോസും (പിന്നീട് പാത്രിയർക്കീസ്) കാന്റർബറി ആർച്ച്ബിഷപ്പിനൊപ്പം.



കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ (CUSAT) നിന്നും സിവിൽ എഞ്ചിനീയറിങ്ങിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ ഡോ. ലിജി അന്ന മാത്യു. ചെങ്ങന്നൂർ ഉമയാറ്റുകര സെന്റ് തോമസ് ഓർത്തഡോക്സ് ഇടവക അംഗം. മുളക്കുഴ മലയിൽ അയിരുക്കുഴിയിൽ ചാക്കോ മാത്തന്റെയും കെ അന്നമ്മയുടേയും മകൾ. തിരുവൻവണ്ടൂർ തൊണ്ടിത്തറപറമ്പിൽ അർലിൻ വർഗീസിന്റെ (ടിസിഎസ്, ഇൻഫോപാർക്ക്) ഭാര്യയും, കളമശ്ശേരി ഐസാറ്റ് എഞ്ചിനീയറിംഗ് കോളജ് അദ്ധ്യാപികയുമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

മൂറോൻ കൂദാശ (1951)

(പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകളിൽ നിന്നും)

3-3-1951. കുണ്ടറ പഴയ പള്ളിക്കാർ പെരുന്നാൾ നടത്തിക്കൊടുക്കുന്നതിന് നിർബ്ബന്ധമായി നമ്മോടപേക്ഷിച്ചു എങ്കിലും യാത്രാക്ലേശം നിമിത്തം മെത്രാച്ചൻ തന്നെ പെരുന്നാൾ നടത്തിയാൽ മതിയെന്നു നാം നിശ്ചയിച്ചു. മെത്രാച്ചൻ രാവിലെ പള്ളിയിൽ എത്തി പെരുന്നാൾ നടത്തിയശേഷം 11 മണിയോടു കൂടി വീണ്ടും സെമിനാരിയിൽ എത്തി.

നമുക്കു പ്രായവും ക്ഷീണവും വർദ്ധിച്ചിരിക്കയാൽ ഇനിയും മൂറോൻ കൂദാശ ചെയ്യുവാൻ സാധിക്കുമോ എന്നു സംശയിക്കുന്നതിനാലും, കൂടെയുള്ള മെത്രാന്മാർ ഇതുപോലെയുള്ള കൂദാശകൾ നിർവ്വഹിക്കുന്നതിന് വേണ്ട പാടവമില്ലാത്തവരാകയാലും നാം സാധാരണ കൂദാശ ചെയ്യാറുള്ളതിന്റെ ഇരട്ടി എങ്കിലും കൂദാശ ചെയ്യണമെന്ന് നമ്മോട് അപേക്ഷിച്ചു. മൂറോന്റെ ആവശ്യത്തിലേക്കു വേണ്ട മരുന്ന് എവിടെ? എങ്ങനെ? ലഭിക്കും എന്ന് അന്വേഷിക്കാൻ നാം മെത്രാച്ചനോടു പറഞ്ഞു. എന്നാൽ മെത്രാച്ചൻ നമ്മുടെ ആവശ്യത്തിലേക്കു 200 കുപ്പി സൈത്തും അതിനു ചേരേണ്ട മറ്റു മരുന്നുകളും നമ്മുടെ അനുമതിയും അറിവും കൂടാതെ ഇടപാടു ചെയ്തു. 7000 രൂപയോളം അവയ്ക്കു തന്നെ വില വരുമെന്നും കൂദാശ സംബന്ധിച്ച് 10000 രൂപാ ചിലവാകുമെന്നും നമ്മെ അറിയിച്ചു. 3000 രൂപയ്ക്കു മേൽ കൂടുതൽ ചിലവു വരുമെന്നു നാം ഉദ്ദേശിച്ചിരുന്നില്ല. അതിനാൽ അളവ് കുറയ്ക്കണമെന്ന് മെത്രാച്ചനോടു നാം ആവശ്യപ്പെട്ടു. മെത്രാച്ചൻ ഇടപാടു ചെയ്യുകയും കമ്പനിക്കാർ മരുന്നു വരുത്തുകയും ചെയ്തിരിക്കെ ഇനിയും അളവു കുറയ്ക്കുന്നത് മെത്രാച്ചന്റെ അഭിമാനത്തെ ക്ഷതപ്പെടുത്തുമെന്ന് നമ്മെ അറിയിക്കുകയും അളവ് പിന്നാലെ മെത്രാച്ചനെ അറിയിക്കാമെന്ന് പറയുകയും ചെയ്തു. തൃശിനാപ്പള്ളി സ്കൂൾ സംബന്ധിച്ച് കാർത്തികപ്പള്ളിക്കാരൻ സഖറിയാ എന്നു പറയുന്ന ആ ദുഷ്ട പിശാച് മെത്രാച്ചനെ വഞ്ചിക്കാൻ ചെയ്ത ശ്രമങ്ങളിൽ മെത്രാച്ചൻ വിഷമിക്കുന്നതിനാൽ ഉടൻതന്നെ അദ്ദേഹം തൃശിനാപ്പള്ളിക്ക് മടങ്ങി.

4-3-1951. കുണ്ടറ. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ മരണാനന്തരാവസ്ഥയെ സംബന്ധിച്ചും നമ്മുടെ മരിച്ചുപോയവരോടു നമ്മൾക്കുള്ള കടമയെ സംബന്ധിച്ചും സുദീർഘം പ്രസംഗിച്ചു. ഉച്ചയ്ക്കുശേഷം കുണ്ടറ നിവാസികളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട വമ്പിച്ച പൊതുയോഗത്തിൽ സംബന്ധിക്കുന്നതിന് നമ്മുടെ ഊപ്പൻ ശെമ്മാശനും കോശി കത്തനാരും കൂടെ പോയിരുന്നു. ഗവണ്മെന്റിന്റെ ക്രൈസ്തവ വിരുദ്ധമായ പനമ്പള്ളി പദ്ധതി എന്നറിയപ്പെടുന്ന വിദ്യാഭ്യാസ നയത്തിലുള്ള പ്രതിഷേധം രേഖപ്പെടുത്തുന്നതിനു കൂടിയ ഈ യോഗത്തിൽ ആയിരക്കണക്കിനാളുകൾ തടിച്ചു കൂടിയിരുന്നതായും ജോസഫ് പേട്ട, ഫാദർ മൂത്തേടൻ, കാതോലിക് മാനേജർസ് അസോസിയേഷൻ പ്രസിഡണ്ട് ഫാദർ സെയിൽസ്, കെ. കെ. തോമസ്, വി. ഒ. ഏബ്രഹാം മുതലായി പ്രസിദ്ധ വാഗ്മികൾ പ്രസംഗിച്ചതായും പറഞ്ഞു. മീറ്റിംഗ് വളരെ വിജയപ്രദമായിരുന്നു. കുണ്ടറ പഴയപള്ളി ഇടവകക്കാരിൽ പലരും നമ്മെ സന്ദർശിച്ചു പള്ളികാര്യങ്ങൾ അറിയിക്കുകയുണ്ടായി.

5-3-1951. കുണ്ടറ. രാവിലെ നാം കുണ്ടറ പഴയ പള്ളിയിൽ എത്തി ചാന്ത്രാവിൽ കത്തനാരുടെ അപേക്ഷപ്രകാരം അയാളുടെ മകളുടെ വിവാഹം നടത്തിക്കൊടുത്തു. ഉച്ചമേശയ്ക്കു ശേഷം നാം പരുമല മാനേജരുടെ ആവശ്യപ്രകാരം കായംകുളത്തിനു പോയി. കറ്റാനത്തു തോമസ് കത്തനാർ യാതൊരു കാര്യവുമില്ലാതെ നമ്മെ ക്രിമിനൽ കേസിൽ പ്രതിയാക്കുകയാൽ മജിസ്ട്രേട്ടിന്റെ മുമ്പിൽ ഹാജരാകേണ്ട ആവശ്യം ഉണ്ടായിരുന്നതുകൊണ്ടാണു നാം കായംകുളത്തിനു പോയത്. നമ്മെ കച്ചേരിയുടെ ഗയിറ്റുങ്കൽ എത്തി വക്കീൽ മുഖാന്തരം ജാമ്യം വാങ്ങി മടങ്ങി കായംകുളം ദയറായിൽ താമസിച്ചു. അന്നു തന്നെ കടമ്പനാട്ടുള്ള നമ്മുടെ പേരിലുള്ള വസ്തു നല്ല വിലയ്ക്കു വിൽക്കാമെന്നും അതിന് ആളുകളെ അന്വേഷിക്കുന്നു എന്നു പയ്യമ്പള്ളിൽ കത്തനാർ നമ്മെ അറിയിക്കുകയാൽ സൗകര്യംപോലെ വില്പന നടത്തി പണം ഈടാക്കി നമ്മെ ഏല്പിക്കുന്നതിന് വസ്തുവിന്റെ ആധാരം നാം പയ്യമ്പള്ളിൽ ദാവീദ് കത്തനാർക്കു എഴുതിക്കൊടുത്തു. കായംകുളം പള്ളിക്കാരായ ഒട്ടധികം ആളുകൾ നമ്മെ സന്ദർശിച്ചു അവർക്കു നമ്മോടും സിംഹാസനത്തോടുമുള്ള ഭക്തിബഹുമാനാദരങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി.



6-3-1951. പരുമല. രാവിലെ നാം കായംകുളത്തു നിന്നും പുറപ്പെട്ടു ഉച്ചയോടു കൂടി പരുമല സെമിനാരിയിൽ എത്തി. പരുമല സെമിനാരി കാര്യങ്ങൾ അന്വേഷിക്കുകയും കണക്കുകൾ പരിശോധിക്കുകയും ചെയ്തശേഷം തിരുവല്ലാ ബഥനി അരമനയിൽ നിന്നു ഏലിയാസ് തോമസച്ചന്റെ ആവശ്യപ്രകാരം അടുത്ത ദിവസം അവിടെ എത്താമെന്നു സമ്മതിച്ചു.

7-3-1951. തിരുവല്ല. ഉച്ചമേശയ്ക്കു ശേഷം നാം പരുമല സെമിനാരിയിൽ നിന്നും പുറപ്പെട്ട് തിരുവല്ല അരമനയിൽ എത്തി. അവിടെവച്ച് എം.ജി.എം. സ്കൂൾ സ്ഥലം സംബന്ധിച്ച് പാത്രിയർക്കാ കക്ഷികൾ കൊടുത്ത ഒരു കേസിൽ നമ്മെ കമ്മീഷൻ മുഖാന്തരം വിസ്തരിക്കണമെന്നാവശ്യപ്പെട്ടിരുന്നു എങ്കിലും വക്കീലന്മാരുടെ അസൗകര്യം മൂലം അത് നമുക്കു സൗകര്യമുള്ള വേറൊരു ദിവസത്തേക്കു മാറ്റിവയ്ക്കണമെന്ന് നമ്മോടാവശ്യപ്പെട്ടു.

8-3-1951. തിരുവല്ല. നമ്മുടെ പയ്യമ്പള്ളിൽ അബ്രഹാം കത്തനാർ മൂറോൻ കൂദാശയ്ക്കാവശ്യമുള്ള ജാതിക്കാ തരാമെന്നു പറഞ്ഞു. എം.ജി.എം. സ്കൂളിലെ അദ്ധ്യാപകർ പണിമുടക്കിൽ നിന്നും പിന്മാറി സ്വയം സംതൃപ്തരായി കഴിയുന്നതായി അയാൾ നമ്മെ അറിയിച്ചു. പത്തു മണിയോടു കൂടെ നാം കോട്ടയത്തിനു തിരിച്ചു.

9-3-1951. കോട്ടയം. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനയ്ക്കുശേഷം ചെറിയപള്ളിയിൽ എരുത്തിക്കൽ യൗസേപ്പു കത്തനാർ പൊതുയോഗം സംബന്ധിച്ചു ഏതോ അസംതൃപ്തിയിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ട്രസ്റ്റികൾക്കു നിരോധനാജ്ഞ വാങ്ങിക്കൊടുത്തതായും മറ്റും നമ്മെ അറിയിക്കുകയും സംഗതികൾ അസുഖകരമായി വരുന്നല്ലോ എന്നു വിചാരിച്ച് എരുത്തിക്കൽ കത്തനാരെ വരുത്തി അയാളുടെ സമാധാനം കേട്ട് കുഴപ്പങ്ങൾക്കു ഒരു പരിഹാരം നിർദ്ദേശിക്കുന്നതിലേക്കു നാം അയാളെ വിളിക്കാൻ നമ്മുടെ മാനേജർ കത്തനാരെയും, കിഴക്കേഅറ്റത്തു കുഞ്ഞപ്പനെയും മാളിയേക്കൽ മാണി അബ്രഹാമിനെയും നിയോഗിച്ചു. അവർ അയാളെ കണ്ടു സംസാരിക്കുകയും അയാൾക്കുള്ള സങ്കടങ്ങൾ നമ്മെ അറിയിക്കുന്നതിന് ശനിയാഴ്ച രാത്രി ഇവിടെ എത്തിക്കൊള്ളാമെന്നും നമ്മുടെ തീരുമാനപ്രകാരം നടന്നുകൊള്ളാമെന്നും അയാൾ സമ്മതിക്കുകയുമുണ്ടായി.

10-3-1951. കോട്ടയം. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനയ്ക്കു ശേഷം കുന്നംകുളത്തു തെക്കേക്കര ജോബിന്റെയും ഏലിയാമ്മയുടെയും മകൾ

കുഞ്ഞിനെ നാം മാമോദീസാ മുക്കി. കൊച്ചിന് അന്ന എന്നു പേരിട്ടു. അതിന്റെ ജന്മദിനം ഡിസംബർ 19, 1950 ആയിരുന്നു.

എരുത്തിക്കൽ മർക്കോസ് കത്തനാർ യൗസേപ്പു കത്തനാരുടെ injunction പെറ്റീഷൻ കേസിൽ ചെറിയപള്ളി ട്രസ്റ്റികൾ ഇന്നു പത്രിക വച്ചു.

11-3-1951. കോട്ടയം. ഇന്ന് കൊത്തിനെ (പേത്തുർത്തോ) ഞായറാഴ്ചയാണ്. നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. നമ്മുടെ ആളുകൾ ധാരാളം പള്ളിയിൽ കൂടിയിരുന്നു. പള്ളി പിരിഞ്ഞ ഉടനെ തന്നെ ചെറിയപള്ളിയിൽ കുർബ്ബാനയിൽ സംബന്ധിച്ച ചിലർ ഓടിവന്ന് എരുത്തിക്കലച്ചന്റെ കക്ഷിമാറ്റത്തെ സംബന്ധിച്ചും തുബ്ദേന്റെ മദ്ധ്യേ മാർ ഗ്രീഗോറിയോസ് എന്നു ചൊല്ലുന്നതിനു പകരം ശുശ്രൂഷക്കാരനെക്കൊണ്ടു അത്താനാസ്യോസ് എന്നു ചൊല്ലിക്കാൻ ശ്രമിച്ചതായും, ശുശ്രൂഷക്കാരൻ ചൊല്ലാൻ വിസമ്മതിക്കയാൽ അച്ചൻ തന്നെ അത്താനാസ്യോസ് എന്നു ചൊല്ലിയതായും സിംഹാസനപ്പള്ളി ഇടവകയിൽപെട്ട ചിലർ പതിവില്ലാതെ ഇന്നേ ദിവസം പള്ളിയിൽ വന്നിരുന്നു എന്നും മറ്റും അറിയിക്കുകയുണ്ടായി.

ഇതു സംബന്ധിച്ചു സൂക്ഷ്മവിവരം അന്വേഷിച്ചറിയുന്നതിനായി നമ്മുടെ ഉപ്പൂട്ടിലെ തോമ്മാച്ചൻ, കല്ലറയ്ക്കലെ ബേബി മുതൽപേരെ നാം നിയോഗിച്ചു. അവർ ചെന്ന് അന്നേ ദിവസം പള്ളിയിൽ കുർബ്ബാനയിൽ സംബന്ധിച്ച നമ്മുടെ ആളുകളെ സമീപിച്ചു സൂക്ഷ്മ വിവരങ്ങൾ ഗ്രഹിച്ചു.

ഉപ്പൂട്ടിൽ തോമ്മാച്ചനും അവറാൻ കുട്ടിയും കൂടെ വെച്ച പത്രിക കണ്ടപ്പോഴേക്കും അച്ചനു വലിയ നിരാശയായി. താൻ കൊടുത്ത കേസിൽ തനിക്ക് വലിയ ദോഷം നേരിടുമെന്നും ഇടവകജനങ്ങളുടെ മദ്ധ്യേ കൂടുതൽ അതൃപ്തി ജനിക്കുകയും ചെയ്യുമെന്നു ഭയന്ന് ടി. യു. ഫീലിപ്പോസിനെ സമീപിച്ച് ആലോചന നടത്തുകയും അയാളുടെ നിർദ്ദേശാനുസരണം കുർബ്ബാനമദ്ധ്യേ അത്താനാസ്യോസ് എന്ന് ചൊല്ലി കക്ഷിമറിച്ചിൽ സാധിക്കാമെന്നു കരുതി പ്രവൃത്തിക്കുകയും ചെയ്തതാണെന്നും മറ്റും അവർ റിപ്പോർട്ടു ചെയ്തു.

ഇന്നലെ വരെ നമ്മോടു കൂടെ നമ്മുടെ കല്പനപ്രകാരം ചെറിയ പള്ളിയിലെ തവണ വികാരിയായി കർമ്മം നടത്തിവന്ന ഇയാൾ യാതൊരു കാരണവും കൂടാതെ അർത്ഥശൂന്യമായ ഈ പ്രലോഭനങ്ങൾ കാട്ടിയതിൽ നമുക്കയാളോടു വളരെ സഹതാപം തോന്നി. അയാളുടെ മകൻ ശെമ്മാശനും, മൂത്ത മകൻ തിരുവനന്തപുരം പള്ളി ട്രസ്റ്റി മർക്കോച്ചനും മറ്റു പിള്ളാർക്കും നമ്മോടും സഭയോടുമുള്ള ഭക്തിവൈരാഗ്യാദികൾ നമുക്ക് നേരിട്ടു ബോധ്യമുള്ളതാകയാൽ ആ പിള്ളാരെ ഓർത്ത് ഇയാളുടെമേൽ നമുക്കു കൂടുതൽ സഹതാപവും ഇയാളുടെ ബുദ്ധിശൂന്യമായ പ്രവൃത്തിയിൽ ദുഃഖവും തോന്നി.

ഉച്ചയ്ക്കുശേഷം നാം തന്നെ ചെറിയപള്ളിയിലെത്തി അയാളോടു സമാധാനം ചോദിച്ചു അയാൾക്കു വല്ല പരാതികളോ മറ്റോ ഉണ്ടെങ്കിൽ അവയ്ക്കു പരിഹാരം നിർദ്ദേശിച്ചു സംഗതികൾ കുഴപ്പമില്ലാത്ത നിലയിൽ ആക്കാമെന്നു വിചാരിച്ച് അയാളുടെ പേർക്ക് ആളയച്ചു. അയാൾ പാത്രിയർക്കീസ് കക്ഷികളുമായി കൂടിയാലോചന നടത്തുന്നതായി നമുക്കറിവു കിട്ടി. നമ്മോടു കൂടെ ഇന്നലെ വരെ ഉറച്ചുനിന്നവർ പൊതുയോഗം സംബന്ധിച്ച ഏതോ അഭിപ്രായ വ്യത്യാസം നിമിത്തം കക്ഷിയില്ലാത്ത കോട്ടയം ചെറിയപള്ളിയിൽ നമ്മുടെ പരിപൂർണ്ണ സ്വാതന്ത്ര്യത്തെയും അവകാശാധികാരങ്ങളെയും വിസ്മരിച്ച് പാത്രിയർക്കീസ് കക്ഷി ഉണ്ടാക്കാൻ ഇയാൾ സ്വീകരിച്ച ഗൂഢശ്രമങ്ങളാൽ അസംതൃപ്തരും ക്ഷുഭിതരുമായ ഇടവകക്കാർ നമ്മുടെ മുമ്പാകെ വന്ന് കത്തനാരെപ്പറ്റി പരാതിപ്പെട്ടു. നാം അവരെ സമാധാനപ്പെടുത്തി.

12-3-1951. ചെറിയപള്ളി, കോട്ടയം. എരുത്തിക്കൽ കത്തനാർ നമ്മുടെ മുമ്പാകെ ഹാജരായി അയാൾക്കുള്ള സങ്കടങ്ങൾ ഉണർത്തിക്കുന്നതിനും അയാളുടെ അനാശാസ്യമായ നടപടികളെ സംബന്ധിച്ച് അയാൾക്കുള്ള സമാധാനം ബോധിപ്പിക്കുന്നതിലേക്കും ഉടനെതന്നെ നമ്മുടെ മുമ്പാകെ വരണമെന്ന് അയാളോടാവശ്യപ്പെടുന്നതിലേക്കു കിഴക്കേഅറ്റത്തെ കുഞ്ഞപ്പനെയും മാളിയേക്കൽ അവറാച്ചനെയും നമ്മുടെ പഴയസെമിനാരി മാനേജർ കത്തനാരെയും വീണ്ടും നാം നിയോഗിച്ചു. ഇതിനകം അയാൾ ടി. യു. ഫീലിപ്പോസിന്റെ പിടിയിൽ അമർന്ന് സ്ഥലത്തെ പ്രബല പാത്രിയർക്കാ കക്ഷികളുമായി ആലോചന ചെയ്യുന്നതായി നമുക്കറിവു കിട്ടി.

13-3-1951. ചെറിയപള്ളി. എരുത്തിക്കൽ കത്തനാരുടെ നടപടിയിൽ പ്രതിഷേധം രേഖപ്പെടുത്തിയും അയാളുടെ ധിക്കാര പ്രവർത്തനങ്ങളെ സംബന്ധിച്ചു അയാളെ വിസ്തരിച്ചു അയാളുടെമേൽ ശിക്ഷണ നടപടി കൈക്കൊള്ളേണ്ടതിന്റെ ആവശ്യകതയെ ചൂണ്ടിക്കാണിച്ചും ഇടവകക്കാർ നമ്മുടെ മുമ്പാകെ അപേക്ഷ ബോധിപ്പിച്ചു.

അടുത്ത ദിവസം മൂന്നു മണിക്കു മുമ്പ് നമ്മുടെ മുമ്പാകെ ഹാജരായി സമാധാനം ബോധിപ്പിക്കാത്തപക്ഷം നാം എരുത്തിക്കൽ കത്തനാരുടെ മേൽ ശിക്ഷണ നടപടികൾ നടത്തുമെന്നു അയാളെ നമ്മുടെ ചെറിയപള്ളിയിൽ നിന്നും നിരോധിക്കുന്നതായിരിക്കുമെന്നും കാണിച്ചു നോട്ടീസയച്ചു.

14-3-1951. എരുത്തിക്കൽ കത്തനാർ നമ്മെ സമീപിക്കാതെ എതൃകക്ഷികളുമായി ദുരാലോചനകൾ ചെയ്യുന്നതായി പരക്കെ സംസാരമുണ്ട്. തുബ്ദേന്റെ സമയത്ത് കത്തനാർ നിർബ്ബന്ധിച്ചെങ്കിലും അത്താനാസ്യോസെന്നു ചൊല്ലാൻ വിസമ്മതിച്ച അയാളുടെ മകൻ നമ്മുടെ മുമ്പാകെ വരുകയും സംഗതികളെല്ലാം പറകയും ചെയ്തു. ശെമ്മാശനും കുഞ്ഞപ്പനും ഉൾപ്പെടെ മക്കളെല്ലാം കത്തനാരുടെ ഈ നടപടിയെ ചെറുക്കുന്നെങ്കിലും അവരുടെ നിസ്സഹായ അവസ്ഥയെപ്പറ്റി ഓർത്തു അവൻ നമ്മുടെ മുമ്പാകെ കണ്ണുനീർ വാർത്തു. നാം ആ പിള്ളാരെ ഓർത്ത് അയാളോടു കരുണ ചെയ്യാമെന്ന് വിചാരിച്ചു ദീർഘക്ഷമയോടെ കാത്തിരുന്നിട്ടും യാതൊരു പ്രയോജനവും ഉണ്ടായില്ല.

15-3-1951. കോട്ടയം ചെറിയപള്ളി. അതിരാവിലെ എരുത്തിക്കൽ കത്തനാരുടെ മൂത്ത മകൻ നമ്മുടെ മുമ്പാകെ വന്ന് വളരെയധികം കരയുകയുണ്ടായി. നാം വളരെയധികം ക്ഷമിച്ചെന്നും ഇനിയും ക്ഷമിക്കാൻ തയ്യാറാണെന്നും അയാൾ മനസു തിരിഞ്ഞു നമ്മെ സമീപിക്കട്ടെ, അയാളെ നാം സ്വീകരിച്ച് സകല കടങ്ങളും പരിഹരിച്ചുകൊള്ളാമെന്നും പറഞ്ഞ് അവനെ അയച്ചു.

അവന്റെ വിലാപം നമ്മുടെ ഹൃദയത്തെ വല്ലാതെ സ്പർശിച്ചു. പത്തുമണിയോടു കൂടി കൊച്ചുമെത്രാച്ചൻ ഇവിടെ എത്തി. എരുത്തിക്കൽ കത്തനാരെ കണ്ട് അയാളെ രക്ഷിക്കാൻ മെത്രാച്ചൻ കൂടെ ഒന്നു ശ്രമിക്കുക എന്നു നാം പറഞ്ഞതനുസരിച്ച് മെത്രാച്ചൻ നടത്തിയ സുദീർഘമായ ആ അന്ത്യശ്രമവും വിഫലീഭവിച്ചു.

കത്തനാരുടെ ഹൃദയം ഫറവോന്റേതിനെപ്പോലെ കഠിനപ്പെട്ടു വരുകയാണെന്നും, അനുതപിച്ചു നമ്മുടെ മുമ്പാകെ തിരികെ വരുക അസാദ്ധ്യമാണെന്നും നമുക്കു ബോധ്യമാകയാൽ അയാളെ ചെറിയപള്ളി, കുരിശുപള്ളി, പുത്തൻപള്ളി ഈ പള്ളികളിൽ നിന്നും നിരോധിക്കുകയും പകരം ചാലകരിൽ ഗീവറുഗീസ് കത്തനാരെ തവണ വികാരിയായി നിയമിക്കുകയും ചെയ്തു.

16-3-1951. കോട്ടയം ചെറിയപള്ളി. നമ്മുടെ നിരോധനാജ്ഞയുടെ പകർപ്പ് ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ മുമ്പിൽ ഹാജരാക്കി എരുത്തിക്കൽ കത്തനാർക്ക് ഒരു മാസത്തേക്കു injunction കൊടുത്തതായി നമ്മുടെ ആളുകൾ നമ്മെ അറിയിച്ചു. ഉച്ചയ്ക്കുശേഷം നാം പഴയസെമിനാരിയിൽ എത്തി.

16-3-1951. കോട്ടയം. എരുത്തിക്കൽ കത്തനാർ അയാളുടെ മേലുള്ള നിരോധനത്തിനു സ്റ്റേ വാങ്ങാൻ ഹൈക്കോർട്ടിൽ പരാതിപ്പെട്ടു. ഹൈക്കോടതി അയാളുടെ പെറ്റീഷൻ തള്ളി.

17-3-1951. കോട്ടയം. ചാലകരിയിൽ ഗീവറുഗീസ് കത്തനാർ ഇന്ന് ചെറിയപള്ളിയിൽ വി. കുർബ്ബാന അർപ്പിക്കുകയുണ്ടായി. എരുത്തിക്കൽ കത്തനാർക്കു പകരം അയാളെ നിയമിച്ചു നാം പള്ളിക്കയച്ച കല്പന വായിച്ചു.

18-3-1951. കോട്ടയം. ഇന്ന് നാം പഴയസെമിനാരി ചാപ്പലിൽ വി. കുർബ്ബാന അർപ്പിച്ചു. മുറപ്രകാരം കല്ലുപുരയ്ക്കൽ ഫീലിപ്പോസ് കത്തനാർ ചെറിയപള്ളിയിലും വി. കുർബ്ബാന അർപ്പിക്കുകയുണ്ടായി. എന്നാൽ ചാലകരിയിലച്ചൻ കുരിശുപള്ളിയിൽ വി. കുർബ്ബാന അർപ്പിക്കാൻ ചെന്നപ്പോൾ തെക്കേത്തലയ്ക്കൽ ടി. യു. ഫീലിപ്പോസിന്റെ നേതൃത്വത്തിൽ കുറെ റൗഡികൾ അച്ചനെ തടയാൻ ശ്രമിച്ചു. അച്ചനെ തടയാൻ സാധിക്കുകയില്ലെന്നു കണ്ടപ്പോൾ അവർ കമ്മ്യൂണിസ്റ്റു മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ടു വഴിയിൽ കിടന്നു മാർഗ്ഗതടസ്സം ചെയ്തു. എന്നാൽ പോലീസ് ഇടപെട്ടു അക്രമികളെ മാറ്റി അച്ചന് വഴി തെളിക്കുകയാൽ അച്ചൻ കുരിശുപള്ളിയിൽ പ്രവേശിച്ചു കുർബ്ബാന അനുഷ്ഠിച്ചു.

കഴിഞ്ഞ രാത്രിയിൽ പേരൂർ എന്ന സ്ഥലത്ത് പോലീസും നാട്ടുകാരുമായി ഒരു ഭയങ്കര സംഘട്ടനം നടന്നതായി നമുക്കറിവു കിട്ടി.

19-3-1951. കോട്ടയം. കുരിശുപള്ളി ട്രസ്റ്റി മാളിയേക്കൽ മാണി പുന്നനും മാളിയേക്കൽ മാണി ഏബ്രഹാമും കൂടെ നമ്മെ സന്ദർശിച്ചു. നമ്മുടെ ന്യായമായ അവകാശാധികാരങ്ങളെ അവഗണിച്ചുള്ള എതൃകക്ഷിയുടെ സകല പ്രവർത്തനങ്ങളെയും ചെറുക്കുന്നതാണെന്ന് നമ്മെ അറിയിച്ചു.

തുടർച്ചയായി മൂന്നാലു കൊല്ലം ചെറിയപള്ളി കൈക്കാരനായി പ്രവർത്തിച്ച

മാണി ഏബ്രഹാം അയാളുടെ കൈവശമുള്ള നിരവധി റിക്കാർട്ടുകൾ നമ്മുടെ മുമ്പാകെ സമർപ്പിക്കുകയും എരുത്തിക്കൽ കത്തനാർ നമ്മുടെ അധികാരത്തിൻകീഴിൽ ഇരുന്ന് ചെയ്തിട്ടുള്ള ഓരോ പ്രവർത്തനങ്ങൾക്കും തെളിവുകൾ കാണിക്കുകയും, മറുത്തു നിൽക്കുന്നത് അയാളുടെ നാശത്തിനാണെന്നു ചൂണ്ടിക്കാണിക്കുകയും ചെയ്തു.

20-3-1951. എരുത്തിക്കൽ കത്തനാർക്കു കൊടുത്ത നിരോധന ഉത്തരവു സംബന്ധിച്ചു വാദി പ്രതികളെ വിസ്തരിക്കുന്നതിന് നിശ്ചയിച്ച തീയതി ആകയാൽ ആവശ്യമായ സകല തെളിവുകളും റിക്കാർട്ടുകളും ഇന്നേ ദിവസം കോടതിയിൽ ഹാജരാക്കി.

പുതുതായി തിരഞ്ഞെടുത്ത ചെറിയപള്ളി ട്രസ്റ്റി അവറാൻകുട്ടിയെ വിസ്തരിച്ചു. തുടർന്ന് വിസ്താരം അടുത്ത ദിവസം നടത്താമെന്നു ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ് സമ്മതിച്ചെങ്കിലും എരുത്തിക്കൽ കത്തനാർ സമ്മതിക്കാഞ്ഞതുകൊണ്ടു 29-ാം തീയതിക്കു അവധി മാറ്റി വയ്ക്കുകയുണ്ടായി.

21-3-1951. കോട്ടയം. പേരൂർ സംഭവത്തിന്റെ അതിഭീകരധ്വനി നാടെങ്ങും മാറ്റൊലി കൊണ്ടു. പ്രധാനമന്ത്രി മുതൽ നിരവധി ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാർ സംഭവസ്ഥലം സന്ദർശിക്കുകയും പോലീസിന്റെ നിഷ്ഠൂരമായ മർദ്ദന വിവരങ്ങൾ ഗ്രഹിച്ച് പോലീസിന്റെ പ്രവർത്തനത്തിൽ അമർഷം കൊള്ളുകയും ചെയ്തു.

22-3-1951. കോട്ടയം. എരുത്തിക്കൽ കത്തനാർ ഒത്തുതീർപ്പിനായി ശ്രമിക്കുന്നുണ്ടെന്നു കേൾക്കുന്നു. നാം ഇപ്പോഴും സമാധാനത്തിനു തയ്യാറാണ്. അയാൾ നമ്മുടെ മുമ്പാകെ വന്ന് അയാളുടെ കുറ്റങ്ങൾ ഏറ്റാൽ മതിയാകുന്നതാണ്.

ഇന്ന്, മൂറോൻ കൂദാശയ്ക്കു പള്ളികളിൽ നിന്നും നിശ്ചിത തുക നമ്മുടെ പേർക്ക് അയച്ചുതരണമെന്നു കാണിച്ചുള്ള കല്പന എല്ലാ പള്ളികൾക്കും അയച്ചു. മൂറോൻ കൂദാശയ്ക്കു വേണ്ടിയുള്ള പിരിവായതിനാൽ വിജയകരമാകുമെന്നാണ് നമ്മുടെ വിശ്വാസം.

23-3-1951. കോട്ടയം. ഇന്ന് ചാലാശ്ശേരിൽ ഗീവറുഗീസ് കത്തനാർ, നാളത്തെ കുരിശുപള്ളിയിലെ കുർബ്ബാന ചൊല്ലുവാൻ വന്നിട്ടുണ്ട്. നാളെ അവിടെ കുർബ്ബാന ചൊല്ലുവാനുള്ള നമ്മുടെ കക്ഷിയുടെ ഏതു ശ്രമത്തെയും ധൈര്യമായി ചെറുക്കുന്നതാണെന്നു കാണിച്ചു ഏതൃകക്ഷിക്കാർ നോട്ടീസ് അടിച്ചിറക്കിയിട്ടുണ്ട്. കൂടാതെ ഇന്നു വൈകുന്നേരം പുത്തനങ്ങാടി സ്കൂൾ മൈതാനത്തു വച്ച് കെ. വി. ഏബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ ഒരു പ്രതിഷേധയോഗം നടക്കുന്നുവെന്നും ആ നോട്ടീസിലുണ്ട്. ആ നോട്ടീസിൽ പറഞ്ഞിരിക്കുന്ന സംഗതികൾ കള്ളമാണെന്നു കാണിച്ചും വാസ്തവ സ്ഥിതിഗതികൾ വിവരിച്ചും ഒരു എതിർ നോട്ടീസ് ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാം ഒരു ഇടവകക്കാരൻ എന്നു പേരുവച്ച് അടിച്ചിറക്കിയിട്ടുണ്ട്. ഏതായാലും ജില്ലാ കളക്ടർ പി. എ. കാസിം നമ്മുടെ ചെറിയപള്ളി, കുരിശുപള്ളി, പുത്തൻപള്ളി ഈ പള്ളികൾ പൂട്ടി മുദ്ര വയ്ക്കുവാൻ ഓർഡർ ഇട്ടിട്ടുണ്ടെന്നു അറിവായിരിക്കുന്നു. അതിൻപ്രകാരം നമ്മുടെ കല്ലുപുരയ്ക്കൽ ഫീലിപ്പോസു കത്തനാർക്കും ആരാധനകൾ നടത്തുവാൻ നിവൃത്തിയില്ലെന്നറിയുന്നതിൽ നാം ഖേദിക്കയല്ലാതെ എന്തു ചെയ്യുന്നു. ടി ഉത്തരവ് സ്റ്റേ ചെയ്തു കിട്ടുന്നതിലേക്കു ഹൈക്കോടതിയിൽ പെറ്റീഷൻ കൊടുക്കുവാൻ എം. സി. മാത്യു, മണലിൽ യാക്കോബ് കത്തനാർ എന്നിവർ എറണാകുളത്തിനു പോയിട്ടുണ്ട്.

24-3-1951. കോട്ടയം. ഇന്ന് നാം ഇവിടെ വി. കുർബ്ബാന ചൊല്ലി. ചെറിയപള്ളിയിലും, കുരിശുപള്ളിയിലും, പുത്തൻ പള്ളിയിലും വി. കുർബ്ബാന ചൊല്ലിയില്ല. പുത്തനങ്ങാടി സ്കൂൾ മൈതാനത്തെ ... നമ്മെ കുറ്റം പറഞ്ഞുള്ള പ്രസംഗങ്ങളാണ് നടന്നതെന്നു കേൾക്കുന്നു. രാവിലെ കുർബ്ബാനയ്ക്കു ശേഷം നാം മലയാള മനോരമയുടെ പുതിയ മുറികളുടെ കൂദാശാകർമ്മം നടത്തുവാൻ പോയി. മനോരമയ്ക്കു പുതിയതായി ഒരു റോട്ടറി പ്രസ്സ് വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. മാമ്മൻ മാപ്പിളയ്ക്കും കെ. എം. ചെറിയാനും മറ്റും വലിയ സന്തോഷമായിരുന്നു.

എറണാകുളത്തു നിന്നും എം. സി. മാത്യുവും യാക്കോബ് കത്തനാരും തിരിച്ചു വന്നു. .... ചെയ്തു. വാദം കേൾക്കുന്നതിനായി അടുത്ത വ്യാഴാഴ്ച (29 മാർച്ച്) ത്തേക്കു പോസ്റ്റു ചെയ്തിരിക്കുകയാണ്. സ്റ്റേ ഓർഡർ കിട്ടിയില്ല. നമ്മുടെ വക്കീൽ പി. ഐ. തോമസ് ആണ്.

25-3-1951. വലിയ നോമ്പിൽ മൂന്നാമത്തെ ഞായറാഴ്ച ആയിരുന്നു. ഇന്നിവിടെ ധാരാളം ആളുകൾ ഉണ്ടായിരുന്നു. കുർബ്ബാനമദ്ധ്യേ പഴഞ്ഞിക്കാരൻ അബ്രഹാം ശെമ്മാശനും, സ്ലീബാദാസൻ കുറിയാക്കോസ് (തുമ്പമൺകാരൻ) ശെമ്മാശനും അമിച്ചകരിക്കാരൻ ജോൺ ശെമ്മാശനും പരുമല കളത്രയാക്കോബ് ശെമ്മാശനും പൂർണ്ണ ശെമ്മാശുപട്ടം കൊടുത്തു. തുടർന്നു കുർബ്ബാനയ്ക്കുശേഷം ചെറിയപള്ളിയിൽ നിന്നും കല്ലുപുരയ്ക്കൽ ഫീലിപ്പോസ് കത്തനാർ ഇവിടെ വന്നിരുന്നു. അയാൾക്ക് ഇന്ന് എങ്ങും കുർബ്ബാന ചൊല്ലുവാൻ സാധിച്ചില്ല. അയാൾ ചെറിയപള്ളി മേടയിൽ തന്നെ ഇരിപ്പായിരുന്നു.

ഇന്ന് ഇവിടുത്തെ പറമ്പിൽ ചന്ത തുടങ്ങി. അഞ്ചാറു ദിവസത്തെ ചന്തയുണ്ടെന്നാണ് തോന്നുന്നത്.

26-3-1951. കോട്ടയം. ഇന്ന് കല്ലട പീടികയിൽ ഗീവറുഗീസ് കത്തനാർ ഇവിടെ വന്നിട്ടുണ്ട്. കൊടുവിള പള്ളി പണി സംബന്ധിച്ച സംഗതികളിൽ കൊടുവിള കോശി കത്തനാരും ടി ഗീവറുഗീസ് കത്തനാരും തമ്മിൽ ഏതോ അഭിപ്രായ വ്യത്യാസമാണുള്ളത്. കോശി കത്തനാരെ കൂടി കൂട്ടിക്കൊണ്ടു വരുവാൻ ഞാൻ ടി ഗീവറുഗീസ് കത്തനാരോടു പറഞ്ഞിരിക്കയാണ്. ഇന്ന് സന്ധ്യയ്ക്കുശേഷം പൂപ്പള്ളി കുട്ടിച്ചൻ, എം. സി. മാത്യു, ഉപ്പൂട്ടിലെ കുഞ്ഞച്ചൻ, കല്ലറയ്ക്കൽ ബേബി, മണലിൽ യാക്കോബ് കത്തനാർ, ഇവിടുത്തെ മാനേജർ കത്തനാർ എന്നിവർ ഫോർവേർഡ് ബാങ്കിൽ കൂടി ചെറിയപള്ളി കാര്യങ്ങളെക്കുറിച്ചുള്ള ആലോചനകൾ നടത്തി. ഇവിടുത്തെ ഡിസ്ട്രിക്ട് കളക്ടർ കാസിമിനു തിരുവനന്തപുരം ജില്ലയിലേക്കു സ്ഥലംമാറ്റമാണെന്നു കേട്ടു.

27-3-1951. കോട്ടയം. ഇന്നത്തെ പത്രങ്ങളിൽ കാസിമിന് സ്ഥലംമാറ്റമാണെന്നും, വേറൊരു ഗോപാലൻ നായർ ഇവിടുത്തെ ഡിസ്ട്രിക്ട് കളക്ടർ ആയി വരുന്നുവെന്നും കാണുന്നു. പേരൂർ സംഭവം സംബന്ധിച്ച് കോട്ടയത്തെ പോലീസ് ആഫീസറന്മാരെയെല്ലാം സ്ഥലംമാറ്റിയിരിക്കുന്നു.

28-05-1951. കോട്ടയം. ഇന്ന് മലയാള മനോരമ പത്രത്തിന്റെ വജ്രജൂബിലി ദിവസമായിരുന്നു. അതു സംബന്ധിച്ചുള്ള പബ്ലിക്ക് മീറ്റിംഗ് നമ്മുടെ അനുവാദപ്രകാരം നമ്മുടെ എം.ഡി. സെമിനാരി ഹൈസ്കൂളിന്റെ ഗ്രൗണ്ടിൽ വച്ചായിരുന്നു. ടി മീറ്റിംഗിൽ സംബന്ധിക്കുവാൻ നാം പോയിരുന്നു. രാവിലെ ഒമ്പതു മണിക്ക് നാം ഏലിയാ ചാപ്പലിൽ എത്തിയെങ്കിലും 11.30-നാണ് സമ്മേളന പന്തലിൽ നാം പോയത്. സമ്മേളനം വള്ളത്തോൾ നാരായണ മേനോന്റെ അദ്ധ്യക്ഷതയിലും ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ഇപ്പോഴത്തെ പ്രഥമ പ്രസിഡന്റിന്റെ സാന്നിധ്യത്തിലുമാണ് നടന്നത്. കെ. പി. കേശവമേനോൻ, കെ. പി. ഗോപാലമേനോൻ, ചീഫ് സെക്രട്ടറി കെ. ജി. മേനോൻ, എം. സി. മാത്യു, പാലാമ്പടം പി. റ്റി. തോമസ്, എ. വി. ജോർജ്, കെ.പി.സി.സി. പ്രസിഡണ്ട് കുമ്പളത്തു ശങ്കുപിള്ള, പാമ്പാടി മെത്രാച്ചൻ, പീലക്സിനോസ് മെത്രാച്ചൻ, റീത്തിൽ പോയ സേവേറിയോസ് മെത്രാച്ചൻ, തറയിൽ ബിഷപ്പ്, ബിഷപ്പ് ആംബ്രൂസ്, സി. കെ. ജേക്കബ് ബിഷപ്പ്, യൂഹാനോൻ മാർത്തോമ്മാ മെത്രാൻ, മാത്യൂസ് അത്താനാസ്യോസ് മെത്രാൻ എന്നിവർ വന്നിട്ടുണ്ടായിരുന്നു. ഇന്ത്യൻ പ്രസിഡണ്ട് ഡോ. രാജേന്ദ്രപ്രസാദ് ഒരു ചെറിയ പ്രസംഗം ചെയ്തു. അയാൾ 12.10-നു തിരിച്ചുപോയി. നാം 12.20-നു ഏലിയാ ചാപ്പലിൽ നമസ്കാരം നടത്തി. ഒരു മണിക്കുശേഷം ഇവിടെ സെമിനാരിയിൽ എത്തി. കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ ഒരു പടം വള്ളത്തോൾ അനാച്ഛാദനം ചെയ്തു. റോട്ടറി പ്രസ്സിന്റെ ഉദ്ഘാടനം കെ. പി. കേശവമേനോൻ നിർവ്വഹിച്ചു.

29-3-1951. കോട്ടയം. ചെറിയപള്ളിക്കേസ് ഇന്ന് നടന്നില്ല. ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് മി. പി. എ. കാസിം ഇന്ന് തിരുവനന്തപുരത്തിനു സ്ഥലം മാറിപ്പോയി. കേസ് ഏപ്രിൽ 12-ലേക്കു പോസ്റ്റ് ചെയ്തു. നമ്മുടെ വക്കീൽ പി. റ്റി. ചാക്കോ ഹാജരുണ്ടായിരുന്നു.

30-3-1951. കോട്ടയം. ഇന്ന് മൂറോൻ കൂദാശയെ സംബന്ധിച്ചുള്ള ചില സജക്ഷൻസ് എഴുതിയ ഒരു എഴുത്ത് ദീവന്നാസ്യോസ് മെത്രാച്ചന്റേതു കിട്ടി. മൂറോൻ കൂദാശയുടെ ആവശ്യങ്ങൾക്ക്, അതിന്റെ മരുന്നുകൾ ഇടിക്കുന്നതിന് മൂന്നു കല്ലുരൽ വാങ്ങിച്ചു. തിയളോജിക്കൽ സെമിനാരിയിലെ ഏതാനും ശെമ്മാശന്മാർ പൂർണ്ണ ശെമ്മാശുപട്ടം ഏൽക്കുന്നതിന് ഇവിടെ വന്നു. അവരുടെ പേരുകൾ പുസ്തകത്തിൽ എഴുതി. നാളെ നാം ഏലിയാ ചാപ്പലിൽ കുർബ്ബാന ചൊല്ലി അവർക്ക് പട്ടം കൊടുക്കാമെന്നു പറഞ്ഞ് അയച്ചു.

30-3-1951. കോട്ടയം. രാവിലെ 7.30-ന് നാം ഏലിയാ ചാപ്പലിലേക്കു പോയി. അവിടെ കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ മെഴുവേലിക്കാരൻ ജോർജ് ശെമ്മാശൻ, അങ്ങാടിക്കൽകാരൻ ജോസഫ് ശെമ്മാശൻ, കൊടശനാട്ടുകാരൻ ശമുവേൽ ശെമ്മാശൻ, കുഴിമറ്റത്ത് കോറെപ്പിസ്ക്കോപ്പായുടെ കൂടെ പഠിക്കുന്ന മാത്യു ശെമ്മാശൻ (കോഴിക്കോട്ടിരിക്കുന്ന അലക്സാണ്ടർ കത്തനാരുടെ അനു

ജൻ) എന്നിവർക്ക് പൂർണ്ണ ശെമ്മാശുപട്ടം കൊടുത്തു. ഇന്ന് തിയളോജിക്കൽ സെമിനാരിയുടെ സെമിനാരിദിനം ആയിരുന്നതിനാൽ നാം വൈകിട്ടു വരെ അവിടെ താമസിച്ച് ചടങ്ങുകളിൽ പങ്കെടുത്തു. മൂന്നു മണിക്ക് അവരുടെ വാർഷിക മീറ്റിംഗിൽ നാം ആദ്ധ്യക്ഷം വഹിച്ചു. പാറേട്ടു മാത്യൂസ് കത്തനാർ പ്രസംഗിച്ചു. വട്ടക്കുന്നേൽ മാത്യു കത്തനാർ റിപ്പോർട്ടു വായിച്ചു. നരിമറ്റത്തിൽ യോഹന്നാൻ കത്തനാരും പ്രസംഗിച്ചു. മീറ്റിംഗിനു ശേഷം ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തു. 5.30-നു നാം അവിടെ നിന്നും ഇങ്ങോട്ടു പോന്നു.

1-4-1951. കോട്ടയം. ഇന്ന് നോമ്പിൽ നാലാം ഞായറാഴ്ചയായിരുന്നു. നാം ഇവിടെ വി. കുർബ്ബാന ചൊല്ലി. കല്ലുപുരയ്ക്കൽ ഫീലിപ്പോസ് കത്തനാർ പ്രസംഗിച്ചു. മറ്റ് പള്ളികൾ പൂട്ടിയിരുന്നതിനാൽ ഇവിടെ ധാരാളം ആളുകൾ ഉണ്ടായിരുന്നു. ഉച്ചയ്ക്കുശേഷം ഇവിടുത്തെ മാനേജർ കത്തനാർ മാവേലിക്കര നിന്നും നെല്ലിന്റെ പെർമിറ്റ് വാങ്ങാൻ പോയിരിക്കുന്നു.

2-4-1951. കോട്ടയം. മൂറോന്റെ ആവശ്യത്തിലേക്കുള്ള അങ്ങാടി മരുന്നുകൾ - ജടാമാഞ്ചി, കറുവാ, ചുക്ക്, ജാതിക്കാ, ഗ്രാമ്പൂ, കുരുമുളക് മുതലായവ ഇന്ന് വാങ്ങിച്ചു. മദ്രാസിലെ Jey Chemist Co.-ൽ നിന്നും മരുന്നുകളും എണ്ണകളും വേഗം അയച്ചുതരണമെന്നു കാണിച്ച് കമ്പിയടിച്ചു. മരുന്നുകൾ വേഗം അയച്ചുതരുവാൻ ഏർപ്പാടു ചെയ്യുവാൻ ദീവന്നാസ്യോസ് മെത്രാച്ചന്റെ പേർക്കു തൃശ്ശിനാപ്പള്ളിയിലേക്കും കമ്പിയടിച്ചു.

3-4-1951. കോട്ടയം. മൂറോന്റെ അങ്ങാടി മരുന്നുകളെല്ലാം ഉണക്കുവാറാക്കി. കമ്പനിക്കാർ മദ്രാസിൽ നിന്നും Cochin .... Passenger-ൽ അയച്ചിട്ടുള്ളതായി കമ്പി കിട്ടി. മേൽവിവരത്തിന് ദീവന്നാസ്യോസ് മെത്രാച്ചന്റെയും കമ്പി കിട്ടി.

4-4-1951. കോട്ടയം. പുതിയ ജില്ലാ കളക്ടർ മി. ഗോപാലൻ നായർ ചെറിയ പള്ളിക്കേസിലെ ഇരുഭാഗവും കേട്ടു. ശനിയാഴ്ച വിധി പറയാൻ വച്ചിരിക്കുന്നു. മൂറോന്റെ മരുന്നുകൾ ഉണക്കി.

5-4-1951. മൂറോൻ കൂദാശയ്ക്കു ആവശ്യമുള്ള കുപ്പികൾ കഴുകി ഭദ്രമാക്കി. മരുന്നുകൾ ഉണക്കി. പീലക്സിനോസ് മെത്രാച്ചൻ ഈ വഴി വന്ന് പഴഞ്ഞിയിലെ കൺവൻഷനു പോയി. അദ്ദേഹം മൂറോൻ കൂദാശയ്ക്കു ഇവിടെ വരും.

6-4-1951. കോട്ടയം. മദ്രാസിൽ നിന്നും Jey Chemist Co-യുടെ റയിൽവേ പാഴ്സൽ ആയി ഒലിവെണ്ണയും മറ്റും അയച്ചതിന്റെ റയിൽവേ റസിപ്റ്റ് കിട്ടി. കുങ്കുമപ്പൂവിന്റെ സാമ്പിൾ റാത്തലിന് 250 രൂപയുടെയും 475 രൂപയുടെയും കൊണ്ട് തൃശ്ശിനാപ്പള്ളിയിൽ നിന്നും, ദീവന്നാസ്യോസ് മെത്രാച്ചന്റെ നിർദ്ദേശപ്രകാരം എൻ. ജെ. തോമസ് കത്തനാർ വന്നിരുന്നു. അങ്ങാടി മരുന്നുകൾ flour mill-ൽ പൊടിപ്പിച്ചു.

7-4-1951. കോട്ടയം. നാം ഇന്നു കുർബ്ബാന ചൊല്ലി. പഴഞ്ഞിക്കാരൻ ഒരു കൊച്ചന് കോറൂയോ പട്ടം കൊടുത്തു. അങ്ങാടി മരുന്നുകൾ പൊടിയാഞ്ഞത് പിന്നെയും പൊടിപ്പിച്ചു. ചെറിയപള്ളിക്കേസ് ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റിന്റെ അടുക്കൽ സമരിക്കായി കളക്ടർ തീരുമാനിച്ചിരിക്കുന്നു.

8-4-1951. കോട്ടയം. ഇന്ന് നോമ്പിൽ അഞ്ചാം ഞായറാഴ്ച. നാം വി. കുർബ്ബാന ചൊല്ലി.

9-4-1951. കോട്ടയം. മൂറോന്റെ സാമാനങ്ങൾ തയ്യാറാക്കാൻ ശെമ്മാശന്മാർ വന്നു. ഇടിച്ചുപൊടിക്കുവാൻ കുറെയുണ്ടായിരുന്നത് പൊടിച്ചു.

10-4-1951. കോട്ടയം. ഇന്നും മൂറോൻ സംബന്ധിച്ച ജോലികൾ തുടർന്നു.

11-4-1951. കോട്ടയം. മദ്രാസിൽ നിന്നും ഒലിവെണ്ണയും മരുന്നുകളും വന്നു. മൂറോൻ സംബന്ധിച്ച ജോലികൾ തുടർന്നു. ശെമ്മാശന്മാർ ചിലർ കൂടി വന്നിട്ടുണ്ട്.

12-4-1951. കോട്ടയം. രണ്ടു വലിയ കുപ്പികളിൽ ഇന്ന് എണ്ണകളും മരുന്നുകളും ചേർത്ത് മൂറോൻ കാച്ചിയെടുത്തു. നരിമറ്റത്തിൽ യോഹന്നാൻ കത്തനാർ വന്നിട്ടുണ്ട്. അയാൾ മൂറോൻ കൂദാശ സംബന്ധിച്ച ക്രമങ്ങൾ ശെമ്മാശന്മാരെ പഠിപ്പിക്കുന്നു.

13-4-1951. ഇന്ന് നാലു കുപ്പി മൂറോൻ കാച്ചിയെടുത്തു.

14-4-1951. നരിമറ്റത്തിൽ യോഹന്നാൻ കത്തനാർ പള്ളത്തു പള്ളിയിൽ വി. കുർബ്ബാന ചൊല്ലുവാൻ അതിരാവിലെ പോയി. ഇന്ന് നാലു കുപ്പി മൂറോൻ കാച്ചിയെടുത്തു. ഇപ്പോൾ ആകെ പത്തു കുപ്പി കാച്ചിയിട്ടുണ്ട്.

15-4-1951. ഇന്ന് നോമ്പിൽ 36-ാം ഞായറാഴ്ചയും കാതോലിക്കാ ദിനവുമായിരുന്നു. നാം വി. കുർബ്ബാന ചൊല്ലി. കുർബ്ബാനയ്ക്കുശേഷം ജനങ്ങൾ കാതോലിക്കാ സിംഹാസനത്തോടുള്ള ഭക്തിയും ചെറിയപള്ളി, കുരിശുപള്ളി, പുത്തൻപള്ളി മുതലായ പള്ളികൾ പൂട്ടിയതിലുള്ള പ്രതിഷേധവും രേഖപ്പെടുത്തിയുള്ള പ്രമേയങ്ങൾ പാസ്സാക്കി. കാതോലിക്കാ ദിനമായ ഇന്ന് നമുക്ക് പലയിടത്തു നിന്നും മംഗളാശംസകൾ വന്നുകൊണ്ടിരിക്കുന്നു.



16-4-1951. കോട്ടയം. കാച്ചിയ മൂറോൻ എല്ലാം വേറെ കുപ്പികളിലേക്കു ഊറ്റി. മദ്ബഹായിൽ കൊണ്ടു വച്ചു. തിരുവാങ്കോട്ടെ ഗീവറുഗീസ് റമ്പാച്ചൻ വന്നിട്ടുണ്ട്.

17-4-1951. കോട്ടയം. രാവിലെ കുന്നംകുളത്ത് കൊച്ചുമെത്രാച്ചന് (മാർ പീലക്സിനോസ്) സുഖമില്ലെന്നു ഇവിടെ അറിവു കിട്ടിയതനുസരിച്ച് മാനേജർ കത്തനാരും യാക്കോബു കത്തനാരും നമ്മുടെ കാറിൽ അങ്ങോട്ടു പോയിരിക്കുന്നു. മൂവാറ്റുപുഴ നിന്നും തീമോത്തിയോസ് മെത്രാച്ചനെ കൂടി അവർ കൊണ്ടുപോയിട്ടുണ്ട്. കൊച്ചുമെത്രാച്ചൻ രാവിലെ .... നു കാലം ചെയ്തു എന്ന് കുന്നംകുളത്തു നിന്നും 12 മണിക്ക് നമുക്കു കമ്പി കിട്ടി. നാം സങ്കടപ്പെടുകയല്ലാതെ എന്തു ചെയ്യാനാണ്. മെത്രാച്ചന്റെ മൃതദേഹം നാളെ ഇതു വഴി പുത്തൻകാവിൽ കൊണ്ടുപോയി കബറടക്കുവാൻ ഒരുക്കങ്ങൾ ചെയ്തുവരുന്നു. ജനങ്ങൾ വിവരം അറിയുവാൻ വന്നുകൊണ്ടിരിക്കുന്നു. മറ്റു മെത്രാച്ചന്മാരും റമ്പാച്ചന്മാരും വന്നിട്ടുണ്ട്.

18-4-1951. കോട്ടയം. കൊച്ചുമെത്രാച്ചന്റെ മൃതദേഹം ഇന്നു രാവിലെ എട്ടു മണിയോടു കൂടി ഇവിടെ കൊണ്ടുവന്നു. കൊഹനൈത്തായിലെ അഞ്ചാം തെശ്മെശ്ത്തോയും 'പുശ് ബശ്ലോമോ'യും നാം നടത്തി. വമ്പിച്ച ജനക്കൂട്ടം ഇവിടെ തടിച്ചുകൂടിയിട്ടുണ്ട്. മൃതദേഹം ചീത്തയായി തുടങ്ങിയിട്ടുണ്ടായിരുന്നതിനാൽ അര മണിക്കൂറിനകം ഇവിടെ നിന്നും കൊണ്ടുപോയി. മെത്രാച്ചന്മാരും റമ്പാച്ചന്മാരും അച്ചന്മാരും ശെമ്മാശന്മാരും കൂടെ പോയിട്ടുണ്ടായിരുന്നു. കബറടക്കം കഴിഞ്ഞ് അവർ തിരിച്ചുവന്നു. വലിയ ജനക്കൂട്ടം പുത്തൻകാവിലും ഉണ്ടായിരുന്നു.

19-4-1951. കോട്ടയം. മൂറോൻ കൂദാശ സംബന്ധിച്ച സജ്ജീകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. വൈകിട്ട് മെത്രാച്ചന്മാരും നാമും റമ്പാന്മാരും അച്ചന്മാരും ശെമ്മാശന്മാരും കൂടിയുള്ള ഒരു ഗ്രൂപ്പ് ഫോട്ടോയും, മെത്രാച്ചന്മാരും റമ്പാച്ചന്മാരും നാമും കൂടിയുള്ള ഗ്രൂപ്പ് ഫോട്ടോയും എടുപ്പിച്ചു. ... ശെമ്മാശന്മാരും വന്നിട്ടുണ്ട്.

20-4-1951. കോട്ടയം. രാവിലെ ഏഴു മണിക്കു മൂറോൻ കൂദാശയുടെ ക്രമം ആരംഭിച്ചു. 12 മണിക്ക് അവസാനിച്ചു. അതിനുശേഷം നാമും തേവോദോസ്യോസ് മെത്രാച്ചനും ദീവന്നാസ്യോസ് മെത്രാച്ചനും കൂടി മൂന്നിന്മേൽ കുർബ്ബാന ചൊല്ലി. 1.30-നു ശുശ്രൂഷകൾ അവസാനിച്ചു. പാമ്പാടി മെത്രാച്ചനും തേവോദോസ്യോസ് മെത്രാച്ചനും പോയി.

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

വി. മൂറോൻ തൈലവും കൂദാശയും

മലങ്കര മല്പാൻ ഡോ. ജോൺസ് എബ്രഹാം കോനാട്ട് റീശ് കോറെപ്പിസ്ക്കോപ്പാ

സഭയുടെ പ്രധാനപ്പെട്ട കൂദാശകളിൽ ഒന്നാണ് വി. മൂറോൻ. എന്നാൽ വി. മാമോദീസായിൽ വ്യക്തികൾക്കു നൽകുന്ന മൂറോൻ അഭിഷേകത്തെ വേറിട്ട ഒരു കൂദാശയായി കണക്കാക്കേണ്ടതില്ല. കിഴക്കൻ സഭകളുടെ പാരമ്പര്യമനുസരിച്ച് വി. മാമോദീസായുടെ അവിഭാജ്യ ഘടകമാണ് വി. മൂറോൻ. എന്നാൽ മൂറോൻ തൈലത്തിന്റെ ശുദ്ധീകരണത്തെ ഒരു കൂദാശയായി കാണുന്നതിൽ തെറ്റില്ല. ഈ വിശിഷ്ട തൈലം പരിശുദ്ധാത്മാവിന്റെ മാത്രം പ്രതീകമാണ് എന്ന ധാരണയും തെറ്റാണ്. വി. മാമോദീസായിൽ മൂറോൻ അഭിഷേകം നടത്തുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനയിൽ പറയുന്നത് ഇപ്രകാരമാണ്: "മശിഹായുടെ പരിമളവാസനയും, സത്യവിശ്വാസത്തിന്റെ അടയാളവും മുദ്രയും വിശുദ്ധാത്മനൽവരത്തിന്റെ പൂർത്തീകരണവുമായ വി. മൂറോനാൽ ഇന്നയാൾ... മുദ്രകുത്തപ്പെടുന്നു". ഇതിൽ നിന്ന് വളരെ വ്യക്തമാണ് പരിശുദ്ധാത്മാവിനോടൊപ്പം, മശിഹായെയും, സ്നാർത്ഥി ഏറ്റുപറയുന്ന വിശ്വാസത്തെയും മൂറോൻ പ്രതിനിധീകരിക്കുന്നു. മൂറോൻ തൈലത്തിന്റെ കൂദാശക്രമം പരിശോധിച്ചാൽ പൗലോസ് ശ്ലീഹാ പറയുന്നതുപോലെ (2 കോരി. 2: 15) അതു മശിഹായുടെ പരിമളവാസനയെ പ്രതിനിധീകരിക്കുന്നു എന്ന ആശയം സുവിദിതമാകും. മാമോദീസ മുങ്ങലിനുശേഷം ഒരു തൈലം പൂശൽ സഭയിൽ ആരംഭിച്ചതു തന്നെ, അന്യവിശ്വാസത്തിൽ മാമോദീസാ ഏറ്റവർ ഓർത്തഡോക്സ് സഭയുടെ അംഗങ്ങളായിതീരുവാൻ ആഗ്രഹിക്കുന്നപക്ഷം അവർക്ക് വീണ്ടും മാമോദീസ നൽകാതെ സഭാംഗങ്ങളാക്കുന്നതിനുള്ള ഒരു ശുശ്രൂഷ എന്ന നിലയിലാണ്. അതിനാൽ അത് സത്യ വിശ്വാസത്തിന്റെ പ്രതീകവുമാണ്. മാമോദീസായിൽ ഉടനീളം പരിശുദ്ധാത്മ ദാനത്തിനുവേണ്ടിയുള്ള പ്രാർത്ഥനകളുണ്ട്. അവയുടെയെല്ലാം പൂർത്തീകരണമാണ് മൂറോനഭിഷേകത്തിലൂടെ സംഭവിക്കുന്നത്.

പഴയനിയമത്തിൽ പുരോഹിതന്മാരെയും പ്രവാചകന്മാരെയും രാജാക്കന്മാരെയും തൈലത്താൽ അഭിഷേകം ചെയ്തിരുന്നു. ഈ മൂന്നുസ്ഥാനങ്ങളും വി. മൂറോൻ അഭിഷേകത്താൽ ഓരോ ക്രിസ്ത്യാനിക്കും ലഭിക്കുന്നു. ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ഇവ മൂന്നും അവനു നൽകിയിരുന്നു എങ്കിലും പാപം ചെയ്ത് അവയെല്ലാം അവൻ നഷ്ടപ്പെടുത്തി. വി. മാമോദീസായിലൂടെയും മൂറോൻ അഭിഷേകത്തിലൂടെയും, സൃഷ്ടിമുഴുവനെയും ഭരിക്കേണ്ട രാജാവായും, സൃഷ്ടിക്കുവേണ്ടി മദ്ധ്യസ്ഥത അണയ്ക്കേണ്ട പുരോഹിതനായും, ദൈവഹിതം മനസിലാക്കി അത് സൃഷ്ടിയിലെ സർവ്വ ചരാചരങ്ങളെയും അറിയിക്കേണ്ട പ്രവാചകനായും അവൻ വീണ്ടും അവരോധിക്കപ്പെടുന്നു. അതിനാൽ ഇന്ന് സുറിയാനി പാരമ്പര്യത്തിൽ മാമോദീസായ്ക്കും, മദ്ബഹാ, തബ്ലൈത്താ, പള്ളി എന്നിവയുടെ കൂദാശയ്ക്കും മാത്രമേ മൂറോൻ ഉപയോഗിക്കാറുള്ളു. രോഗികളെയും, മാമോദീസാ മുക്കുന്നതിനു മുമ്പ് സ്നാനാർത്ഥികളെയും അഭിഷേകം ചെയ്യാറുണ്ട് എങ്കിലും അതിന് വി. മൂറോൻ അല്ല ഉപയോഗിക്കുന്നത്, പ്രത്യേകമായി കൂദാശ ചെയ്ത സൈത്തെണ്ണമാത്രമാണ്.

മൂറോൻ തൈലം തയ്യാറാക്കുന്ന വിധം

ആവശ്യം വരുമ്പോൾ മാത്രം ഈ വിശിഷ്ടതൈലം കൂദാശ ചെയ്യുന്നതിനാൽ അത്യപൂർവ്വമായി മാത്രം നടക്കുന്ന ഒരു ചടങ്ങാണിത്. ഏതാണ്ട് പത്തു വർഷത്തിൽ ഒരിക്കൽ മാത്രമാണ് നമ്മുടെ സഭയിൽ ഇത് നടത്താറ്. വി. മൂറോൻ കൂദാശയെക്കുറിച്ച് നമുക്ക് ആദ്യമായി ലഭ്യമായിരിക്കുന്ന വ്യാഖ്യാനം അതീനയിലെ അരയോപകത്തിലെ ദിവന്നാസ്യോസ് (Pseudo-Dionysius) എന്ന പേരിൽ അറിയപ്പെടുന്ന 6-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പിതാവിന്റെതാണ്. വിവിധയിനം സുഗന്ധവർഗ്ഗങ്ങൾ ചേർത്ത് ഒലിവെണ്ണയിൽ തിളപ്പിച്ച് കാച്ചിയെടുക്കുന്ന തൈലവും, ബൽസാം എന്ന സുഗന്ധദ്രവ്യവുമാണ് മൂറോൻ തൈലത്തിന്റെ പ്രധാന ചേരുവകൾ. എട്ടുതരം സുഗന്ധവർഗ്ഗങ്ങളാണ് ഹൂദായകാനോനിൽ നൽകിയിരിക്കുന്നത്. അവ സൈത്ത് എണ്ണയിൽ വേവിക്കുമ്പോൾ പാത്രത്തിന്റെ അടിയിൽ നേരിട്ട് തീ കത്തിക്കാതെ ഒരു വലിയ പാത്രത്തിൽ വെള്ളമെടുത്ത് അത് തിളപ്പിച്ച് ആ വെള്ളത്തിന്റെ അകത്ത് മറ്റൊരു പാത്രത്തിൽ



കെട്ടിത്തൂക്കിയിട്ടാണ് സുഗന്ധ വർഗ്ഗങ്ങൾ ചേർത്ത സൈത്തെണ്ണ പാകപ്പെടുത്തുന്നത്. അനേക ദിവസങ്ങളിലെ പ്രയത്നം ഇതിനാവശ്യമാണ്. തയ്യാറാക്കിയ സൈത്തെണ്ണയും, ബൽസാം എന്ന സുഗന്ധവും വേവ്വേറെ പാത്രങ്ങളിലാക്കി കൂദാശചെയ്യുന്നതിന് മദ്ബഹായിലേക്ക് കൊണ്ടുപോകുന്നു.

കൂദാശ ക്രമം.

ആദിമ നൂറ്റാണ്ടുകളിൽ മേൽപ്പട്ടക്കാർക്കെല്ലാം ഈ തൈലം കൂദാശ ചെയ്യുവാൻ അനുവാദമുണ്ടായിരുന്നു. ഒരു മെത്രാപ്പോലീത്തായ്ക്ക് മൂറോൻ കൂദാശ ചെയ്യുവാൻ അധികാരമുണ്ട് എന്നു ബാർ എബ്രായ ഹൂദായകാനോനിൽ പറയുന്നുണ്ട് എങ്കിലും ഇന്ന് പാത്രിയർക്കീസിനും, കാതോലിക്കായ്ക്കും മാത്രമേ മൂറോൻ കൂദാശ ചെയ്യുവാൻ അവകാശമുള്ളു. എവിടെ വച്ചു വേണമെങ്കിലും കൂദാശ ചെയ്യാം എങ്കിലും സാധാരണഗതിയിൽ അതിനുവേണ്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രത്യേക സ്ഥലങ്ങളിൽ, പ്രത്യേകിച്ച് സഭാകേന്ദ്രങ്ങളിൽ വച്ചാണ് കൂദാശനടത്താറ്. മലങ്കര സഭയുടെ ആസ്ഥാനം പഴയസെമിനാരിയിൽ ആയിരുന്ന കാലത്ത് അവിടെവച്ച് കൂദാശ നടത്തിയിരുന്നു. അതിനു ശേഷം ദേവലോകത്തേക്ക് ആസ്ഥാനം മാറ്റിയിട്ടും കുറേക്കാലത്തേക്ക് പഴയസെമിനാരിയിൽതന്നെ കൂദാശ നടത്തുന്ന പതിവ് തുടർന്നു. പരി. ഔഗേൻ ബാവായുടെ കാലത്ത് അവിടെത്തന്നെ കൂദാശനടത്തി. പരി. മാത്യൂസ് പ്രഥമൻ ബവായും ഒരുപ്രാവശ്യ അവിടെവച്ച് ശുശ്രൂഷ നടത്തിയെങ്കിലും പിന്നീട് അദ്ദേഹം തന്നെ ഈ ചടങ്ങ് ദേവലോകത്തേക്ക് മാറ്റി. അതിനുശേഷം സ്ഥിരമായി അവിടെ തന്നെ തുടർന്നു പോരുന്നു.

ഉയിർപ്പ് പെരുന്നാളിൽ വി. മാമോദീസ നൽകുന്ന പാരമ്പര്യമാണ് ആദിമ സഭയിൽ തുടർന്നു പോന്നിരുന്നത്. അന്ന് ഉപയോഗിക്കുന്നതിനുവേണ്ടി, പെസഹാ വ്യാഴാഴ്ച തൈലം കൂദാശ ചെയ്തിരുന്നു. പിന്നീട് വലിയ നോമ്പ് ഒഴികെ ഏതൊരു സമയത്തും മാമോദീസ നടത്താം എന്ന അവസ്ഥ വന്നപ്പോൾ പെസഹായ്ക്ക് കൂദാശചെയ്യുന്ന പതിവിനും മാറ്റം സംഭവിച്ചു. കൂദാശ ചെയ്യാനുള്ള അവകാശം ഏതാനും പേരിലേക്കു പരിമിതപ്പെടുത്തിപ്പോൾ വല്ലപ്പോഴും നടക്കുന്ന ഒരു കൂദാശയായും, വല്ലപ്പോഴും നടക്കുന്നതിനാൽ കൂടുതൽ തൈലം സജ്ജമാക്കേണ്ടതായും വന്നു. ഈ പരിണാമങ്ങളെല്ലാം ഈ ശുശ്രൂഷയ്ക്ക് അമിത പ്രാധാന്യം ലഭിക്കുവാനും ഇടയാക്കി. വാസ്തവത്തിൽ വി. കുർബാനയെക്കാൾ ശ്രേഷ്ഠമല്ലല്ലോ മറ്റൊരു കൂദാശയും.

കൂദാശ നടത്തുന്ന ആളും, സഭ മുഴുവനും നോമ്പോടും പ്രാർത്ഥനയോടുമാണ് മൂറോൻ കൂദാശയ്ക്ക് ഒരുങ്ങുന്നത്. സഭ മുഴുവൻ ഉപവസിക്കേണ്ടത് ആവശ്യമായതുകൊണ്ടാണ് വലിയനോമ്പിന്റെ അവസാനം, നാൽപ്പതാം വെള്ളിയാഴ്ച സാധരണയായി കൂദാശ ക്രമീകരിക്കുന്നത്.

മുഖ്യകാർമ്മികനെയും മറ്റു മേൽപ്പട്ടക്കാരെയും കൂടാതെ, കശീശമാർ, പൂർണ്ണശെമ്മാശ്ശന്മാർ, ആപ്പ്ദ്യക്ക്നോമാർ, തുടങ്ങിയ പട്ടത്വ ശ്രേണിയിലെ സ്ഥാനികളെല്ലാം, 12 പേർവീതം പൂർണ്ണ അംശവസ്ത്ര ധാരികളായി സന്നിഹിതരായിരിക്കണം. അർക്കദിയാക്കോന്റെ പങ്കാളിത്തവും കൂദാശയിൽ സുപ്രധാനമാണ്. ഇന്ന് സഭയിൽ അങ്ങിനെ ഒരു സ്ഥാനം ആർക്കും നൽകുന്നില്ല എങ്കിലും, കൂദാശയുടെ ആവശ്യത്തിനായി ഒരു വൈദികനെ പ്രത്യേകമായി ചുമതലപ്പെടുത്തുന്നു. എല്ലാവരും, പാട്ടുകാരോടൊപ്പം മൂന്നു സംഘങ്ങളായി തിരിഞ്ഞ് മദ്ബഹായിലും, അഴിക്കകത്തും, ബീമായിലുമായി നിന്നുകൊണ്ട് ശുശ്രൂഷ ആരംഭിക്കണം. തയ്യാറാക്കിയ സുഗന്ധ എണ്ണയും, അതിൽ ചേർക്കാനുള്ള ബൽസാം സുഗന്ധവും മദ്ബഹായ്ക്കുള്ളിൽ രഹസ്യമായി പ്രത്യേകം ക്രമീകരിച്ചിട്ടുള്ള മറയ്ക്കുള്ളിൽ വച്ചിരിക്കണം. കർത്താവായ യേശുക്രിസ്തു മനുഷ്യാവതാരത്തിനു മുമ്പ്, പഴയനിയമകാലത്ത് മറഞ്ഞിരുന്നതിനെയാണ് ഇത് സൂചിപ്പിക്കുന്നത്.

പ്രധാനമായും രണ്ടുക്രമങ്ങളാണ് കൂദാശയ്ക്കുള്ളത്. ആദ്യക്രമം അവസാനിക്കുമ്പോൾ ഒരു മേൽപ്പട്ടക്കാരൻ പ്രധാനപുരോഹിതന്റെ അംശവടിയുമേന്തി, മദ്ബഹാമുതൽ പള്ളിക്കു ചുറ്റും ധൂപാർപ്പണം നടത്തണം. അതേ സമയത്തുതന്നെ മുഖ്യകാർമ്മികൻ മറയ്ക്കുള്ളിൽ കയറി സുഗന്ധഎണ്ണയും ബൽസാമും തമ്മിൽ കൂട്ടിച്ചേർക്കണം. ഇത് യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും കൂടിച്ചേർന്നതിന്റെ പ്രതീകമാണ്. തുടർന്ന് മുഖ്യകാർമ്മികൻ മൂറോൻ വഹിച്ചുകൊണ്ട് പള്ളിക്കുചുറ്റും പ്രദക്ഷിണം നടത്തുന്നു. ഈ സമയത്ത് മുഖ്യകാർമ്മികനെയും മൂറോൻ തൈലവും ആരും കാണാതെ ഒരുകൂടാരംകൊണ്ട് (കുബ്സാ) മറച്ചു പിടിക്കണം. ദൈവവും മനുഷ്യനുമായ കർത്താവ് തന്റെ മാതാവിന്റെ ഉദരത്തിൽ വസിച്ചിരുന്ന കാലത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. വൈദികർ ധൂപക്കുറ്റികളും, ശെമ്മാശ്ശന്മാർ മർവഹാസകളും, ആപ്പ്ദ്യക്ക്നോമാർ മെഴുകുതിരികളും ഏന്തി കുബ്സായിക്കു ചുറ്റും നിൽക്കണം. പ്രദക്ഷിണം തിരികെ മദ്ബഹായിൽ പ്രവേശിച്ചാൽ രണ്ടാം ക്രമം ആരംഭിക്കുകയായി.

വി. കുർബാനയിലെപ്പോലെ, ത്രോണോസിന്മേൽ, തബ്ലൈത്താമേൽ മൂറോൻ കുപ്പി വച്ചിട്ട് ശോശപ്പാകൊണ്ടു മൂടി ക്രമം ആരംഭിക്കുന്നു. കുർബാനയിലെപ്പോലെ മൂന്നു പ്രാവശ്യമായി, ഒൻപത് കുരിശുകൾ ഇട്ട് കൂദാശ പൂർത്തീകരിക്കുന്നു. അവസാനം മൂറോൻകുപ്പി ബീമായിൽ കൊണ്ടുവന്ന് ആഘോഷം നടത്തുകയും, എല്ലാവരും മൂറോൻകുപ്പി ചുംബിച്ച് അനുഗ്രഹം പ്രാപിച്ച് പിരിയുകയും ചെയ്യുന്നു. കൂദാശയ്ക്കു ശേഷം വി. കുർബാന അർപ്പിക്കണമെന്ന് നിർബന്ധമില്ല എങ്കിലും, സാധരണയായി കുർബാന അർപ്പിക്കുന്ന പതിവാണുള്ളത്.

വിവിധ പട്ടത്വശ്രേണികളിൽപ്പെട്ടവരും, ജനങ്ങളും എല്ലാം കൂടിച്ചേരുന്ന ഒരു ശുശ്രൂഷയായതിനാൽ ഐക്യത്തിന്റെ കൂദാശയാണിത് എന്നും വ്യാഖ്യാനിക്കാം. ഒരേ തൈലംകൊണ്ട് അഭിഷേകം ചെയ്യപ്പെട്ട് ഒരേ സഭയിലേക്കു ചേരുന്നതും ഐക്യത്തിന്റെ പ്രതീകമാണല്ലോ. വി. തൈലത്തിന്റെ കൂദാശയാൽ പരിശുദ്ധാത്മാവിന്റെ നിറവും, കർത്താവിന്റെ കരുണയും സഭയുടെമേൽ മുഴുവനായി ചൊരിയപ്പെടുമെന്നതിൽ സംശയമില്ല. സഭാമക്കളായ നമുക്കെല്ലാം നോമ്പോടും പ്രാർത്ഥനയോടും ഈ വി. കൂദാശയ്ക്കായി ഒരുങ്ങാം.

മലങ്കരസഭയിലെ വിശുദ്ധ മൂറോൻ കൂദാശകൾ

വർഗീസ് ജോൺ തോട്ടപ്പുഴ

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ 2026 മാർച്ച് 27 (40ാം വെള്ളിയാഴ്ച) വിശുദ്ധ മൂറോൻ കൂദാശ നടത്തുന്നു.

ലഭ്യമായ രേഖകൾ അനുസരിച്ച് മലങ്കരയിൽ ഇദംപ്രഥമമായി വി. മൂറോൻ കൂദാശ നടന്നത് 1876 ഓഗസ്റ്റ് 27 (സുറിയാനി കണക്കിന് ചിങ്ങം 15) ഞായറാഴ്ച വാങ്ങിപ്പു (ശൂനോയോ) പെരുന്നാൾ ദിവസമാണ്. മുളന്തുരുത്തി മാർതൊമ്മൻ പള്ളിയിൽ പരിശുദ്ധ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായാണ് ഇതു നിർവഹിച്ചത്. ഇതേ പള്ളിയിൽ പരിശുദ്ധ ഇഗ്നാത്തിയോസ് അബ്ദുള്ളാ ദ്വിതീയൻ പാത്രിയർക്കീസ് ബാവാ 1911 ഓഗസ്റ്റ് 19 (സുറിയാനി കണക്കിന് ചിങ്ങം 6) ശനിയാഴ്ച മറുരൂപ പെരുന്നാൾ ദിവസം ഈ കൂദാശ നടത്തി.

കോട്ടയം പഴയ സെമിനാരിയിൽ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ 1932 ഏപ്രിൽ 22 നും (40-ാം വെള്ളിയാഴ്ച) 1951 ഏപ്രിൽ 20 നും (40-ാം വെള്ളിയാഴ്ച) പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ 1967 ഡിസംബർ 21 വ്യാഴാഴ്ച (വി. തോമ്മാ ശ്ലീഹായുടെ ഓർമ്മദിനം) വി. മൂറോൻ കൂദാശ ചെയ്തു.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ കോട്ടയം പഴയ സെമിനാരിയിൽ 1977 ഏപ്രിൽ 1 നും (40 ാം വെള്ളിയാഴ്ച) കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ 1988 മാർച്ച് 25 നും (40-ാം വെള്ളിയാഴ്ച & വചനിപ്പു പെരുന്നാൾ) ഈ കൂദാശ നടത്തി.

പിന്നീടുള്ള മൂറോൻ കൂദാശകൾ കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിലാണ് നടന്നത്. പരിശുദ്ധ ബസേലിയോസ് മാർതോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ 1999 മാർച്ച് 26 നും പരിശുദ്ധ ബസേലിയോസ് മാർതോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ 2009 ഏപ്രിൽ 3-നും പരിശുദ്ധ ബസേലിയോസ് മാർതോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ 2018 മാർച്ച് 23-നും വി. മൂറോൻ കൂദാശ ചെയ്തു. മൂന്നും 40-ാം വെള്ളിയാഴ്ചയായിരുന്നു.

മലങ്കരയിൽ 1876 നു മുൻപ് വിശുദ്ധ മൂറോൻ കൂദാശ നടന്നിട്ടുണ്ടോ എന്നു നിശ്ചയമില്ല. എന്നാൽ 1751-ൽ മലങ്കരയിൽ വന്ന മാർ ബസേലിയോസ് ശക്രള്ളാ മഫ്രിയാനാ ബാവാ (+ 1764) കൊച്ചി എരുമീശാ (മട്ടാഞ്ചേരി സെൻറ് ജോർജ്) പള്ളിയിൽ വി. മൂറോൻ കൂദാശ നടത്തിയതായി പറയപ്പെടുന്നു.

യോജിച്ച മലങ്കര സഭയിൽ പൗരസ്ത്യ കാതോലിക്കാ നടത്തിയ ഏക മൂറോൻ കൂദാശയാണ് 1967-ൽ നടന്നത്. പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ 'ഭാവുകാശംസ - സഭയ്ക്ക് അനുഗ്രഹാശിസ്സുകൾ' ("Congratulations - Blessings for the Church') എന്നറിയിച്ചുകൊണ്ട് ഒരു കമ്പി സന്ദേശം പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായ്ക്ക് അയച്ചിരുന്നു.

യാക്കോബായ വിഭാഗത്തിൽ പരിശുദ്ധ ഇഗ്നാത്തിയോസ് സക്കാ പ്രഥമൻ പാത്രിയർക്കീസ് ബാവാ മണർകാട് മർത്ത് മറിയം പള്ളിയിലും (1982 ഫെബ്രുവരി 27) കോതമംഗലം മാർതൊമ്മൻ ചെറിയ പള്ളിയിലും (2004 സെപ്റ്റംബർ 25) വി. മൂറോൻ കൂദാശ നടത്തിയിട്ടുണ്ട്.

❑

ആനന്ദതൈലം

ഫീലിപ്പോസ് റമ്പാൻ

(ജ്യോതിസ്സ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)



വി. മൂറോൻ തൈലം വി. മാമോദീസാ മുങ്ങിയവരിൽ പരിശുദ്ധ റൂഹായുടെ അഭിഷേകം ഉണ്ടാകുന്നതിനു വേണ്ടി ഉപയോഗിക്കുന്നു. വി. മാമോദീസായ്ക്കു ശേഷം സഭയിലെ എല്ലാ വിശ്വാസികളും നിർബന്ധമായും സ്വീകരിക്കേണ്ട കൂദാശയാണ് വി. മൂറോനഭിഷേകം. വി. മൂറോനഭിഷേകത്തിനു മാത്രമല്ല വി. ദേവാലയ കൂദാശ, തബ്ലൈത്ത കൂദാശ, വി. മാമോദീസാ എന്നിവയ്ക്കും വി. മൂറോൻ ഉപയോഗിക്കുന്നു. പ. പാത്രിയർക്കീസ്, പ. കാതോലിക്കാ, മേൽപ്പട്ടക്കാർക്കും എന്നീ സ്ഥാനികൾക്ക് വി. മൂറോൻ കൂദാശ ചെയ്യുവാൻ അനുവാദമുണ്ടെങ്കിലും നൂറ്റാണ്ടുകളായി പ. പാത്രിയർക്കീസ്, പ. കാതോലിക്കാ എന്നീ സ്ഥാനികൾ മാത്രമാണ് ഈ കൂദാശ അനുഷ്ഠിക്കുന്നത്.

അപ്പസ്തോലിക കാലത്ത് വി. മാമോദീസാ മുങ്ങിയവരിൽ പരിശുദ്ധ റൂഹായുടെ ആവാസം ഉണ്ടാകുന്നതിനായി ശ്ലീഹന്മാർ ചേർന്ന് തലയിൽ കൈവച്ച് പ്രാർത്ഥിച്ചിരുന്നു. സഭ വികസിച്ചപ്പോൾ എല്ലായിടത്തും ചെന്ന് കൈവച്ച് പ്രാർത്ഥിക്കുന്നതിന് ശ്ലീഹന്മാർക്കോ അവരുടെ പിൻഗാമികളായ മേൽപ്പട്ടക്കാർക്കോ അസാദ്ധ്യമായി തീർന്നതിനാൽ അവർ ശുദ്ധീകരിച്ച അഭിഷേക തൈലം ഉപയോഗിക്കുന്ന പതിവ് സഭയിൽ സാർവ്വത്രികമായി ഉണ്ടായി. സഭയിൽ ഭരണപരമായ വ്യവസ്ഥാപിതത്വവും ക്രമീകരണങ്ങളും ഉണ്ടായപ്പോഴാണ് കൂദാശക്കുള്ള അവകാശം ഓരോ ദേശീയ സഭയിലും അതിന്റെ തലവനായ മേൽപ്പട്ടക്കാരനു ലഭിച്ചത്.

പഴയനിയമത്തിൽ പുരോഹിതന്മാരെയും, പ്രവാചകന്മാരെയും, രാജാക്കന്മാരെയും തൈലത്താൽ അഭിഷേകം ചെയ്തിരുന്നു. (പുറ. 30:22–27, 1 ശമുവേൽ 10:1–2, 1 രാജാ. 9:6, യെശയ്യാവ് 61:1). "അങ്ങനെ ശമുവേൽ തൈലക്കൊമ്പു എടുത്തു അവന്റെ സഹോദരന്മാരുടെ നടുവിൽ വച്ച് അവനെ അഭിഷേകം ചെയ്തു." ശമുവേൽ പ്രവാചകൻ ദാവീദിനെ രാജാവായി അഭിഷേകം ചെയ്യുന്നു. (1 ശമുവേൽ 16:13) അഭിഷേകം ചെയ്യപ്പെട്ട വ്യക്തികൾക്ക് ദൈവാത്മാവും, പ്രത്യേകം വിശുദ്ധിയും സിദ്ധിച്ചിരുന്നതായി പഴയനിയമം പഠിപ്പിക്കുന്നു. യോർദ്ദാൻ നദിയിൽ വച്ചുള്ള മാമോദീസായിൽ ക്രിസ്തു പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായി. ക്രിസ്തുവിന്റെ അഭിഷേകം വിശ്വാസികൾക്കും ലഭിക്കുന്നു. അതു നമുക്ക് ലഭിക്കുന്നത് വി. മാമോദീസായിലെ മൂറോനഭിഷേകത്തിലൂടെയാണ്.

മനുഷ്യനായി തീർന്ന ദൈവപുത്രനിലുള്ള ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും അത്ഭുതകരമായ യോചിപ്പിനെയാണ് വി. മൂറോൻ ലക്ഷ്യമാക്കുന്നത്. അതുകൊണ്ടാണ് ഔഷധങ്ങൾ ചേർച്ചു തയ്യാറാക്കിയ തൈലത്തിൽ കൂദാശയുടെ മദ്ധ്യേ വിലയേറിയ ബൽസാം തൈലം ചേർക്കുന്നത്. വിവിധയിനം സുഗന്ധദ്രവ്യങ്ങൾ ചേർത്ത് ഒലിവെണ്ണയിൽ തിളപ്പിച്ച് കാച്ചിയെടുക്കുന്ന തൈലവും ബൽസാം എന്ന സുഗന്ധദ്രവ്യവുമാണ് മൂറോൻ തൈലത്തിന്റെ പ്രധാന ചേരുവകൾ. എട്ടുതരത്തിലുള്ള സുഗന്ധദ്രവ്യങ്ങൾ (ചുക്ക്, കുരുമുളക്, ജാതിക്ക, കുങ്കുമപ്പൂവ്, കറുവാപ്പട്ട, ജടാമഞ്ചി, പച്ചഞെരിയാസ് ബൽസാം) സൈത്ത് എണ്ണയിൽ വേവിക്കുന്നു. പാത്രത്തിന്റെ വെള്ളമെടുത്ത് അതു തിളപ്പിച്ച് ആ വെള്ളത്തിന്റെ അകത്ത് മറ്റൊരു പാത്രത്തിൽ കെട്ടിതൂക്കിയിട്ടാണ് സുഗന്ധദ്രവ്യങ്ങൾ ചേർത്ത സൈത്ത് എണ്ണ പാകപ്പെടുത്തുന്നത്. തയ്യാറാക്കിയ സൈത്തെണ്ണയും ബൽസാം എന്ന സുഗന്ധദ്രവ്യവും വെവ്വേറെ പാത്രങ്ങളിലാക്കി മദ്ബഹായിൽ ത്രോണോസിൽ വച്ച് കൂദാശ ചെയ്യുന്നു.

കൂദാശ നടത്തുന്ന പ്രധാന മേൽപ്പട്ടക്കാരനും സഭ മുഴുവനും നോമ്പോടും പ്രാർത്ഥനയോടുമാണ് വി. മൂറോൻ കൂദാശക്ക് ഒരുങ്ങുന്നത്. സഭ മുഴുവൻ ഉപവസിച്ച് ഒരുങ്ങേണ്ടതാകയാൽ വലിയ നോമ്പിന്റെ അവസാനം നാല്പതാം വെള്ളിയാഴ്ച സാധാരണയായി ഈ കൂദാശ ക്രമീകരിക്കുന്നു. മുഖ്യകാർമ്മികനെയും മറ്റു മേൽപ്പട്ടക്കാരെയും കൂടാതെ കശീശ്ശന്മാർ, പൂർണ്ണ ശെമ്മാശന്മാർ, യൗപ്പദ്യക്ക്നേന്മാർ തുടങ്ങിയ പട്ടത്വശ്രേണിയിലെ സ്ഥാനികളെല്ലാം 12 പേർ വീതം പൂർണ്ണ അംശവസ്ത്രധാരികളായി മൂന്നു സംഘങ്ങളായി നിന്നുകൊണ്ട് ശുശ്രൂഷ നടത്തുന്നു. തയ്യാറാക്കിയ സുഗന്ധ എണ്ണയും അതിൽ ചേർക്കാനുള്ള ബൽസാം സുഗന്ധവും മദ്ബഹായ്ക്കുള്ളിൽ രഹസ്യമായി പ്രത്യേകം ക്രമീകരിച്ചിട്ടുള്ള മറയ്ക്കുള്ളിൽ വച്ചിരിക്കണം.

പ്രധാനമായും രണ്ടു ക്രമമാണ് കൂദാശക്കുള്ളത് ആദ്യക്രമം അവസാനിക്കുമ്പോൾ ഒരു മേൽപ്പട്ടക്കാരൻ പ്രധാന കാർമ്മികന്റെ അംശവടിയുമേന്തി മദ്ബഹാ മുതൽ പള്ളിക്കു ചുറ്റും ധൂപാർപ്പണം നടത്തും. ഇതേ സമയത്തു തന്നെ മുഖ്യകാർമ്മികൻ മറയ്ക്കുള്ളിൽ കയറി സുഗന്ധഎണ്ണയും ബൽസാമും തമ്മിൽ കൂട്ടിച്ചേർക്കും. തുടർന്ന് മുഖ്യകാർമ്മികൻ ആദ്യം മേൽപ്പട്ടക്കാരൻ ധൂപം അർപ്പിച്ച വഴിയിലൂടെ മൂറോൻ വഹിച്ചുകൊണ്ട് പള്ളിക്കു ചുറ്റും പ്രതിക്ഷണം നടത്തുന്നു. ഈ സമയം മുക്യകാർമ്മികനെയും മൂറോൻ കുപ്പിയും ആരും കാണാതെ മറച്ചുപിടിക്കണം. വൈദികർ ധൂപക്കുറ്റികളും ശെമ്മാശന്മാർ മർവഹസാകളും, യൗപ്പദ്യക്ക്നേന്മാർ മെഴുകുതിരികളും ഏന്തി കൂടാരത്തിനു ചുറ്റും ഈ പ്രതിക്ഷണത്തിൽ പങ്കുചേരും. പ്രതിക്ഷണം തിരികെ മദ്ബഹായിൽ പ്രവേശിച്ചു കഴിയുമ്പോൾ രണാംക്രമം ആരംഭിക്കും. വി. കുർബ്ബാനയിലെപ്പോലെ ത്രോണോസിന്മേൽ തബ്ലൈത്താമേൽ മൂറോൻ കുപ്പി വച്ചിട്ട് ശോശപ്പാ മൂടി രണ്ടാംക്രമം ആരംഭിക്കുന്നു. അവസാനം മൂറോൻ കുപ്പിയുമായി ബീമായിൽ വന്നുനിന്നു ആഘോഷം നടത്തുകയും ഹൗദുമാലാഖ ചൊല്ലി മൂറോൻ കുപ്പി ആഘോഷിക്കുന്നു. തുടർന്ന് പ്രധാന മേൽപ്പട്ടക്കാരൻ ബീമായിലുള്ള സിംഹാസനത്തിൽ മൂറോൻ കുപ്പിയുമായി പടിഞ്ഞാറോട്ട് ഇരുന്ന് മംഗളാശംസ അറിയിച്ച് ജനത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥന നടത്തുകയും അവരെ അനുഗ്രഹിക്കുകയും ചെയ്യുന്നു. അനന്തരം എല്ലാവരും മുറപ്രകാരം മൂറോൻ കുപ്പി മുത്തി അനുഗ്രഹം പ്രാപിക്കുന്നു. പ്രധാന മേൽപ്പട്ടക്കാരൻ സമാപനപ്രാർത്ഥന ചൊല്ലിയതിനു ശേഷം മറയിട്ട് കുർബ്ബാനയുടെ തുയോബോക്കായി പ്രധാന മേൽപ്പട്ടക്കാരൻ ഒരുങ്ങുകയും വി. കുർബ്ബാനയോടുകൂടി ശുശ്രൂഷകൾ സമാപിക്കുകയും ചെയ്യുന്നു.

2026 മാർച്ച് മാസം 27–നു നാല്പതാം വെള്ളിയാഴ്ച ദേവലോകം കാതോലിക്കേറ്റ് അരമനയിൽ വച്ച് പ. ബസേലിയോസ് മാർതോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മൂറോൻ കൂദാശ നടത്തുവാനായി പ്രാർത്ഥനയോടെ ഒരുങ്ങുന്നു.

വി. മൂറോൻ കൂദാശയുടെ ഹൂത്തോമായിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു "ദൈവത്വം മനുഷ്യത്വം എന്ന രണ്ടിനെയും ഒന്നാഷ്ടമായതു ഞങ്ങൾക്കു നൽകുവാൻ വേണ്ടി നിസ്സാരമായതു സ്വീകരിച്ചുകൊണ്ട് തന്റെ ദൈവത്വത്താൽ ഞങ്ങളുടെ മനുഷ്യത്വത്തെ അഭിഷേകം ചെയ്തപ്പോൾ, തന്റെ സംബന്ധികളായ സഖികളെക്കാൾ വിശേഷമായി ആനന്ദതൈലത്താൽ അഭിഷിക്തനായ സ്വർഗ്ഗീയ മണവാളനാകുന്ന മശിഹാ തമ്പുരാനെ യഥാർത്ഥ അഭിഷേകത്താൽ നിന്റെ പരിശുദ്ധ സഭയുടെ ഐകൃതയിലേക്ക് ഞങ്ങളെ ഒന്നിപ്പിക്കണമെ. ഞങ്ങൾ പരിപാകതയിലും വിശുദ്ധിയിലും ആത്മീയ മനുഷ്യന്റെ പൂർണ്ണതയിലേക്ക് ഒന്നായി തീർന്നുകൊണ്ട് നിന്നെയും നിന്റെ പിതാവിനെയും വിശുദ്ധ റൂഹായെയും സ്തുതിക്കുമാറാകണമെ." ഈ വി. മൂറോൻ കൂദാശ സഭയ്ക്കും സഭയിലെ അംഗങ്ങളായി നമുക്കു ഏവർക്കും രൂപാന്തരത്തിനും വിശുദ്ധിയിലേക്ക് നമ്മെ നയിക്കുന്നതിനും പരിശുദ്ധ റൂഹായുടെ നൽവരങ്ങളെ പ്രാപിക്കുവാനും നമുക്കിടയാകട്ടെ. ❑



ഓശാന ഞായർ

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്

(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

സമവീക്ഷണ സുവിശേഷ വിവരണപ്രകാരം യേശുവിന്റെ പരസ്യ ശുശ്രൂഷാ കാലഘട്ടത്തിൽ താൻ നടത്തുന്ന ഏക യെരുശലേം പ്രവേശനമാണ് ഇന്നത്തെ പ്രതിപാദ്യവിഷയം. മഹത്വീകരണ പ്രക്രിയയിലേക്കുള്ള പ്രവേശനമായിരുന്നു ആശാനേ പെരുന്നാൾ ഭൗമികമായ തൻറെ ജീവിതം ഏതൊക്കെ രൂപഭാവങ്ങളിലൂടെ മഹത്വത്തിലേക്ക് പ്രവേശിച്ചു എന്ന് ഓശാന മുതൽ ഉയിർപ്പ് വരെയുള്ള അനുഭവങ്ങൾ നമുക്ക് സാക്ഷ്യം നൽകുന്നുണ്ട്.

എന്താണ് ഓശാന പെരുന്നാളിൽ നാം ആഘോഷിക്കുന്നത്.

1. ഇത് രക്ഷയുടെ പെരുന്നാൾ ആണ് (Festival of Salvation)

ഹോശന്നാ എന്ന വാക്കിന്റെ അർത്ഥം “കർത്താവേ ഇപ്പോൾ രക്ഷിച്ചാലും” എന്നാണ്. കഴുതപ്പുറത്തേറി വരുന്ന ‘മശിഹ’ എന്ന ജനം പ്രതീക്ഷിക്കുന്ന ഒരുവനോട് ഒരു ജനത മുഴുവനും കർത്താവേ രക്ഷിച്ചാലും എന്ന് പ്രാർത്ഥിക്കുകയാണ്.

കഴുതപ്പുറത്തേറി വരുന്നവൻ ആരാണ് എന്ന് കൃത്യമായി ഈ ജനക്കൂട്ടത്തിനു മുഴുവനും ബോധ്യമമുണ്ടാവില്ല. എന്നാൽ കൂട്ടത്തിന്റെ താളത്തോട് ചേർന്ന് വന്ന് എല്ലാവരും പ്രാർത്ഥന ശബ്ദം മുഴക്കുകയാണ്. കുറച്ചു ദിനങ്ങൾക്കപ്പുറം ഒരുപക്ഷേ ഇതേ ജനം തന്നെയാകാം ‘ഇവനെ ക്രൂശിക്കുക’ എന്ന് ആർത്ത് പറഞ്ഞതും. ഈ കൂട്ടത്തിന്റെ ഉള്ളിൽ തന്നെ തീർച്ചയായും രണ്ട് ശബ്ദങ്ങളെ നമുക്ക് തിരിച്ചറിയാം. ഒന്ന് ശിഷ്യത്വത്തിന്റെ ശബ്ദവും മറ്റൊന്ന് പുരുഷാരത്തിന്റെ ശബ്ദവും ആണ്. രണ്ടു കൂട്ടവും ഒരേ പ്രാർഥനകളാണ് ഉയർത്തുന്നതെങ്കിലും ആ പ്രാർത്ഥനയിൽ അന്തർലീനമായിരിക്കുന്ന ഉദ്ദേശം വിഭിന്നമാണ് എന്ന് നമുക്ക് മനസ്സിലാക്കാം.

എന്തിൽ നിന്നാണ് രക്ഷ നേടേണ്ടത് എന്നാണ് ചോദ്യം. യഹൂദന്മാർ അക്കാലങ്ങളിൽ അനുഭവിച്ചുവരുന്ന അടിമത്വത്തിന്റെയും അടിച്ചമർത്തലിന്റെയും കഠിന ചങ്ങലകൾ അവരുടെ മുൻപിൽ ഉണ്ട്. മിശിഹാ എന്ന് പുകഴ്ത്തുന്ന, ഇപ്പോൾ കഴുതപ്പുറത്തേറി വരുന്ന യേശു തങ്ങളുടെ ഉടനടി പരിഹരിക്കേണ്ട പ്രശ്നത്തിന്റെ (immediate need) പരിഹാരകനാണ് എന്ന് ഈ ജനം ഒന്നാകെ വിചാരിക്കുകയാണ്. ഒരുപക്ഷേ ഇവൻ യെരുശലേമിലേക്ക് പ്രവേശിച്ചു കഴിയുമ്പോൾ ഇവനൊരു ഒരു പുതിയ സാമ്രാജ്യം സ്ഥാപിച്ചേക്കാം. അങ്ങനെ തങ്ങൾ അനുഭവിക്കുന്ന യാതനങ്ങൾക്ക് ഒരു വിരാമം ആകും എന്ന് വിചാരിച്ചിട്ട് ആകാം ഇപ്പോൾ കർത്താവേ രക്ഷിച്ചാലും എന്നിവർ പ്രാർത്ഥിക്കുന്നത്.

“എന്റെ രാജ്യം ഐഹികമല്ല” എന്ന കർത്താവിന്റെ മൊഴിയോട് ചേർത്തു വേണം ‘രക്ഷിച്ചാലും’ എന്ന പ്രാർത്ഥനയെ മനസ്സിലാക്കുവാൻ. ആദം മുതലുള്ള സകല മാനവകുലത്തിന്റെയും പാപ അനുഭവത്തിൽ നിന്ന് സ്വന്ത രക്തത്താൽ വിമോചനം നൽകുവാനായി വന്ന രക്ഷകനാണ് നമ്മുടെ കർത്താവ് എന്നതാണ് ശിഷ്യത്വത്തിന്റെ ബോധ്യം . ഹോശന്നാ വിളിച്ച് രക്ഷിച്ചാലും എന്ന് പ്രാർത്ഥിക്കുന്നത് ഈ പാപ അനുഭവങ്ങളിൽ നിന്നുള്ള വിമോചനത്തിന് ആയിട്ടാണ് എന്ന് നാം തിരിച്ചറിയണം.

ക്രിസ്തുവിൽ ആഘോഷിക്കപ്പെടുന്ന രക്ഷയ്ക്ക് രണ്ടു മാനങ്ങൾ ഉണ്ട്. മാനവകുലത്തിൽ പതിഞ്ഞുകിടന്ന പാപത്തിൽ നിന്നുള്ള രക്ഷയാണ് ക്രിസ്തു വാഗ്ദാനം ചെയ്യുന്നത്. ഒപ്പം വ്യക്തിപരമായി ഞാൻ വീണു പോകുന്ന സർവ്വ പാപ അനുഭവങ്ങളിൽ നിന്നും അവനോടൊപ്പം ഉള്ള അവസ്ഥ എന്നെ രക്ഷിക്കുമെന്ന തിരിച്ചറിവുമാണ് അത്. ഹോശന്നാ രക്ഷയുടെ പെരുന്നാളാണ്.



ക്രിസ്തു രാജത്വത്തിന്റെ മുഖമുദ്ര അധികാരവും അടിച്ചമർത്തലുമല്ല സമാധാനവും നിഷ്കളങ്കതയും ആണ്. തളിരിലകളും കുരുത്തോലകളും ഓശാന പെരുന്നാളിൽ നാം ദർശിക്കുന്ന പ്രകൃതിയുടെ നിഷ്കളങ്കതയുടെ പ്രതീകമാണ്.


ഇത് നിഷ്കളങ്കതയുടെ പെരുന്നാൾ ആണ് (Festival of innocence)

നിഷ്കളങ്കത, വിനീതത്വം, സത്യാരാധന എന്നീ മൂന്ന് അനുഭവങ്ങളാണ് ഓശാന പെരുന്നാളിൽ പ്രഘോഷിക്കപ്പെടുന്നത്. നിഷ്കളങ്കമായ ഇടങ്ങളും വിനീതത്വത്തിന്റെ ഭാവങ്ങളും സത്യാരാധനയുടെ പ്രഘോഷണവുമാണ് ഈ ദിനത്തിലെ പ്രധാന പ്രതിപാദ്യം. ഹോശന്നാ എന്ന് ആർത്തു വിളിക്കുന്ന ബാലന്മാരുടെ സാന്നിധ്യം ശ്രദ്ധേയമാണ്. “ശിശുക്കളുടെയും മുല കുടിക്കുന്നവരുടെയും വായിൽ നിന്ന് ബലം നിയമിച്ചിരിക്കുന്നു” (സങ്കീർത്തനം 8:2) എന്ന ഉദ്ധരണി ആർത്തു വിളിക്കുന്ന നിഷ്കളങ്ക ശബ്ദങ്ങളാൽ പൂരിപ്പിക്കപ്പെടുകയാണ്. മുൻവിധികളോ സ്ഥാപിത താൽപര്യങ്ങളോ ഇല്ലാതെ ദൈവത്തെ സ്തുതിക്കുന്ന നിഷ്കളങ്ക മനസ്സുകളുടെ പ്രതീകമാണ് ഈ കുഞ്ഞുങ്ങൾ.

ആരും കയറിയിട്ടില്ലാത്ത കഴുത കുട്ടി വിനീതത്വത്തിന് പ്രതീകമാണ്. ‘സീയോൻ പുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക; യെരൂശലേംപുത്രിയേ, ആർപ്പിടുക! ഇതാ, നിന്റെ രാജാവു നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനും ആയി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറിവരുന്നു’ (സെഖര്യാവ് 9:9) എന്ന പ്രതിപാദ്യം കഴുതപ്പുറത്തേറിവരുന്ന വിനീത രാജ്യത്വത്തിന്റെ പ്രതീകമാണ്. ക്രിസ്തു രാജത്വത്തിന്റെ മുഖമുദ്ര അധികാരവും അടിച്ചമർത്തലുമല്ല സമാധാനവും നിഷ്കളങ്കതയും ആണ്. തളിരിലകളും കുരുത്തോലകളും ഓശാന പെരുന്നാളിൽ നാം ദർശിക്കുന്ന പ്രകൃതിയുടെ നിഷ്കളങ്കതയുടെ പ്രതീകമാണ്.

ഊരി വിരിച്ച വസ്ത്രങ്ങളും നിഷ്കളങ്ക സ്തുതികളും ഒരുവന്റെ സമർപ്പണത്തിന്റെയും സ്തോത്രത്തിന്റെയും പ്രതീകമാണ്. ദൈവസന്നിധിയെ സമീപിക്കുന്ന ഏതൊരുവനും ഉണ്ടാകേണ്ട നിഷ്കളങ്കതയാണ് ഓശാനപ്പെരുന്നാളിൽ ആഘോഷിക്കപ്പെടുന്നത്. ❑

Our Lord Needs It



Hosanna Sunday: St. John 12:12-19
St. Mark 11:1-18 (Blessing of the Palm leaves)
St. Luke 19:28-40 (Procession)

Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

When the Lord Jesus reached the vicinity of the Mount of Olives during his journey to Jerusalem, he sent two of his disciples. He told them: "Go into the village opposite you. As you enter it, you will find a donkey tied there, on which no one has ever sat. Untie it and bring it here. If anyone asks you, 'Why are you doing this?' say, 'The Lord has need of it.' He will send it here immediately."

Just as Jesus had said, the disciples went and found a donkey tied at a door outside in the street. They untied it. When some of those standing there asked, "Why are you untying it?" they answered as Jesus had told them. They brought the donkey to Jesus and threw their garments over it, and Jesus sat upon it. Many people spread their cloaks on the road.

The qualification of the donkey used by Jesus for his journey was that "no human had ever sat upon it." This signifies the purity of the donkey intended for the Lord's journey. Animals used for holy purposes must not have been used for anything else previously. Similarly, animals used for the travels of kings should not have been used by anyone else (Numbers 19:2, 1 Samuel 6:7). Secondly, it was a "tied donkey." The prophet Zechariah had prophesied about the King of Zion coming while riding on a donkey (Zechariah 9:9).

The Lord has need of it

The Lord Jesus sent two disciples to the village opposite them to bring a donkey worthy of His entry into Jerusalem as King. That village was Bethphage. The disciples were sent to untie the tied donkey. When we, who are tied by the bonds of sin, are untied from those bonds, Christ has need of us. Therefore, having been released from the bonds of sin, we must surrender ourselves for the fulfillment of Christ's plan.

After the donkey was brought, the disciples spread their garments on its back and sat Jesus upon it. Furthermore, they spread their clothes on the road. These actions signified that Jesus is King and that He was entering as a King crowned with victory. While earthly kings usually travel on horseback, Jesus enters the city as King riding on a donkey. Jesus fulfilled the prophecy regarding the Messiah-King coming on a donkey (Malachi 3:1). Jesus comes as a humble King of Peace. The entire multitude of disciples received Him with joy. At the end of the journey, the disciples welcomed Him into Jerusalem.

By riding on a donkey, Jesus was proclaiming that He is indeed the Messiah-King who was to come according to the vision of Zechariah. This was the first time the Lord used a beast of burden for transport. While worldly kings use horses when going to war and such, the Lord, who came to end war and speaks peace to the nations, establishes peace by coming on a donkey, which is not suited for war. The donkey is a symbol of humility.

The people gave the Lord, who came riding on a donkey, a welcome befitting a king. It was customary to spread garments on the way to honor kings and others (2 Kings 9:13) and to use palm branches and such during joyous occasions (Leviticus 23:40). Although the Lord had entered Jerusalem many times before, such preparation and arrangements were happening for the first time. St. John the Apostle mentions the reason for this: the event of raising Lazarus from the dead had greatly increased the people's reverence for Jesus.

Blessed is the King who comes in the Name of the Lord

The community of people approached the city as a procession. When they reached the slopes of the Mount of Olives, the whole multitude of disciples began to praise God regarding all the miraculous deeds they had seen. The crowd of people who saw the miraculous deeds Jesus performed evaluated Him as a Prophet. But to the disciples, He is the promised King.

That is why the whole multitude of disciples sang: "Blessed is the King who comes in the name of the Lord." That is, throughout Jesus' ministry, from Galilee until Jerusalem, the disciples saw all the things He did, revealing that He is the Blessed King who comes in the name of the Lord. As He sent them, and as God performed miracles through them, they praised God.

The praise "Blessed is He who comes in the name of the Lord" is found in Psalm 118:26. Psalm 118 is a pilgrimage Psalm. It was used to proclaim the Kingship of Jesus. Jesus is the one who comes fulfilling the things God promised through prophecies. He is the Messiah King. It is very meaningful that the disciples quoted the 118th Psalm during the procession to receive Jesus. The one who comes in the name of the Lord is the Messiah. Therefore, this Psalm used to be sung during the Feast of Tabernacles. Waves of joy and shouting rose from the multitude of disciples because the Messiah is coming in fulfillment of prophecy.

Jesus himself, who comes in the name of the Lord, has proven through all the mighty deeds they saw that He is the Messiah. Jesus came to earth as God's gift of peace. Throughout His service, He gave peace. When His service is completed and He offers His soul, the ministry of peace will be fulfilled. That is why He comes to Jerusalem sitting on a donkey as the King of Peace. Because of this, the whole multitude of disciples rejoiced and sang: "Peace in heaven, and glory in the highest."

When Jesus is crucified as King at Golgotha, which means "Place of the Skull" in Jerusalem, and offers His soul, the ministry that establishes peace between earth and heaven will be completed. Towards that, the whole multitude of disciples rejoiced and received Jesus. The crowd of people who had come for the festival, hearing that the Lord Jesus was coming to Jerusalem, took palm branches and went out to meet Him. They shouted: "Hosanna! Blessed is the King of Israel who comes in the name of the Lord!" "Daughter of Zion, do not fear; behold, your King is coming, sitting on a donkey's colt", the fulfillment of the prophecy written here is completed. The meaning of the word Hosanna (Oshana) is "Save us, please." It was a custom of the Jews during festivals like the Feast of Tabernacles to use palm leaves and branches of trees and sing "Hosanna" with the meaning "O God, save us." As we participate in this festival, holding palm leaves, let us sing loudly with the prayer: "O Lord, use me too as a vehicle forever," and "Blessed is He who comes in the name of the Lord." ❑



മലങ്കരസഭയുടെ വിവാഹ സഹായം വിതരണം ചെയ്തു

കോട്ടയം : വിവാഹ ജീവിതത്തിൽ പണമല്ല പരസ്പര സ്നേഹവും കരുതലും മാനദണ്ഡമാകണമെന്ന് മലങ്കരസഭാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ. സഭയുടെ വിവാഹ സഹായ പദ്ധതിയുടെ ഭാഗമായി ജാതിമതഭേദമെന്യേ നിർദ്ധനാരായ യുവതികൾക്കുള്ള ധനസഹായം വിതരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു പരിശുദ്ധ കാതോലിക്കാ ബാവാ.

വിവാഹ സഹായ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന 40 കുടുംബങ്ങൾക്ക് സഹായം കൈമാറി. 50 ലക്ഷം രൂപയാണ് പദ്ധതിക്കായി സഭ വകയിരുത്തിയിരിക്കുന്നത്. മലങ്കരസഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടന്ന ചടങ്ങിൽ സമിതി പ്രസിഡന്റ് യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. അത്മായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, വിവാഹ സഹായ സമിതി കൺവീനർ എ. കെ. ജോസഫ്, പി. എം. തോമസ്, ജോൺസൺ കല്ലട, മാത്യു പി.ജി, കുര്യൻ ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.





മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കാതോലിക്കാ ദിനാഘോഷത്തിൽ മലങ്കരസഭാംഗം പ്രശസ്ത ചലച്ചിത്ര താരം അജു വർഗീസിന് പരിശുദ്ധ കാതോലിക്കാ ബാവാ മൊമെന്റൊ സമ്മാനിക്കുകയും ഡോ. ഗീവർഗീസ് യൂലിയോസ് പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു.



പാമ്പാടി തിരുമേനിയുടെ 61-ാം ഓർമ്മപ്പെരുന്നാൾ ഏപ്രിൽ 5, 6 തീയതികളിൽ

കോട്ടയം: പാമ്പാടി തിരുമേനിയുടെ 61-ാമത് ഓർമപ്പെരുന്നാളിനോടനുബന്ധിച്ചുള്ള പന്തലിന്റെ കാൽനാട്ട് പാമ്പാടി ദയറയിൽ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമികത്വത്തിൽ നടത്തി. ദയറാ മാനേജർ ഫാ. മാത്യു ഏബ്രഹാം, പെരുന്നാൾ കൺവീനർ ഫാ കുരുവിള പെരുമാൾ ചാക്കോ, ഫാ ജിതിൻ കുറിയാക്കോസ് എന്നിവർ സഹകാർമികത്വം വഹിച്ചു. 29-നു വൈകിട്ട് മൂന്നിന് മലങ്കരസഭാധ്യക്ഷൻ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ തിരുമേനിയും ഡോ. യൂഹാനോൻ മാർ ദിയസ്കോറോസും ചേർന്ന് ഓർമപ്പെരുന്നാളിന് കൊടിയേറ്റും.

മാർച്ച് 30 മുതൽ ഏപ്രിൽ 5 വരെയുള്ള ഹാശാ ശുശ്രൂഷകൾക്ക് പരിശുദ്ധ കാതോലിക്കാ ബാവാ പ്രധാന കർമികത്വം വഹിക്കും. 30-നു ഫാ. ഡോ. ഷാജൻ വർഗീസ്, 31-നു ഫാ. ഡോ. ബ്രിൻസ് മാത്യു, 1-നു ഫാ. ഡോ. അലക്സ് ജോൺ എന്നിവർ ധ്യാനം നയിക്കും. 2-നു 2.30-നു കാൽ കഴുകൽ ശുശ്രൂഷ. കുന്നംകുളം പഴഞ്ഞി ഭാഗങ്ങളിൽ നിന്നുള്ള തീർഥാടകരെ 5-നു ഉച്ചയ്ക്ക് ഒന്നിന് ദയറായിലും ഇടുക്കി, കോട്ടയം, കാരാപ്പുഴ, കാസർകോട് ഭാഗങ്ങളിൽ നിന്നെത്തുന്ന തീർഥാടകരെ വൈകിട്ട് നാലിന് സെന്റ് ജോൺസ് കത്തീഡ്രലിലും സ്വീകരിക്കും. 5.30-ന് കത്തീഡ്രലിൽ നിന്നും ദയറായിലേക്ക് പ്രദക്ഷിണം. 6 മണിക്കു പരിശുദ്ധ കാതോലിക്കാബാവായുടെ മുഖ്യകാർമികത്വത്തിൽ സന്ധ്യാനമസ്ക്കാരം. തുടർന്ന് അനുസ്മരണ പ്രസംഗം ഫാ. ഡോ. തോമസ് വർഗീസ് അമയിൽ.

6-നു പുലർച്ചെ 5 മണിക്ക് കുർബാന ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്. 8 മണിക്ക് പരിശുദ്ധ കാതോലിക്കാ ബാവായുടെ മുഖ്യകാർമികത്വത്തിൽ മൂന്നിന്മേൽ കുർബാന. 10-ന് കബറിടത്തിൽ ധൂപ പ്രാർഥന, പ്രദക്ഷിണം. ശ്ലൈഹിക വാഴ്, നേർച്ചവിളമ്പ്. ക്രമീകരണങ്ങൾക്ക് ഡോ. യൂഹാനോൻ മാർ ദിയസ്കോറസ് മെത്രാപ്പോലീത്താ, ദയറ മാനേജർ ഫാ. മാത്യു ഏബ്രഹാം, ഫാ.ഗീവർഗീസ് മാത്യു, ഭദ്രാസന സെക്രട്ടറി ഫാ. കെ. എം. സഖറിയ, ജനറൽ കൺവീനർ ഫാ. കുരുവിള പെരുമാൾ ചാക്കോ, ജോയിന്റ് കൺവീനർ ജോൺ കെ. കുര്യൻ എന്നിവർ നേതൃത്വം നൽകും.



മലങ്കര സുറിയാനി കത്തോലിക്ക സഭ തിരുവല്ല അതിരൂപത ഏർപ്പെടുത്തിയ ഫാ. മാത്യു ചെമ്പോത്തിനാൽ സമുറോ ദ് റൂഹോ (പരിശുദ്ധ റൂഹായുടെ ഓടക്കുഴൽ) പ്രഥമ അവാർഡിന് ഫാ. എം. പി. ജോർജ് കോർഎപ്പിസ്കോപ്പ അർഹനായി. മേജർ ആർച്ച്ബിഷപ്പ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് 25,000 രൂപയും ഫലകവും അടങ്ങിയ അവാർഡ് സമ്മാനിച്ചു.



അങ്കമാലി ഭദ്രാസനത്തിലെ വൈദീക ധ്യാനം ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ നടന്നു.



കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (CUSAT) യിൽ നിന്നും ഫിസിക്സിൽ ഡോ. ഷാൻ എബ്രഹാം സാമിന് ഡോക്ടറേറ്റ് ലഭിച്ചു. പത്തനാപുരം സെന്റ് സ്റ്റീഫൻസ് മൗണ്ട് താബോർ ദയറാ ചാപ്പൽ അംഗം അകമുറ്റത്ത് പി. ഒ. സാമിന്റെയും സൂസൻ സാമിന്റെയും മകനാണ്. ഭാര്യ എയ്ഞ്ചൽ ചുങ്കത്തറ എം.പി.എം. ഹൈസ്കൂൾ അധ്യാപികയാണ്.



For More Information please contact : +919188940424



ബുധനൂർ സെന്റ് ഏലിയാസ് ഓർത്തഡോക്സ് ദേവാലയത്തിൽ വച്ച് നടന്ന ചെങ്ങന്നൂർ ഭദ്രാസന കാതോലിക്കാ ദിനാഘോഷത്തിൽ ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ ജീവകാരുണ്യ പദ്ധതിയായ മാർ അത്താനാസിയോസ് മെഡികെയർ പ്രോജക്ട് മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്തു. പരിശുദ്ധ ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ ആദ്യഘട്ട തുക തിരുവല്ല തഹസിൽദാർ ജോബിൻ കെ. ജോർജിന് കൈമാറി ചികിത്സ സഹായധന വിതരണം ഉദ്ഘാടനം നിർവഹിച്ചു.

പരുമല ആശുപത്രിക്ക് ദേശീയ അംഗീകാരം

തിരുവല്ല: മികച്ച ചികിത്സയ്ക്കൊപ്പം രോഗനിർണ്ണയത്തിലും മികച്ച സേവനം ഉറപ്പാക്കി പരുമല സെന്റ് ഗ്രിഗോറിയോസ് മിഷൻ ആശുപത്രി. ആശുപത്രിയിലെ ലബോറട്ടറി വിഭാഗത്തിന് ഗുണനിലവാരത്തിനുള്ള ദേശീയ അംഗീകാരമായ NABL (National Accreditation Board for Testing and Calibration Laboratories) അക്രഡിറ്റേഷൻ ലഭിച്ചു. ലബോറട്ടറി പരിശോധനാ ഫലങ്ങളിലെ കൃത്യതയ്ക്കും അന്താരാഷ്ട്ര നിലവാരത്തിലുള്ള സേവനങ്ങൾക്കും ലഭിച്ച ഔദ്യോഗിക അംഗീകാരം കൂടിയാണിത്.

SDOF ന്റെ മുഖപത്രത്തിന് പേര് നിർദ്ദേശിക്കുവാൻ അവസരം

സെൻറ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് (SDOF) ഒരു ഓൺലൈൻ മുഖപത്രം പ്രസിദ്ധീകരിക്കുന്നു. സംഘടനയുടെ ആത്മീയതയും, പ്രവർത്തന തനിമയും, അംഗങ്ങളുടെ സൃഷ്ടിപരമായ കഴിവുകളും പ്രതിഫലിപ്പിക്കുന്ന തരത്തിലുള്ള ഒരു മുഖപത്രം രൂപപ്പെടുത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

ഈ പ്രസിദ്ധീകരണത്തിന് ഒരു സാർത്ഥകവും ശ്രദ്ധേയവുമായ പേര് നിർദ്ദേശിക്കുന്നതിനായി എല്ലാ യൂണിറ്റുകളുടെയും അംഗങ്ങളുടെയും സഹകരണവും പങ്കാളിത്തവും അഭ്യർത്ഥിക്കുവാൻ കഴിഞ്ഞ ദിവസം ചേർന്ന എഡിറ്റോറിയൽ ബോർഡ് യോഗം തീരുമാനിച്ചു.

നിങ്ങൾ നിർദ്ദേശിക്കുന്ന പേര്: സംഘടനയുടെ ആത്മാവിനും ലക്ഷ്യങ്ങൾക്കും അനുയോജ്യമായതായിരിക്കണം. ലളിതവും ഓർമ്മിക്കപ്പെടുന്നതുമായിരിക്കണം. ആത്മീയവും സാംസ്കാരികവുമായ മഹത്വം പ്രതിഫലിപ്പിക്കുന്നതായിരിക്കണം. യൂണിറ്റുകളായോ വ്യക്തിപരമായോ പേരുകൾ നിർദ്ദേശിക്കാവുന്നതാണ്.

നിർദ്ദേശങ്ങൾ: 2026 ഏപ്രിൽ 5 ഞായറാഴ്ച 5 മണിക്ക് മുമ്പായി sdofglobal@gmail.com എന്ന ഇ മെയിൽ വഴി സമർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എഡിറ്റോറിയൽ ബോർഡ് മികച്ച നിർദ്ദേശം തിരഞ്ഞെടുക്കുകയും മുഖപത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്യും.

◆ നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല. **- പ. പരുമല തിരുമേനി**